

മാട്ടൂൽ ഗ്രാമപഞ്ചായത്ത്

9-ാം പദ്ധതി

ജനകീയ പദ്ധതി

വികസന റിപ്പോർട്ട് '96

മാട്ടൂൽ ഗ്രാമ പഞ്ചായത്ത്

WARD
I മടക്കര
II തെക്കുമ്പാട്
III കാവിലെപറമ്പ്
IV മാട്ടൂൽ നോർത്ത്
V മാട്ടൂൽ സെൻട്രൽ
VI മാട്ടൂൽ സൗത്ത്
VII മാട്ടൂൽ മൂന്നമ്പ്
VIII അഴീക്കൽ ചാൽ
IX മാട്ടൂൽ സെൻട്രൽ ചാൽ
X മാട്ടൂൽ ചാൽ
XI കക്കാടൻ ചാൽ
① അഴിമുഖം
② മാട്ടൂൽപുഴ
③ കണ്ണപുരം പഞ്ചായത്ത്
④ കല്ല്യാശ്ശേരി പഞ്ചായത്ത്
⑤ അഴീക്കോട് പഞ്ചായത്ത്
⑥ മാടായി പഞ്ചായത്ത്

140-5

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മാട്ടൂൽ ഗ്രാമപഞ്ചായത്ത്

001

വികസനസെമിനാർ
സമഗ്രവികസനരേഖ - 1996

002

"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ
ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ്
ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക"

-മഹാത്മാഗാന്ധി.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	–	മാട്ടൂൽ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	–	മാട്ടൂൽ
ബ്ലോക്ക് പഞ്ചായത്ത്	–	പയ്യന്നൂർ ബ്ലോക്ക്
താലൂക്ക്	–	കണ്ണൂർ
ജില്ല	–	കണ്ണൂർ
അസംബ്ലി മണ്ഡലം	–	അഴീക്കോട്
വിസ്തീർണ്ണം	–	12.82 ച.കി.മീ.

അതിരുകൾ:

കിഴക്ക്	–	കണ്ണപുരം, കല്ല്യാശ്ശേരി പഞ്ചായത്തുകൾ
വടക്ക്	–	മാടായി ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	–	അറിബിക്കടൽ
തെക്ക്	–	അറബിക്കടൽ – വളപട്ടണം പുഴ അഴിമുഖം.

ജനസംഖ്യ	–	24262
പുരുഷൻമാർ	–	11653
സ്ത്രീകൾ	–	12609
പട്ടികജാതി പട്ടികവർഗ്ഗം:		
പുരുഷൻമാർ	–	522, സ്ത്രീകൾ 549 (1991 സെൻസസ്)
വാർഡുകൾ	–	11

പ്രസിഡന്റിന്റെ പേര് – ജനാബ് പി.പി.കെ. മഹമൂദ്
വൈസ് പ്രസിഡന്റിന്റെ പേര് – ജനാബ് പി.സി. മൂസ്സ ഹാജി.
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ – ജനാബ് കെ.വി. മുഹമ്മദ് അലി.

00+

ഭരണചരിത്രം:

മാട്ടൂൽ പഞ്ചായത്തിലെ മുൻകാല പ്രസിഡന്റുമാരും അവരുടെ ഭരണകാലയളവും

6-1-1955 മുതൽ 28-4-1959	ജനാബ് എ. അബ്ദുൽ റസ്സാഖ് ഹാജി.
29-4-1959 മുതൽ 29-3-1962	" • സീരെവീട്ടിൽ കുഞ്ഞമ്മദ്
1-4-1962 മുതൽ 22-12-1963	സെപഷ്യൽ ആഫീസർ
23-12-1963 മുതൽ 27-3-1972	" ഇ.കെ. അബൂബക്കർ
7-7-1972 മുതൽ 30-7 1979	" കെ.പി. അബ്ദുൽ ഖാദർ
28-9-1979 മുതൽ 25-4-1984	" കെ.കെ. അബ്ദുൽ കരീം ഹാജി
26-4-1984 മുതൽ 8-2-1986	ഉദ്യോഗസ്ഥഭരണം
9-2-1988 മുതൽ 30-9-1995	" പി.പി. കെ. മഹമൂദ്.

മാട്ടൂൽ പഞ്ചായത്തിലെ ആദ്യത്തെ ഗവ. ഉദ്യോഗസ്ഥൻ: ജനാബ് എം.വി. അബ്ദുള്ള



മാട്ടൂൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി

ജനാബ്: പി.പി.കെ. മഹമൂദ്
പ്രസിഡന്റ്



ജനാബ്: പി.സി. മൂസ്സഹാജി
വൈസ് പ്രസിഡന്റ്



ജനാബ്:കെ.വി. മുഹമ്മദ് അലി
ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രീ. എ.വി. ബാലൻ	മെമ്പർ
,, പി.വി. അബൂബക്കർ	,,
ശ്രീമതി ടി.കെ.വി. ബുഷ്റ	,,
,, കെ.വി. ശാരദ	,,
,, സേമാൻ ബീഫാത്തു	,,
ശ്രീ. കെ.ടി. അബ്ദുൽ സലാംഹാജി	,,
ശ്രീമതി. ഐവി ജോർജ് തെക്കൻ	,,
ശ്രീ. ടി. മാധവൻ	,,

006

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

ഇ. കുഞ്ഞാമു സാഹിബ്
കെ.എസ്. രാമചന്ദ്രൻ
എം.പി. മുഹമ്മദ് അഷ്റഫ്.
സി.വി. മായിൻകുട്ടിഹാജി
പി.സി. അബ്ദുൽ ഗഫൂർ
കെ.എം.നിസാമുദ്ധീൻ
കെ.വി. സത്യപാലൻ
കെ. ലക്ഷ്മണൻ
എ.സി. നുഅ്മാൻ
കെ.വി. ഹനീഫ്
ഫാദർ ടി.വി. ജോൺ
ടി.പി. ഹംസ്സ
കെ. ഗണേശൻ
വി.എൽ. ജോക്കി
പി.പി. മുഹമ്മദ് കുഞ്ഞി
ടി.കെ. അബ്ദുള്ള മാസ്റ്റർ
വി.വി. മുഹമ്മദ് സിദ്ധീഖ്
എം.എം. വി. റഊഫ്.
കെ.പി. ജോൺമാസ്റ്റർ
എം.വി. സഹദേവൻ
ടി.എ. ജോസ്
എ. അബ്ദുൽ സലാം
ഇ.കെ.പി. സുബൈർ
പി.വി. ജയകൃഷ്ണൻ
കെ. ഭാർഗ്ഗവൻ
ഇ. നാരായണൻ
ടി.പി. ഹരിഹരൻ
കെ.പി. പുഷ്കരൻ
പി.വി. പ്രസന്ന
ടി. കൗലത്ത്
എ.സി.അബ്ദുൽ റഹ്മാൻ
പി.കെ.എ. മുസ്തഫ
പി.വി. അൻവർ.
കെ.എം. മുത്തലിബ്.

പഞ്ചായത്തിലെ സർക്കാർ ആഫീസുകളും സ്ഥാപനങ്ങളും
(വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ)

കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ:

- ടെലഫോൺ എക്സ്ചേഞ്ച് മാട്ടൂൽ
- മാട്ടൂൽ തപാലാഫീസ്
- മാട്ടൂൽ നോർത്ത് തപാലാഫീസ്
- തെക്കുമ്പാട് ബ്രാഞ്ച് തപാലാഫീസ്

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ:

- ഗവ. ആശുപത്രി മാട്ടൂൽ
- ഗവ. ആയൂർവേദ ആശുപത്രി മാട്ടൂൽ
- ഗവ. ഹോമിയോ ഡിസ്പെൻസറി മാട്ടൂൽ
- കുടുംബക്ഷേമ കേന്ദ്രം.
- കൃഷിഭവൻ.
- വില്ലേജ് ഓഫീസ്.
- ഐ.സി.ഡി.പി. സബ് സെന്റർ
- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
- കെ.എസ്.ഇ.ബി.ഡിസ്ട്രിബ്യൂഷൻ ഓഫീസ്
- കേരളാവാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷൻ മാട്ടൂർ സൗത്ത്.
- മാട്ടൂൽ പഞ്ചായത്ത് ശുദ്ധജലവിതരണ പമ്പിംഗ് സ്റ്റേഷൻ
- കേരളാ വാട്ടർ അഥോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷൻ -തെക്കുമ്പാട്.

003

ആമുഖം

ബ്രിട്ടീഷ് ഭരണകൂടത്തിന്റെ കരാള ഹസ്തങ്ങളിൽ നിന്ന് ഭാരതം മോചനം നേടിയിട്ട് 49 വർഷം പിന്നിട്ടുവെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുന:സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നമുക്കായിട്ടില്ല. ''ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ'' എന്ന ജനാധിപത്യ സ്വപ്നം തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഒതുക്കി നിർത്താതെ അധികാരം ജനാധിപത്യ പ്രക്രിയയുടെ അടിസ്ഥാന ഘടകമായ ജനങ്ങളിലേക്ക് ഒഴുകിയെത്തുകയാണ് പഞ്ചായത്ത് രാജ് നിയമങ്ങളിലൂടെ.

വികസനത്തിന്റെ പേരിൽ ഇക്കഴിഞ്ഞ 49 വർഷത്തിനിടയ്ക്ക് കോടിക്കണക്കിന് രൂപ മുടക്കിയിട്ടുണ്ടെങ്കിലും അതിന്റെ ഗുണങ്ങൾ സാധാരണ ജനങ്ങളിൽ ഏറെയൊന്നും ലഭ്യമായിട്ടുണ്ടെന്ന് തോന്നുന്നില്ല എന്നതാണ് വസ്തുത. ഭരണഘടന 73,74 ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തിലും ഘടനയിലും മാറ്റം വരുത്തുകയാണ്.

ആസൂത്രണം എന്ന ആശയത്തിന് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ജനകീയാസൂത്രണത്തിന് നല്ല ഭാവിയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒമ്പതാം പഞ്ചവത്സര പദ്ധതി ജനങ്ങൾക്ക് വേണ്ടി നിർമിക്കപ്പെടുന്ന ഒരു ജനകീയ പദ്ധതി മാത്രമല്ല,ജനങ്ങൾ തന്നെ ഗ്രാമതലത്തിൽ നിന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ സംസ്ഥാനതലത്തിലുള്ള സാക്ഷാത്കാരമാണ്. ഗ്രാമസഭകളുടെയും വാർഡു കമ്മറ്റികളുടെയും സന്നദ്ധ സംഘടനകളുടെയും സജീവ പങ്കാത്തളിത്തോടെ ആസൂത്രണത്തെ ജനകീയമാക്കി മാറ്റിയെടുക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യസമ്പത്ത്, പ്രകൃതിവിഭവങ്ങൾ, പരമ്പരാഗത സാങ്കേതികജ്ഞാനം, ഓരോ പ്രദേശത്തെയും തനതായ ആവശ്യങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട് രൂപപ്പെടുത്തുന്ന

ആസൂത്രണ സമ്പ്രദായത്തിന് മാത്രമെ വിജയത്തിലെത്താൻ കഴിയൂ.

വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ സൗഹൃദവും ഐക്യവും ഊട്ടി വളർത്തി നിരക്ഷരരെ സാക്ഷരരാക്കി ഏകോദരസഹോദരങ്ങളെപ്പോലെ ഒത്തൊരുമയോടെ ഗ്രാമവികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കിക്കൊണ്ട് സ്വാതന്ത്ര്യത്തിന്റെ മഹത്വം കാത്ത്സൂക്ഷിക്കാൻ പ്രാപ്തരാക്കി മാറ്റാൻ നമ്മുടെ ഗ്രാമസഭകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും കഴിയണം. എന്നാലേ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സ്വപ്നം കണ്ട ഗ്രാമസ്വരാജ് പൂർണമാകൂ.

1996 സെപ്തംബർ 20-ാം തീയതിമുതൽ 30-9-1996 വരെയുള്ള അവധിദിവസങ്ങളും ഞായറാഴ്ചകളും വിനിയോഗിച്ച് കൂടിയ ഗ്രാമസഭകളിൽ ജനം ജനത്തിന് വേണ്ടി നടത്തുന്ന ആസൂത്രണത്തിന്റെ ആഹ്ളാദ തിമിർപ്പ് പ്രകടമായിരുന്നു. ഉൽപന്നങ്ങളുടെയും, വിഭവങ്ങളുടെയും സാധ്യതകളുടെയും ആവശ്യങ്ങളുടെയും പട്ടിക നിരത്തി അവർ ആഹ്ളാദം പങ്കിട്ടു. ഗ്രാമതലത്തിൽ കൃഷി,ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വിദ്യാഭ്യാസം തുടങ്ങി 12 വിഷയങ്ങളിലും പ്രത്യേക ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ പ്രശ്നത്തെയും അതിന്റെ സാധ്യതകളെയും ആഴത്തിൽ പഠിച്ച് ജനകീയതലത്തിൽ രൂപപെടുത്തിയ റിപ്പോർട്ടുകൾക്ക് പുറമെ പഞ്ചായത്തിലെയും സമീപപ്രദേശങ്ങളിലേയും തലമുതിർന്ന കാരണവന്മാരായ അങ്ങേത്ത് അബ്ദുള്ള (102 വയസ്) പി.പി.മുഹമ്മദ് കുഞ്ഞി മുക്രി (99 വയസ്) കെ.പി അബ്ദുള്ള മാസ്റ്റർ (98 വയസ്). കേരളലളിതകലാ അക്കാഡമി അവാർഡ് നേടിയ സർവ ശ്രീ. കാഞ്ഞൻ പൂജാരി, ജനാബ് പിസി അബ്ദുൾഖാദർ ഹാജി ഇടച്ചേരിയിൽ ഫ്രാൻസീസ് എന്നിവരിൽ നിന്നും ലഭിച്ച വിവരങ്ങളും പഴമക്കാർ, ഗവേഷകർ, ബഹുജനപ്രസ്താന പ്രവർത്തകർ, വിവിധ പ്രസിദ്ധീകരണങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏറെ സഹായകമായിട്ടുണ്ട്.

പുതിയ വെല്ലു വിളികളെ നേരിടാനുള്ള ആസൂത്രിതമായ പ്രവർത്തനങ്ങളിലേക്കാണ് നാം നീങ്ങേണ്ടത്. ഈ വെല്ലുവിളികളെ നേരിടുന്നതിനുള്ള കരുത്താർജ്ജിച്ചുകൊണ്ട് മാട്ടൂൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗ്രാമവികസന റിപ്പോർട്ട് ജനസമക്ഷം സമർപ്പിക്കുന്നു.

മാട്ടൂൽ ഗ്രാമപഞ്ചായത്ത് ചരിത്രം

010

ഇബ്നു ബത്തൂത്തയുടെ – മാത്വൂൽ !

ചരിത്ര പണ്ഡിതനും ലോക സഞ്ചാരിയുമായിരുന്ന ഇബ്നു ബത്തൂത്തയുടെ നാവിൽനിന്നും പിറന്നുവീണ മാത്വൂൽ (എന്തൊരു നീളം!) എന്ന അറബി പദത്തിൽ നിന്നാണ് മാട്ടൂൽ എന്ന നാമത്തിന്റെ ഉത്ഭവം. പേര് അന്വർത്ഥമാക്കുന്നതരത്തിൽതന്നെ ഏഴര കിലോ മീറ്റർ നീളത്തിൽ നീണ്ടുകിടക്കുന്ന ഒരു കടലോരഗ്രാമമാണ് മാട്ടൂൽ.

മാട്ടൂലിന്റെ ചരിത്രത്തിന് ഇബ്നു ബത്തൂത്തയോളം തന്നെ പഴക്കമുണ്ടെന്ന് പറയാം. അന്ന് അറബിക്കടലിന്റെയും വളപട്ടണം പുഴയുടെയും ഇടയിൽ ഏഴര കി.മീ. നീളത്തിൽ കാട് നിറഞ്ഞു നിന്ന ഒരു മാട് മാത്രമായിരുന്നു മാട്ടൂൽ. ഈ വീജനമായ പ്രദേശം മുഴുവൻ കാൽ നാടയായി ആ അറബി ചരിത്ര പണ്ഡിതൻ നടന്നു കണ്ടു രേഖപ്പെടുത്തിയിരുന്നു.

പഴയ ചിറക്കൽ താലൂക്കിലെ ഈ പ്രദേശം മദ്രാസ് സംസ്ഥാനത്തിലെ മലബാർ ഡിസ്ട്രിക്ടിൽ ഉൾപ്പെട്ടിരുന്നു. ഐക്യകേരള പിറവിക്കുശേഷം കണ്ണൂർ ജില്ലയിലേക്കും കണ്ണൂർ താലൂക്കിലേക്കും ഉൾപ്പെടുകയായിരുന്നു.

പടിഞ്ഞാറുഭാഗം അറബിക്കടലും കിഴക്ക് വളപട്ടണംപുഴയും തെക്ക് അഴീമുഖവും വടക്ക് മാടായി പഞ്ചായത്ത് പ്രദേശവും അതിരിടുന്ന ഈ പ്രദേശം ഒരു ഉപദ്വീപാണ്. 1964 ലെ വില്ലേജ് പുനഃസംഘടനയെ തുടർന്ന് ഒരു ദ്വീപായ തെക്കുംമ്പാട്, മടക്കര പ്രദേശങ്ങളും കൂടി ഗ്രാമ പഞ്ചായത്തിൽ ഉൾകൊള്ളിച്ചാണ് ഇന്നത്തെ മാട്ടൂൽ ഗ്രാമപഞ്ചായത്ത് പരിധിയുണ്ടാവുന്നത്. പഴയകാലം മുതൽതന്നെ വളപട്ടണം പുഴയുടെയും അറബിക്കടലിന്റെയും സംഗമ സ്ഥലമായ മാട്ടൂൽ അഴിമുഖത്ത് നിന്നും നാളികേരവും മര ഉരുപ്പടികളും വൻതോതിൽ കയറ്റി അയക്കുമായിരുന്നു. ഇത് മിക്കവയും ബോംബെ കറാച്ചി തുടങ്ങിയ തുറമുഖ പട്ടണങ്ങളിലേക്കായിരുന്നു. മരവ്യവസായം വഴി വളപട്ടണം പ്രശസ്തമായതോടുകൂടി മാട്ടൂൽ അഴിമുഖവും പ്രശസ്തവും തിരക്കുപിടിച്ചതുമായി. ഇതിനുള്ള പ്രധാന കാരണം അന്നത്തെ അവസ്ഥയിൽ റോഡ് – റെയിൽ ഗതാഗതത്തേക്കാൾ പ്രധാന്യം ജല ഗതാഗതത്തിന് ഉപയോഗിക്കപ്പെട്ടു എന്നുള്ളതാണ്. 'ഉരു' 'മഞ്ചു' എന്നീ പേരിൽ അറിയപ്പെടുന്ന പത്തേൻമാരി വഴിയാണ് കൂടുതൽ കയറ്റിറക്കുമതികൾ നടന്നത്. ഇറക്കുമതി ചെയ്യപ്പെടുന്നവയിൽ മംഗലാപുരത്തുനിന്നുള്ള ഓടുകളായിരുന്നു. ഇത് വീട് മേയുന്നതിനുള്ള ആവശ്യത്തിലേക്കായി ഉപയോഗിച്ച് വന്നിരുന്നു.

ഈ പ്രദേശത്തുനിന്നും കൂടുതലായും കയറ്റി അയക്കപ്പെട്ടിരുന്നത് നാളികേരവും അതിന്റെ ഉപോൽപന്നമായ ചൂടി, ചിരട്ടക്കരി, ചികിരി എന്നിവയുമായിരുന്നു. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരത്തിനു പുറമെ ഇന്നത്തെ കാസർഗോഡ് ജില്ലയിൽ ഉൾക്കൊള്ളുന്ന പടന്ന, ചെറുവത്തൂർ, തുരുത്തി, നീലേശ്വരം പ്രദേശത്തുനിന്നും സമീപ പ്രദേശങ്ങളായ മുട്ടം പുതിയങ്ങാടി എന്നിവിടങ്ങളിൽനിന്നും നാളികേരം സംഭരിച്ച് അഴിമുഖം വഴി ഗുജറാത്തിലേക്കും മഹാരാഷ്ട്രയിലേക്കും കയറ്റി അയക്കുകയും ചെയ്യുമായിരുന്നു.

ഈ പ്രദേശത്തെ ഏറ്റവും വലിയ പരമ്പരാഗത കുടിൽ വ്യവസായം ആയ 'ചൂടിപിരി' വഴി നിർമ്മിച്ചിരുന്ന 'കൊയിലാണ്ടി ചൂടി' 'കടയണിചൂടി' എന്നിവയും നല്ലതോതിൽ കയറ്റി അയക്കപ്പെട്ടിരുന്നു. അതുപോലെ ചിരട്ടകത്തിച്ചുണ്ടാക്കുന്ന ചിരട്ടക്കരികളും നല്ലതോതിൽ ഉൽപാദിപ്പിക്കുകയും അന്യദേശങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തിരുന്നു. എന്നാൽ അതൊക്കെ ഇന്ന് പഴയ കാല പ്രതാപത്തിന്റെ ഓർമ്മകളായി. പ്രായമുള്ളവരുടെ മനസ്സിൽമാത്രം ഒതുങ്ങി നിൽക്കുന്നു.

ഇവിടെ പ്രധാന തൊഴിൽ മേകലകൾ മത്സ്യബന്ധനവും കൃഷിയുമായിരുന്നു. നാടൻ വള്ളങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനമായിരുന്നു കൂടുതൽ നടന്നിരുന്നത്. ഇതുവഴി ലഭിക്കുന്ന മത്സ്യങ്ങളിൽ പ്രാദേശിക ആവശ്യങ്ങൾകഴിച്ച് ബാക്കിയുള്ളവ ഉണക്കിയും വളമായും ഉപയോഗിച്ചുവന്നിരുന്നു. ഈ മേഖലയിൽ ധാരാളം പേർ തൊഴിൽ ചെയ്തിരുന്നു. മത്സ്യം ഉണക്കുന്നതിനാവശ്യമായ ഉപ്പ് തൂത്തുക്കുടിയിൽനിന്നും ഇറക്കുമതി ചെയ്യുമായിരുന്നു. കാർഷിക മേഖലയിൽ നെല്ല്, ധാന്യവിളകൾ, പച്ചക്കറി, തെങ്ങ് എന്നിവയായിരുന്നു. മുഖ്യമായ കൃഷി. ഇന്ന് നാടൻ വള്ളങ്ങൾക്കുപകരം യന്ത്രവൽകൃത ബോട്ടുകളുംഔട്ട്ഡോർഎൻജിനുകൾ ഘടിപ്പിച്ച തോണികളുമാണ് മത്സ്യബന്ധനത്തിനുപയോഗിച്ചു വരുന്നത്. പഴയ കാലവുമായി തുലനം ചെയ്യുമ്പോൾ ഇന്ന് വളരെ ചെറിയ ഒരു ശതമാനം മാത്രമേ ഈ മേഖലയിൽ തൊഴിൽ തേടുന്നുള്ളു.

ഈ പ്രദേശത്തെ ഭൂമിയിൽ ഏറിയ പങ്കും പ്രശസ്തമായ അറക്കൽ രാജവംശത്തിന്റെയും ചിറക്കൽ കോവിലകത്തിന്റെയും കൈവശമായിരുന്നു. അറക്കൽ രാജവംശത്തിന് വേനൽ കാലസുഖവാസത്തിനായി മാട്ടൂൽ സെൻട്രലിൽ ഒരു ബംഗ്ലാവ് ഉണ്ടായിരുന്നു. അറക്കൽ രാജാക്കൻമാരിൽ പ്രസിദ്ധനും മദിരാശി ലജിസ്ലേറ്റീവ് അസംബ്ലി അംഗവുമായിരുന്ന സുൽത്താൻ അബ്ദുറഹിമാൻ അലിരാജ അടക്കമുള്ളവർ ഈ ബംഗ്ലാവിൽ വേനൽക്കാല വാസത്തിനെത്തിയിരുന്നു. പിൻക്കാലത്ത് ഈ രണ്ട് കുടുംബത്തിൽനിന്നും പട്ടയമായും മറ്റും മാട്ടുലിലെ പല കുടുംബത്തിലേക്ക് ഭൂമിവന്നു ചേരുകയും ഭൂഉടമകളുമായി മാറുകയും ചെയ്തു. അന്ന് മാട്ടുലിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പച്ചപിടിച്ച നെൽവയലുകളും തെങ്ങിൻ തോപ്പുകളും മാത്രമായിരുന്നു. നെല്ലിന്റെ കാര്യത്തിൽ മിച്ചോൽപാദനകേന്ദ്രമായിരുന്ന മാട്ടുൽ ഇന്ന് നെൽവയലുകൾ നികത്തപ്പെട്ടതുകാരണം നെൽകൃഷിയുടെയും ധാന്യവിളകളുടെയും ഉൽപാദനത്തോത് ഗണ്യമായി കുറയുകയും കമ്മി ഉൽപാദന കേന്ദ്രമായി മാറുകയും ചെയ്തു.

തൊഴിൽ തേടുന്നതിനായി ആദ്യകാലങ്ങളിൽ സിങ്കപ്പൂർ, മലായി, ഇന്തോനേഷ്യ, ശ്രീലങ്ക, ബർമ്മ തുടങ്ങിയ നാടുകളിലേക്ക് എത്രയോ ആയിരങ്ങൾ ഈ പ്രദേശത്തുനിന്നും പോയിട്ടുണ്ടായിരുന്നു. അവിടങ്ങളിൽനിന്നും ലഭിച്ച വരുമാനം ഈ ഗ്രാമത്തിന്റെ ആദ്യകാല വളർച്ചയ്ക്ക് പ്രയോജനപ്പെട്ടിരുന്നു. എന്നാൽ ഈ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര സാമ്പത്തിക പ്രശ്നങ്ങൾ നിമിത്തം ആ വഴിയുണ്ടായ വിഭവങ്ങളിൽ ചോർച്ച സംഭവിച്ചതിനാൽ പുതിയ മേച്ചിൽ പുറങ്ങൾ തേടി യു.എ.ഇ, ഖത്തർ, കുവൈത്ത്, സൗദി അറേബ്യ, ഒമാൻ തുടങ്ങിയ ജി.സി.സി. രാഷ്ട്രങ്ങളിലേക്ക് ഇവിടുന്നുള്ള ജനങ്ങളുടെ തൊഴിൽ തേടിയുള്ള പ്രയാണം ആരംഭിച്ചു.

അതുവഴി ലഭിച്ച മാന്യമായ വരുമാന മാർഗ്ഗങ്ങൾ ഈ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനും ജനങ്ങളുടെ ജീവിത രീതിക്കും സാമൂഹ്യ സംസ്കാരിക മേഖലകളിലുള്ള എല്ലാവിധ ചലനങ്ങൾക്കും വളരെയധികം മാറ്റം വരിത്തി തീർത്തു. വികസനമോഹവും ആധുനിക ജീവിത സൗകര്യത്തിനുവേണ്ടിയുള്ള അന്വേഷണവും വിദ്യാഭ്യാസ നവോത്ഥാന പ്രവർത്തനത്തിന്റെ ആവശ്യകതയും ജനങ്ങളുടെ ചിന്തയിലേക്ക് കടന്നു വരാൻ മേൽ പറഞ്ഞ കാരണം ഒരു പരിധിവരെ സ്വീധീനിച്ചിരുന്നു.

മാട്ടൂൽ ഗ്രാമത്തിന്റെ പഴയക്കാലത്ത് ഏകയാത്ര മാർഗ്ഗം ജല ഗതാഗതമായിരുന്ന കടത്തുതോണികളും യാത്രാ ബോട്ടുകളുമായിരുന്നു. ഏകയാത്രാ അവലംബം സമീപനഗരവും ജില്ലാ ആസ്ഥാനവുമായ കണ്ണൂരുമായി ജനങ്ങൾക്ക് ബന്ധപ്പെടാനുള്ള മാർഗ്ഗം ബോട്ടു വഴി കപ്പക്കടവ് (അഴീക്കോട്) മുഖേനയോ മാത്രമായിരുന്നു. അവിടെനിന്നും കരമാർഗ്ഗം തരപ്പെടുത്തി നഗരത്തിൽ എത്തിച്ചേരാനുള്ള വിഷമതകൾ ഇന്നും പഴയതലമുറ അയവിറക്കുന്നു.

അന്ന് ഒരു രോഗിയേയോ മറ്റോ വിദഗ്ധ ചികിത്സയ്ക്ക് കൊണ്ടുപോവുക എന്നുള്ളത് ദുഷ്കരമായിരുന്നു. ഇവിടെയും അവലംബം യാത്രാതോണി തന്നെ. എഴുപത് കാലഘട്ടത്തിൽ മാത്രമാണ് കര മാർഗ്ഗമുള്ള യാത്രസൗകര്യം കൈവന്നത് ഇതുതന്നെ ജീപ്പ്, വേൻ തുടങ്ങിയ ചെറുവാഹനങ്ങൾ ആയിരുന്നു പിന്നെയും വർഷങ്ങൾ കഴിഞ്ഞാണ് ബസ് ഗതാഗതം ആരംഭിക്കുന്നത്. വർത്താ വിതരണ രംഗത്തും ഇന്ന് കാതലായ മാറ്റം ഈ ഗ്രാമത്തിന് കൈവന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ പാപ്പിനിശ്ശേരി തപാലാപ്പീസിന്റെ പരിധിയിൽ ആയിരുന്നു മാട്ടൂൽ. രണ്ടു ദിവസത്തിലൊരിക്കൽ പോസ്റ്റ്മേൻ കത്തുകളും മറ്റു തപാൽ ഉരുപ്പടികളുമായി ഇവിടെ എത്തുകയും വിതരണം നടത്തുകയുമായിരുന്നു പതിവ്. പുറത്തേക്കുള്ള കത്തുകൾ അഞ്ചൽകാരൻ സ്വീകരിച്ച് എത്തിക്കുകയുമായിരുന്നു. കുന്തത്തിൽമണി ഘടിപ്പിച്ച് അത് കുലുക്കിയാണ് അഞ്ചൽക്കാരൻ യാത്ര നടത്താറ്. ടെലഫോൺ സൗകര്യവും മാട്ടൂലിൽ ഇല്ല എന്നുതന്നെ പറയാം ആദ്യമായി ഈ സൗകര്യം ലഭ്യമായത് കല്ലിട്ടവളപ്പിൽ ഇബ്രാഹിം കുട്ടിയുടെ എണ്ണമില്ലിലായിരുന്നു. ഇത് കണ്ണൂർ എക്സ്ചേഞ്ചുമായി ബന്ധപ്പെട്ടായിരുന്നു. 1960ലാണ് മാട്ടൂൽ പോസ്റ്റാഫീസ് നിലവിൽ വന്നത് 1960ൽ മാട്ടൂൽ ടെലഫോൺ എക്സ്ചേഞ്ചും നിലവിൽ വന്നു.

വിദ്യാഭ്യാസ മേഘലയിൽ 1909ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ നടത്തിവന്നിരുന്ന മാട്ടൂൽ ബോർഡ് മാപ്പിള ബോയ്സ് എലമെന്ററി സ്കൂളായിരുന്നു ആദ്യ അംഗീകൃത പള്ളിക്കൂടം. തൊട്ടടുത്തുതന്നെ പട്ടികജാതികാർക്കുവേണ്ടി സർക്കാർ നേരിട്ടു നടത്തിയിരുന്ന ലേബർ സ്കൂളും പ്രവർത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ കാര്യങ്ങളിൽ ഉൽസുകരല്ലാത്ത ജനത പിന്നീട് ബോധവാന്മാരാവുകയും വിവിധ ഭാഗങ്ങളിലായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്താൻ പ്രയത്നിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മാട്ടൂൽ സൗത്ത് രീഫാഹിയ്യ എലമെന്ററി സ്കൂൾ-1921, ഹിന്ദു എൽ.പി.സ്കൂൾ 1926, സെൻട്രൽ മുസ്ലിം സ്കൂൾ 1931, എം.യു.പി.സ്കൂൾ 1941, മാട്ടൂൽ നോർത്ത് മാപ്പിള യു.പി. സ്കൂൾ 1931, മുനിറുൽ ഇസ്ലാം സ്കൂൾ തുടങ്ങിയവ ആദ്യകാലത്തുതന്നെ നിലവിൽ വന്നവയിൽ പെടുന്നു. ഇന്ന് വിദ്യാഭ്യാസ മേഖലയോടുള്ള ജനങ്ങളുടെ മനോഭാവത്തിനു പ്രകടമായ പുരോഗതി കൈവന്നിട്ടുണ്ട്. മാട്ടൂൽ സെൻട്രലിൽ ഒരു ഗവൺമെന്റ് ഹൈസ്കൂളും മാട്ടൂൽ നോർത്തിൽ ഒരു അൺ എയിഡഡ് ഗേൾസ് ഹൈസ്കൂളും പ്രവർത്തിക്കുന്നു. എന്നാൽ, ഉന്നത വിദ്യാഭ്യാസകാര്യത്തിൽ ഒന്നുംതന്നെ ഇവിടെയില്ല എന്നു പറയേണ്ടിയിരിക്കുന്നു. ആദ്യകാലത്ത് തന്നെ മദ്രസ്സാ പ്രസ്ഥാനത്തിന്റെ ശ്രമഫലമായി അറബി-മലയാളം ഭാഷയിൽ ഭൂരിപക്ഷം ജനങ്ങളും സാക്ഷരരാണ്. ഈ പ്രദേശത്തിലേക്ക് വൈദ്യുതി വെളിച്ചം കടന്നുവരുന്നത് 1960 കളിലാണ്. മാട്ടൂലിലേക്ക് H.T ലൈൻ വലിക്കുന്നതിനുവേണ്ടി പൊതുജനങ്ങളും ബ്രദർ തെക്കേക്കരയെ പോലുള്ള സാമൂഹ്യ പ്രവർത്തകരും മുൻനിരയിൽ നിന്നു പ്രവർത്തിച്ചതിന്റെ ഫലമായിട്ടായിരുന്നു വൈദ്യുതി കണക്ഷൻ കിട്ടിയത്.

ആദ്യകാലം മുതൽക്കുതന്നെ മുസ്ലിം ഭൂരിപക്ഷപ്രദേശമായിരുന്നു മാട്ടൂൽ. ഹിന്ദുക്കളും ക്രൈസ്ത്യാനികളും ഹരിജനങ്ങളും കൂടി ഉൾക്കൊള്ളുന്നതാണ് ഇവിടുത്തെ ജനത. പണ്ടുകാലം മുതൽക്കുതന്നെ മത സൗഹാർദ്ദത്തിലും മമതയിലും കഴിഞ്ഞുകൂടിയിരുന്നു. ആ പാരമ്പര്യം ഇന്നും നിലനിർത്തിപോന്നു. എല്ലാ കാര്യത്തിലും സമുദായങ്ങൾ തമ്മിൽ സഹകരണ മനോഭാവം എന്നും പ്രകടിപ്പിക്കാറുണ്ട്. ഹരിജനങ്ങൾക്ക് ആദ്യകാലങ്ങളിൽ ഹിന്ദുക്കളിൽനിന്നും അയിത്തം കൽപ്പിക്കപ്പെട്ടിരുന്നെങ്കിലും മുസ്ലിം സാമൂഹ്യക്രമം അങ്ങനെ ഒരു വിഷമം അവരിൽനിന്ന് നേരിടേണ്ടിവന്നിട്ടില്ല. മുസ്ലിം ഭൂരിപക്ഷ പ്രദേശമാകയാൽ ഹരിജനങ്ങൾക്ക് ഇത് ഒരനുഗ്രഹമാവുകയും ചെയ്തു.

പ്രബല സമുദായമായ മുസ്ലിംകളുടെ ആദ്യത്തെ നമസ്കാരപള്ളി മാട്ടൂൽ പള്ളിയും ആദ്യത്തെ ജുമാഅത്ത് പള്ളി 'വേദാമ്പർ പള്ളി'യുമാണെന്നാണ് പറയപ്പെടുന്നത്. 'ഫൈ ആമ്പർ' എന്ന പേര് ലോപിച്ചുണ്ടായതാണ് വേദാമ്പർ എന്ന അഭിപ്രായമുണ്ട്. മുസ്ലിംകളിൽനിന്ന് ആദ്യം ഇവിടെ കുടിയേറിപ്പാർത്തവർ പാപ്പിനിശേരി, വളപട്ടണം ഭാഗങ്ങളിൽ ഉള്ളവരാണ്. ഇവരിൽ മത പണ്ഡിതന്മാരും ഉൾകൊണ്ടിരുന്നതിനാൽ ഈ പ്രദേശത്തെ മതപരവും സാമൂഹ്യവുമായ കാര്യങ്ങൾ ഇവർ ശ്രദ്ധയൂന്നുകയും ഇവിടങ്ങളിലെ 'ഖാസി' സ്ഥാനങ്ങൾ വഹിക്കാൻ ഇവരിൽ പലർക്കും സാധിക്കുകയും ചെയ്തിട്ടുണ്ട്. 'സയ്യിദ്' കുടുംബങ്ങളിൽപെട്ടവരും പഴയകാലത്തുതന്നെ ഈ പ്രദേശത്ത് താമസക്കാരായിട്ടുണ്ട്. മാട്ടൂൽ ഒളിയങ്കര പള്ളി 'ജാറം മഖാം', 'മടക്കര മഖാം' എന്നിവയെക്കുറിച്ച പല ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ട്.

കേരളത്തിൽ പൗരാണികമായി പ്രചാരണത്തിലുണ്ടായിരുന്ന 'നാട്ടുകൂട്ടങ്ങൾ' ഈ ഗ്രാമത്തിലും ഉണ്ടായിരുന്നു. മുസ്ലിംകൾ അന്നത്തെ രീതിയിൽ മാട്ടൂൽ പ്രദേശം ഒന്നായികണ്ട് നാട്ടുകാരണവന്മാരെ തിരഞ്ഞെ

ടുക്കുക പതിവായിരുന്നു. ഏതാനും കുടുംബങ്ങളിലെ കാരണവന്മാർ അടങ്ങുന്നതാണ് ആ സംഘം. അവർ നാട്ടിലെ മുഴുവൻ മുസ്ലിം കുടുംബങ്ങളെയും 'മാട്ടൂൽ ആയിരം' എന്നു വിളിച്ചു. ഇതിന്റെ പേരിൽ ധാരാളം സ്വത്തുകളും സ്വരൂപിച്ചിരുന്നു. മാട്ടൂൽവേദാമ്പർജമാ അത്ത് പള്ളിയുടെ രജിസ്റ്റർ രേഖകളിലും ചരിത്രത്തിലും 'ആയിരത്തിന്റെ പള്ളിയെന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. അതുകൊണ്ടുതന്നെ ബേദാമ്പ്രം പള്ളി ഈ പ്രദേശത്തിന്റെ മുഴുവൻ പള്ളിയായി ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. ഈ 'മാട്ടൂൽ ആയിരം' ഈ പ്രദേശത്തെ മുസ്ലിംകളുടെ എല്ലാവിധ മത-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലും നേതൃത്വം വഹിച്ചുപോന്നിരുന്നു. ഇതിനു സമാനമായ കൂട്ടങ്ങൾ മടക്കര, തെക്കുംമ്പാട് പ്രദേശങ്ങളിലും പ്രവർത്തിച്ചിരുന്നു. അവിടങ്ങളിലെ ഒരു ആചാരപ്രകാരം മുസ്ലിം വിവാഹനിശ്ചയങ്ങൾ മുൻകൂട്ടി പള്ളിയിൽ അറിയിക്കണമെന്നുണ്ട്. ആ സമയത്ത് ഒരു നിശ്ചിത തുക പണം പള്ളിയിൽ അടക്കണമെന്നുണ്ട്. രണ്ടാം ലോകമഹായുദ്ധംവരെയും ഇതുപോലുള്ള സാമൂഹ്യമായ മഹല്ല് നിയന്ത്രണം ഇവിടങ്ങളിൽ ഉണ്ടായിരുന്നു. കാലക്രമേണ ഇതിൽനിന്നും മാറ്റം സംഭവിക്കുകയാണുണ്ടായത്.

മുസ്ലിം വിവാഹചടങ്ങുകൾ പഴയകാലങ്ങളിൽ ഒരുഹരം പകരുന്ന കാഴ്ചയായിരുന്നു. പുതിയ പെണ്ണിനെ നയിച്ചുകൊണ്ടുള്ള ഒപ്പനയും വിളക്കിനിരുത്തലും വഴിനീളവും പുതിയാപ്പിളയെ തേടിക്കൊണ്ടു വരുമ്പോഴുള്ള വെടിക്കെട്ടുകളും ദഫ് വാദ്യങ്ങളും കളരി അഭ്യാസപ്രകടനങ്ങളും 'അറബ് ഇശൽ' എന്നു പേരായ പ്രത്യേക ഗാനങ്ങളും ഒരു ആഘോഷത്തിന്റെ പരിവേഷം ചാർത്തിയിരുന്നു. കസവ് തൊപ്പിയോ, തലയിൽകെട്ടോ ഇല്ലാത്ത പുതിയാപ്പിളമാർ ഉണ്ടാവാറില്ലായിരുന്നു.

മുസ്ലിംകൾക്ക് തൊട്ടുപിറകെ ഇവിടെ കുടിയേറുന്നത് പട്ടികജാതിക്കാരാണ്. കർഷകതൊഴിലാളികളായിട്ടാണ് അവർ ഇവിടെ ജീവിതമാരംഭിച്ചത്. ജന്മി-കുടിയാൻ വ്യവസ്ഥിതി നിലനിൽക്കുന്ന പ്രസ്തുകാലഘട്ടത്തിൽ നാടൻ ജന്മിമാരുടെ നെൽപ്പാടങ്ങൾ പാട്ടത്തിനെടുത്ത് കൃഷിനടത്തിയിരുന്ന പട്ടികജാതിക്കാരായ കർഷപ്രമുഖരും ഉണ്ടായിരുന്നു.

ഹൈന്ദവ ആരാധനാ കേന്ദ്രമായ മാട്ടൂൽ നോർത്തിലെ ശ്രീ കൂർമ്പക്കാവ് ക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം ഇങ്ങനെയാണ്. ആരാധനാ മൂർത്തികളായ ശ്രീ കൂർമ്പയും പത്നിദേവിയും പ്രത്യക്ഷപ്പെടുന്നത് മാട്ടൂൽ സൗത്തിലെ 'കുനിമ്മൽ' എന്ന സ്ഥലത്താണ്. അവിടെനിന്നും ദേവിദേവന്മാർ അടുത്തുള്ള പടിഞ്ഞാറ് എന്ന കുടുംബപുരയിടത്തിലേക്ക് മാറുന്നു. അവിടെനിന്നും സമീപമുള്ള 'പൂമരത്തിൻ കീഴിൽ' എന്ന സ്ഥലത്ത് കഴിച്ചുകൂടി പിൻക്കാലത്ത് വടക്കോട്ട് പോയി. ഇന്ന് കാണുന്ന ശ്രീ കൂർമ്പക്കാവ് ക്ഷേത്രപരിസരത്ത് ആരാധനാ നിമഗനരാവുകയും ചെയ്തു എന്നാണ് പറയപ്പെടുന്നത്. മാടായി മുരിക്കഞ്ചേരി തറവാട്ടുകാർക്ക് ഈ ക്ഷേത്രവുമായി പരമ്പരാഗത ബന്ധമുണ്ട്. അത് ഇന്നും തുടരുന്നു.

കൃസ്ത്യൻ മിഷനറി പ്രവർത്തകരും മാട്ടൂലിൽ എത്തുകയുണ്ടായി. കൃസ്ത്യൻ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപെട്ട ബാസൽ മിഷ്യൻ സുവിശേഷ പ്രവർത്തകരാണ് 1939-40 കാലഘട്ടങ്ങളിൽ ആദ്യമായി ഇവിടെ എത്തുന്നത് വായനശാലക്ക് സമീപം ഇവരുടെ ചർച്ച് സ്ഥാപിച്ചു. അധികം വൈകാതെതന്നെ റോമൻ കാത്തോലിക്കാ സഭയും സുവിശേഷപ്രവർത്തനങ്ങളുമായി ഇവിടെ എത്തി ഇവരുടേതായ ഒരു ചർച്ചും കന്യാമഠവും ഒരു യു.പി. സ്കൂളും മാട്ടൂൽ സെൻട്രലിൽ സ്ഥാപിച്ചു. ഇപ്പോൾ മാട്ടൂൽ നോർത്തിൽ കൂടി R.C. മിഷൻ വകയുള്ള ചർച്ച് സ്ഥാപിച്ചിട്ടുണ്ട്.

മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് ആരോഗ്യചികിത്സാരംഗത്ത് ആധുനിക സൗകര്യം വളരെ പരിമിതമായിരുന്നു. അന്ന് പാരമ്പര്യവൈദ്യ ചികിത്സാരംഗത്തെ കുഞ്ഞിരാമൻ വൈദ്യർ അച്യുതൻ വൈദ്യർ തുടങ്ങിയവരും ഹോമിയോ ചികിത്സയിൽ സി.പി. കുഞ്ഞിമൊയ്തീൻ സാഹിബിന്റെയും അലോപ്പതി ഡോക്ടർ നാരായണൻ മേനോൻ എന്നിവരുടെ സേവനങ്ങൾ ഈ പ്രദേശത്തെ ജനങ്ങൾക്ക് ഒരാശ്വാസകേന്ദ്രമായി വർത്തിച്ചു. ഇവയുടെ കൂടെതന്നെ മറ്റു സിദ്ധ, മലയ, യൂനാനി, വൈദ്യസഹായവും ജനങ്ങൾ തേടുക പതിവായിരുന്നു. എങ്കിലും വിദഗ്ധചികിത്സയ്ക്ക് കണ്ണൂർ തന്നെയായിരുന്നു അഭയകേന്ദ്രം അവിടുത്തേയ്ക്ക് കൊണ്ടുപോവുക എന്നുള്ളത് ദുഷ്കരവും അതുകൊണ്ടുതന്നെ അത്യാസന്നനിലയിലായ രോഗികൾ രക്ഷപ്പെടുക എന്നുള്ളത് വിരളവും.

ഒരുഭാഗത്ത് കടലും മറുഭാഗം പുഴയുമായി നില്ക്കുന്ന ഈ പ്രദേശത്തിന്റെ രക്ഷാവലയം ഒരു പക്ഷേ കടൽ ഭിത്തിയാണെന്നു പറയാം. കടലൊന്നു കോപിച്ച് വെള്ളമൊന്ന് ഉയർന്നാൽ മാട്ടൂൽ ചിലപ്പോൾ ചരിത്രത്തിന്റെ ഭാഗമായി തീർന്നേക്കാം. ഇത് കണക്കിലെടുത്തുകൊണ്ടുതന്നെ കടൽ ഭിത്തിയുടെ പ്രവർത്തനം വളരെമുമ്പുതന്നെ ഈ ഗ്രാമപഞ്ചായത്തിൽ തുടങ്ങിവെച്ചിട്ടുണ്ട്. പക്ഷേ, ഇന്നും അത് പൂർത്തിയായി എന്നു പറയാറായിട്ടില്ല. പക്ഷേ ഇന്ന് അതിലും ഭീകരമായി ഇവിടുത്തെ ജനങ്ങൾ മുന്നിൽ കാണുന്നത് പുതിയ തീരദേശ സംരക്ഷണ നിയമ

ത്തെയാണ്. അത് നടപ്പിലാവുകയാണെങ്കിൽ മാട്ടൂൽ പഞ്ചായത്തിന്റെ മൂന്നിൽ രണ്ടുഭാഗം ഈ പരിധിയിൽ വരും. അത് ഇവിടുത്തെ ജനങ്ങളുടെ മുന്നിൽ പ്രതി സന്ധി സൃഷ്ടിക്കും എന്നുള്ളത് തീർച്ചയാണ്.

ഈ ഉപദ്വീപിലെ ജനങ്ങൾക്ക് ജില്ലാ ആസ്ഥാനവു മായി ബന്ധപ്പെടുന്നതിന് ഇന്നും ദീർഘദൂര യാത്രചെ യ്യേണ്ടിവരുന്ന അവസ്ഥയുണ്ട്. ഇത് പരിഹരിക്കുന്ന തിനായി വളരെ മുമ്പുതന്നെ ഇവിടുത്തെ ജനങ്ങൾ ആവശ്യമുയർത്തുന്ന മാട്ടൂൽ-മടക്കര പാലം ഇന്നും പൂവണിയാത്ത സ്വപ്നമായി നിലനിൽക്കുകയാണ്. ഈ പാലം യാഥാർത്ഥ്യമാവുകയാണെങ്കിൽ കണ്ണൂർ നഗരവുമായി 20 കി.മീ. യാത്രാദൂരം കുറഞ്ഞുകിട്ടു കയും നിർദിഷ്ഠ ഏഴിമല നേവൽ അക്കാദമിയുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ സാധിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ജനങ്ങളുടെ വികസനമോഹ ത്തിൽ പ്രഥമസ്ഥാനം ഇതിന്നുണ്ട്. അതുപോലെതന്നെ ഈ പ്രദേശത്തെ ദ്വീപായ തെക്കുമ്പാടിന് കരമാർഗ്ഗ വുമായി ബന്ധപ്പെടാൻ ഇന്നും മാർഗ്ഗങ്ങളില്ല. ഇതി ന്നായിയുള്ള ജനങ്ങളുടെ മുറവിളി വളരെ മുമ്പു തന്നെ ഉണ്ടായിട്ടുള്ളതാണ്. തെക്കുംമ്പാട് -ആയിരം തെങ്ങ് കടവ് പാലത്തിന്റെ ആവശ്യം അംഗീകരിക്കു കയാണെങ്കിൽ ഈ പ്രദേശത്തിന് കരയുമായി ബന്ധ പ്പെടാൻ കഴിയും. അത് പ്രദേശത്തിന്റെ വികസന ത്തിന് ആക്കം കൂട്ടുകയും ചെയ്യും.

ബ്രിട്ടീഷ് ഭരണക്രമത്തിൽ കുടുംബപാരമ്പര്യ ഭര ണസംവിധാനത്തിന്റെ ഭാഗമായി അധികാരി, മേനോൻ, കോൽക്കാരൻ എന്നിവർ ചേർന്ന് ഈ ഗ്രാമത്തെ ഭരി ച്ചിരുന്നു. ജനാധിപത്യ ഭരണസംവിധാനം നിലവിൽ വന്നതോടുകൂടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭര ണസംവിധാനം ഈ പ്രദേശത്തിന്റെ വികസനത്തിൽ നാഴിക കല്ലായി പ്രവർത്തിച്ചു വരുന്നു. നാളെ ഇത് ജനങ്ങൾ നിയന്ത്രിക്കുന്ന ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു വികസനരീതി നടപ്പിലാക്കി വരികയാണെങ്കിൽ ഈ പ്രദേശത്തിലെ കാലാകാലമായി ആഗ്രഹിക്കുന്ന വികസനവും സൗകര്യങ്ങളും കൈവരും എന്നുള്ള പ്രതീക്ഷയോടെയാണ് ജനകീയാസൂത്രണ പദ്ധതിയു മായി ജനങ്ങൾ സഹകരിച്ചു വരുന്നത്. അത് കൈവരും എന്നുതന്നെ പ്രതീക്ഷിക്കാം.

01

'മാട്ടൂൽ പഞ്ചായത്തിന്റെ പ്രഥമ മിനിട്ട്സ്'



കൃഷിയും ജലസേചനവും

വച്ചവിരിച്ച നെൽപാടങ്ങളും കായ്ഫലമുള്ള തെങ്ങിൻതോപ്പുകളും മധുരകിഴങ്ങും പച്ചക്കറികളും ധാന്യചെടികളും നിറഞ്ഞ പാടങ്ങളും താളും തകരയും ചേനയും ചേമ്പും കാച്ചിലും വളർന്നിരുന്ന വീട്ടുതൊടികളും പഴമക്കാരുടെ മനസ്സിൽ സൂക്ഷിക്കുന്ന ഇന്നലെയുടെ നിറമാർന്ന ചിത്രം! മണ്ണിനെയും വിളകളെയും സ്നേഹിച്ച കർഷകർ പകലന്തിയോളം പാടുപെട്ട് മക്കളെപ്പോലെ അവരെ സ്നേഹിച്ച് പരിചരിച്ച കർഷതൊഴിലാളികൾ വയലേലകളിൽ നിന്നും ഇളങ്കാറ്റിനൊപ്പം ഇളകിയാടുന്ന നെൽച്ചെടികളുടെ ഹരിതഭംഗിയോട് ഇഴചേർന്ന് ഒഴുകിവരുന്ന നാടൻപാട്ടുകളുടെ അലയൊലികൾ കർഷകന്റെ 'അറ' നിറഞ്ഞാൽ മനസിൽ ആഹ്ലാദത്തിന്റെ 'പറ' നിറയുന്ന കർഷക തൊഴിലാളികൾ – വാരം, പാട്ടം, കണ്ടുകാഴ്ച, പാരിതോഷികങ്ങൾ തുടങ്ങി സമീപ പ്രദേശങ്ങളിൽ അന്നു നിലനിന്നിരുന്ന ജന്മി–കുടിയാൻ ബന്ധത്തിന്റെ സ്മരണകൾ! വിയർപ്പുമണികൾ മുത്താക്കി വിളയിച്ചെടുത്തവർ, ഇന്ന് ആ തലമുറയും അവരുടെ പൈതൃകവും നമുക്ക് നഷ്ടമായികൊണ്ടിരിക്കുന്നു. നാട്ടറിവും പാരമ്പര്യവും ചേർന്ന് വളക്കൂറുള്ള മണ്ണിൽ കനകം വിളയിച്ചിരുന്ന പോയ കാലത്തിന്റെ ഗതകാല സ്മരണകൾ.

കാലചക്രത്തിന്റെ 'തുണ്ട്' വൽക്കരിക്കപ്പെട്ട കൃഷിയിടങ്ങൾ, വിളകളെ ആശ്രയിക്കാതെ 'പണം കായ്ക്കുന്ന പുതിയ മേച്ചിൽ പുറങ്ങളിലേക്ക് ഒരു പ്രവാഹമായി കുതിച്ചൊഴുകിയ പിൻതലമുറയുടെ കാർഷികരംഗത്തോടുള്ള വിരക്തി അശാസ്ത്രീയവും വിവേചന രഹിതവുമായ 'ഉപഭോഗം' കൊണ്ട് വന്ധ്യയാക്കപ്പെട്ട നമ്മുടെ കൃഷിഭൂമി.... പ്രതീക്ഷനശിച്ച് കടക്കെണിയിൽപ്പെട്ട് കാർഷിക രംഗത്തോട് പ്രതിപത്തി നഷ്ടപ്പെട്ട് വയലുകൾ നിരത്തി മണ്ണ് തരിശിട്ട് മനംമടുത്ത കർഷകർ! ഇവിടെ നമ്മൾ നമ്മളെ തിരിച്ചറിയുന്നു. നമ്മുടെ മണ്ണിനെയും. ഇന്നലെകളുടെ നന്മകൾ ഇന്നിന്റെ ശാസ്ത്രസാങ്കേതിക ജ്ഞാനത്തോടു ചേർത്ത് നമുക്കൊരു 'ഹരിതഗ്രാമം' പടുത്തുയർത്താം. ഫല സമൃദ്ധിയുടെ നല്ല നാളേക്കുവേണ്ടി ജാഗരം കൊള്ളാം. സ്വപ്ന സാക്ഷാത്കാരത്തിനുവേണ്ടി അടിസ്ഥാനപരവും സ്ഥായിയുമായ കാർഷിക പുരോഗതി കൈവരിക്കാൻ ഒരുമയോടെ ഐക്യത്തോടെ മുന്നേറാം.

നെല്ല്: –

മാട്ടൂൽ പഞ്ചായത്ത് മണൽ നിറഞ്ഞ സമതല പ്രദേശമാണ്. എന്നാൽ, തെക്കുവടക്ക് നീണ്ടു കിടക്കുന്ന 7.5 കി.മീ റോഡിന് തെക്കുവശവും പ്രത്യേകിച്ച് കിഴക്കുവശവും സാമാന്യം പശിമയുള്ള മണ്ണായിരുന്നു. നല്ല രീതിയിൽ ഗുണനിലവാര

മുള്ള നാടൻ നെൽവിത്തുകളുപയോഗിച്ചുള്ള ഒരുപ്പൂ കൃഷിയും പകുതിയിലേറെ വയലുകളിൽ ഇരുപ്പൂ ചിറ്റേനി അഥവാ മുണ്ടകൻ കൃഷിയും നടന്നിരുന്നു. കർഷകർക്ക് താരതമ്യേന സ്വന്തം ആവശ്യത്തിനുള്ളതു കഴിച്ച് മിച്ചം വെക്കാവുന്ന തരക്കേടില്ലാത്ത വിളവും ലഭിച്ചിരുന്നു. ചാണകം, പച്ചിലവളം, വെണ്ണീറ് തുടങ്ങി മണൽമണ്ണിന്റെ ജൈവഘടന നിലനിർത്തുന്ന രീതിയിലുള്ള വളപ്രയോഗവും കൃഷി നശിപ്പിക്കുന്ന രീതിയിൽ വളർത്തു മൃഗങ്ങളുടെ അലഞ്ഞു നടക്കൽ നിയന്ത്രിക്കുവാനുള്ള പഞ്ചായത്തിന്റെ സംവിധാനങ്ങളും വെള്ളകെടുതി നിയന്ത്രിക്കുന്നതിനുള്ള തോടുകളുടെ സംരക്ഷണവും ഇവയുടെ കൂട്ടായ പ്രവർത്തനഫലമാണ് മേൽ സൂചിപ്പിച്ച വിളസമൃദ്ധിക്കു കാരണം. മധുരകിഴങ്ങ് വിവിധയിനം പച്ചക്കറികൾ പയറുവർഗങ്ങളും തുടങ്ങിയ ഇടവിളകളും കൊയ്തുകഴിഞ്ഞ പാടശേഖരങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നു.

തെങ്ങ് –

ശാസ്ത്രീയരീതി അവലംബിച്ചിരുന്നില്ലെങ്കിലും പഞ്ചായത്തതൃത്തിയിൽ വ്യാപകമായി നടത്തിയിരുന്ന തെങ്ങുകൃഷി മുൻകാലങ്ങളിൽ താരതമ്യേന നന്നായിരുന്നു. സമീപപ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ നാളികേരവും കൊപ്രയും കയറ്റിയയക്കാറുണ്ടായിരുന്നു. മാത്രമല്ല, ചകിരി, തൊണ്ട്, ഓലമടൽ ഇവ ഉപയോഗിച്ചുള്ള അനുബന്ധ പരമ്പരാഗത വ്യവസായങ്ങളും ഇവിടെ വ്യാപകമായി ഉണ്ടായിരുന്നു.

ഇന്ന്:

നെല്ല് തികഞ്ഞ പരാജയമായി മാറിയിരിക്കൊണ്ടിരിക്കുന്നതാണ് ഇന്നത്തെ നെൽകൃഷിയുടെ അവസ്ഥ. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന കൂടുംബങ്ങളുടെ എണ്ണം വിരലിലെണ്ണാവുന്നതായി ചുരുങ്ങിപോയിരിക്കുന്നു. വിദേശ സാമ്പത്തിക സംവിധാനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നതിനാൽ കാർഷികരംഗത്ത് വൻതോതിൽ മാന്ദ്യം അനുഭവപ്പെടുന്നു. ഈ രംഗത്തെ വർധിച്ച ഉല്പാദന ചെലവും വളം കീടനാശിനി തുടങ്ങിയവയുടെ ലഭ്യതകുറവും ശാസ്ത്രീയ പരിശീലനത്തിന്റെ അഭാവവും ഇതിനു കാരണമാണ്.

കൂടാതെ വിവേചന രഹിതമായി വ്യാപകമായി ഭവനനിർമാണാവശ്യത്തിന് വയലുകൾ നികത്തപ്പെടുകയും ആ കാരണത്താൽ കൃഷിഭൂമിയുടെ വ്യാപ്തിയിൽ ഭീമമായ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നു. വളർത്തുമൃഗങ്ങളെ കയറൂരിവിട്ട് കൃഷി നശിപ്പിക്കൽ പ്രവണ ഏറി വരികയും അതു നിയന്ത്രിക്കാൻ ഫലപ്രദമായ സംവിധാനം ഇല്ലായ്മയും കൃഷി നശിക്കുന്നതിന് മറ്റൊരു കാരണമാണ്. രാസവളം, കീടനാശിനി എന്നിവയുടെ പ്രയോഗത്തിലെ ആധിക്യവും അശാസ്ത്രീയതയും മണ്ണിന്റെ ജൈവഘടന തകർക്കുകയും പുതിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. കാർഷികരംഗത്തെ തകർച്ചയ്ക്ക് ഇതും പ്രധാന കാരണമാണ്. മാട്ടൂൽ പഞ്ചായത്ത്, മടക്കര 1-ാം വാർഡ് ഉൾപ്പെടെ ഒരു ഉപദ്വീപും രണ്ടാം വാർഡ് തെക്കുംമ്പാട് – പൂർണമായും ഒരു കൊച്ചുദ്വീപുമാണ്. വേലിയേറ്റ സമയത്തും ക്രമാതീതമായി വെള്ളപ്പൊക്കം അനുഭവപ്പെടുന്ന വർഷത്തിലെ ചില പ്രത്യേക സന്ദർഭങ്ങളിലും (ഉദാ: വാവു, കുംഭമാസം) ഉപ്പ് വെള്ളം തോടുകളിലൂടെയും മറ്റും കരകവിഞ്ഞൊഴുകി കയറി കൃഷിനാശം സംഭവിക്കുകയും കൂടാതെ ഇപ്പോൾ നിലവിലുള്ള തോടുകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുവാനുള്ള മാർഗ്ഗങ്ങളോ ബഹിർഗമന നാളികളോ ഇല്ലാത്തതുകാരണം വർഷത്തിൽ പലപ്പോഴും ഓരുവെള്ളകെടുതി അനുഭവപ്പെടുന്നു.

തെങ്ങ് –

പഞ്ചായത്തിലെ പ്രധാന നാണ്യവിള തെങ്ങുകൃഷിയാണ്. അശാസ്ത്രീയവും മാത്സര്യബുദ്ധിയോടെയുള്ളതുമായ (പ്രത്യേകിച്ചും അതിർത്തിയിൽ) തെങ്ങ് നടൽ ഉല്പാദന ക്ഷമതയെ സാരമായി ബാധിച്ചിരിക്കുന്നു. മൺതരളെ കുറിച്ചുള്ള അജ്ഞതയും യോജിച്ച വിത്തുതെരഞ്ഞെടുക്കുവാനുള്ള കഴിവുകേടും വളപ്രയോഗത്തിലുള്ള അപര്യാപ്തതയും കാരണം ഉല്പാദനം തീരെ കുറഞ്ഞു പോയിരിക്കുന്നു. ആരോഗ്യകരമായി വളരുവാനുള്ള വിധത്തിൽ തെങ്ങുകൾ തമ്മിലുള്ള അകലം കൃത്യമായി പാലിക്കുവാനുള്ള മനസ്സില്ലായ്മ ഈ രംഗത്ത് കണ്ടുവരുന്ന അപകടകരമായ പ്രവണതയാണ്. ഉല്പാദന ചെലവ് ക്രമാതീതമായി വർധിച്ചതും നനയും ജൈവവളപ്രയോ

ഗവും കുറഞ്ഞു കുറഞ്ഞു വരുന്നതും ഈ രംഗത്തെ പോരായ്മയാണ്. കുഴൽ കിണറുപ യോഗിച്ച് വെള്ളം നനയ്ക്കുന്നതുകൊണ്ട് ഈ മണൽ പ്രദേശത്ത് കഠിനമായ നീർവാർച്ച അനു ഭവപ്പെടുകയും പാരമ്പര്യ സ്രോതസ്സുകളിൽ ഉപ്പു വെള്ളം കയറി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

തെങ്ങ് രോഗങ്ങൾ: കാറ്റുവീഴ്ച, കൂമ്പ് ചീയൽ, വെള്ളക്ക പൊഴിയൽ, ചെന്നീരൊലിപ്പ്, തുടങ്ങിയ രോഗങ്ങൾ തെങ്ങ് കൃഷിയെ സാരമായി ബാധി ച്ചിട്ടുണ്ട്.

3.2 വിള വിസ്തീർണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണം	മൊത്തം ഉത്പാദനം	ഉത്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	47 ഹെക്ടർ	131000 കി. ഗ്രാം	3000 Kg.
„ (രണ്ടാം വിള)	–	–	–
„ (മൂന്നാം വിള)	–	–	–
പയർ	6 ഹെക്ടർ	4800 കി.ഗ്രാം	800 കി. ഗ്രാം.
എള്ള്	5 ഹെക്ടർ	1500 കി.ഗ്രാം	300 കി.ഗ്രാം
പച്ചക്കറികൾ	20 ഹെക്ടർ	40 കി.ഗ്രാം	2 ടൺ
തെങ്ങ്	1010 ഹെക്ടർ	606000 എണ്ണം	30 Nuts per plant

(അവലംബം: കൃഷിഭവൻ രേഖ)

വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തത, തെങ്ങു പരിചരണം സമയാസമയങ്ങളിൽ നട ത്തുവാൻ സാധിക്കാതെ വരികയും ഉല്പാദനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. തെങ്ങിന്റെ തടി, തേങ്ങ, തൊണ്ട്, ഓലമടൽ കൂടാതെ കൊപ്ര, ചിരട്ട, തേങ്ങവെള്ളം തുടങ്ങിയവ ഉപയോഗിച്ച് അനുബന്ധ വ്യവസായങ്ങളൊന്നുംതന്നെ പഞ്ചാ യത്തിൽ നിലവിലില്ലാത്തതിനാൽ കർഷകർക്ക് താത്പര്യം കുറയുകയും തെങ്ങ് കൃഷി അശ്ര ദ്ധയും അവഗണനയും നേരിടുകയും ചെയ്യുന്നു.

ഭൂവിനിയോഗം:

പഞ്ചായത്തിൽ കാർഷികാവശ്യതിനുപയോഗി ക്കുന്ന ഭൂമി കേവലം 1057 ഹെക്ടർ മാത്രമാ ണെന്ന് കൃഷിഭവൻ രേഖകൾ വ്യക്തമാക്കുന്നു. മൊത്തം ഭൂമി 1269 ഹെക്ടർ ആണെന്ന് വില്ലേജ് ഓഫീസ് രേഖകൾ സൂചിപ്പിക്കുന്നു. (ബന്ധപ്പെട്ട ഓഫീസ് രേഖകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.) മൊത്തം ജനസംഖ്യ '91 സെൻസസ് പ്രകാരം 24,262 ആണ്. ഭൂവുടമസ്ഥരുടെ എണ്ണം 12,319.

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണം
നിലം	4.7 ഹെക്ടർ
പുരയിടം	1010 ഹെക്ടർ
പുറമ്പോക്ക്	4 ഹെക്ടർ
കൃഷിയോഗ്യതരിശ്	120 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	88 ഹെക്ടർ
ആകെ	1216.7 ഹെക്ടർ

(അവലംബം കൃഷിഭവൻ രേഖ)

3.9 കൈവശഭൂമി വിസ്തീർണം

നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
3990	40 എണ്ണം	-

(അവലംബം കൃഷിഭവൻ രേഖ)

019

റവന്യൂ ഭൂവിനിയോഗം. സ്ഥിതിവിവരം

2.1. ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്റ്റർ BT റജിസ്റ്റർ)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ					കെട്ടിടങ്ങളുടെ എണ്ണം						
	ആകെ വിസ്തീർണ്ണം	നിലം	മറ്റിനം	അതിർ	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മേൽ
1	2	3	4	5	6	7	8	9	10	11	12	13
മാട്ടൂൽ	A.C	A-C	A.C	A-C	A-C	Nos	Nos	Nos	Nos	Nos	Nos	Nos
153 മാട്ടൂൽ	1655.68	142.29	19.81	16.80	1734.58	4872	2624	1432	646	36	25	10
163 മടക്കര	263.77	87.35	3.88	—	344.50	972	626	116	26	14	7	2
164 തെക്കുമ്പാട്	181.12	8.50	1.53	—	191.15	428	324	124	14	12	8	1
	2090.57	238.14	24.72	16.80	2270.23	6272	3574	1672	686	62	40	13

(അവലാംബം: വില്ലേജ് ഓഫീസ്രേഖ)

3.2 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് കൃഷി വിസ്തീർണം ഹെക്ടർ	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്					
	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10
1010 ഹെ	25,000	80,000	105000	–	–	100	200	–	300

(അവലംബം: കൃഷിഭവൻ രേഖ)

11.BC SS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ക്രമ നമ്പ്ർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	വാർഡ് ആസ്തികളുടെ എണ്ണം – അളവ്											
		I	II	III	IV	V	VI	VII	VIII	IX	X	XI	ആകെ
1	കിണറുകൾ	–	–	–	–	–	–	–	–	–	–	1	1
2	കുളങ്ങൾ	–	–	–	–	–	–	–	–	–	–	–	–
3	വാട്ടർ ടാങ്കുകൾ	–	–	–	–	–	–	–	–	–	–	–	–
4	പമ്പ് ഹൗസുകൾ	–	–	–	–	–	–	–	–	–	–	–	–
5	ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് ഏക്കർ	2 1.10	– –	3 1.40	2 1.24	– –	– –	– –	– –	2 1.14	3 1.57	4 2.10	16 8.55 Accors

Note: 50 സെന്റിന് മുകളിൽ വരുന്ന SC/ST വിഭാഗം പരിമിത കർഷകർക്ക് 5 കുടുംബങ്ങൾക്ക് ജലസേചന സൗകര്യം വർധിപ്പിക്കാൻ ബ്ലോക്ക് വഴി കിണർ അനുവദിച്ചു. അത് JRY മില്യൻ വെൽ പദ്ധതി പ്രകാരമാണ്. പൂർണമായും സബ്സിഡിയും അനുവദിച്ചു.

* C.S.S പദ്ധതിപ്രകാരം 1 കിണറും 16 പമ്പ് സെറ്റുകളും ബ്ലോക്ക് മുഖേന അനുവദിച്ചു. ഇതിന്ന് 33.33% സബ്സിഡിയുണ്ട്.

(അവലംബം VEOയുടെ രേഖ)

3.6 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94	–	–	✓	–	73പേർ	22,989
1994-95	–	–	–	–	–	–
1995-96	–	–	✓	–	13 പേർ	13,600
ആകെ	–	–	–	–	2 പേർ	4,860
					88 പേർ	41,419

(അവലംബം: കൃഷിഭവൻ രേഖ)

ഇടവിളകൾ:

6 ഹെക്ടർ എള്ള്, 20 ഹെക്ടർ പച്ചക്കറിയും കൃഷി ചെയ്തുവരുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. എങ്കിലും കർഷകരെ സംബന്ധിച്ച ഈ അറിവ് പൂർണമല്ലെന്ന അഭിപ്രായമാണ്. നിലവിൽ 250 ഏക്കറിൽ കൂടുതലെങ്കിലും പച്ചക്കറികൃഷി ചെയ്തു വരുന്നതായി പാരമ്പര്യ കർഷകർ അവകാശപ്പെടുന്നു. മൺതരങ്ങളുടെ പ്രത്യേകത കണക്കിലെടുക്കാതെയും അത്യുൽപാദന ശേഷിയുള്ള ആധുനിക വിത്തിനങ്ങളും ശാസ്ത്രീയ രീതികളും സ്വീകരിക്കാതെ തികച്ചും പരമ്പരാഗത നാടൻ രീതികൾ തുടർന്നു വരുന്നതിനാൽ ഇന്നും കാര്യമായ ഉല്പാദനവർധന ലഭിക്കുന്നില്ല. മുൻകാലങ്ങളിൽ പ്രസിദ്ധമായിരുന്ന മാട്ടൂൽ വത്തക്ക, വെള്ളരി തുടങ്ങിയവ ഓർമയിൽ പോലും നിലനിൽക്കുന്നില്ല. കീടനാശിനി, രാസവളം ഇവയുടെ അമിത ഉപയോഗവും ഈ രംഗത്തെ ഉല്പാദന മുരടിപ്പിന് കാരണമാകുന്നു. കൃഷിഭവന്റെ സ്ഥിതിവിവരക്കണക്കനുസരിച്ച് ഹെക്ടറിൽ 800 കിലോ പയറിനങ്ങളും 300 കിലോ എള്ളും 2 ടൺ പച്ചക്കറിയും ഉല്പാദിപ്പിക്കപ്പെടുന്നു. വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കപ്പെടാത്തതിനാൽ വാഴകൃഷി വ്യാപകമല്ല.

3.5 നടീൽ വസ്തു വിതരണം

	എണ്ണം		
ഇനം	1993-94	1994-95	1995-96
തെങ്ങ് WCT	450	500	600
,, TXD	80	75	-
കുരുമുളക്	1500	1500	6000

(അവലംബം കൃഷിഭവൻ രേഖ)

വളത്തിന്റെ ഉപയോഗം:

1993-94 വർഷത്തിൽ 58,000 കിലോ 94-95ൽ 58,800 കിലോ, 94-95 50,000 കിലോ എന്ന ക്രമത്തിൽ സഹകരണ സ്ഥാപനം വഴി രാസവളം വിതരണം ചെയ്തതായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. (രേഖകൾ അന്യത്ര) സ്വകാര്യ രാസവള വില്പന ഏജൻസികളുടെ വില്പന വിവരം ലഭ്യമല്ല. കീടനാശിനികളുടെ ഉപയോഗം പൂർണമായും സ്വകാര്യ ഏജൻസികളെ ആശ്രയിച്ചാണെങ്കിലും കർഷകരും ഏജൻസികളും ശരിയായ വിവരം തരുവാൻ വിമുഖ കാണിക്കുന്നു. കൃഷിഭവൻ വഴി WCT ഇനം തെങ്ങ് 450 എണ്ണം(93-94) 500 എണ്ണം(94-95), 95-96 600 എണ്ണം TxD(93-94) 80 എണ്ണം, (94-95) 75 എണ്ണം (95-96) ഒന്നുമില്ല. കുരുമുളക് കൊടി (93-94) 1500 എണ്ണം, (94-95) 1500 എണ്ണം, (95-96) 6000 എണ്ണം എന്നീ ക്രമത്തിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. നാമമാത്ര കർഷകർ 3,99- ഉം ചെറുകിട കർഷകർ 40 ഉം ഈ പഞ്ചായത്തിലുള്ളതായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. റിപ്പോർട്ട് കാലയളവിൽ 'കാർഷികോപകരണങ്ങളുടെ വിതരണത്തിൽ 10 റോക്ക് സ്പ്രെയറുകളും 5 നാപ്സ്റ്റിക് സ്പ്രെയറുകളും 150 പോർട്ടബിൾ പമ്പുസെറ്റുകളും വിതരണം ചെയ്തതായി രേഖകളിൽ കാണുന്നു. 188 പേർക്ക് കൊടുങ്കാറ്റ് കെടുതികളുടെ ദുരിതാശ്വാസമായി 1993 മുതൽ നാളിതുവരെ 41,419 രൂപ വിതരണം ചെയ്തു.

കൂലി നിരക്ക്:

മാട്ടൂൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കർഷകതൊഴിലാളികൾക്ക് അസന്തുലിതമായ കൂലി വ്യവസ്ഥയാണ് ഇന്നും നിലവിലുള്ളത്. നെൽകൃഷിക്കും മറ്റു കാർഷിക കെട്ടിട നിർമാണ തൊഴിലുകൾക്കും കൂലി നിരക്കിൽ പ്രത്യേകമായ അന്തരമുണ്ട്. കാർഷികേതരമായ മറ്റു ജോലികൾക്ക് ഒരു സ്ത്രീ തൊഴിലാളിക്ക് ശരാശരി പ്രതിദിന വേതനം ചായ ഒഴികെ 50 രൂപ ലഭിക്കുമ്പോൾ ഞാറ്റുവേലക്ക് പഞ്ചായത്തിലെ തന്നെ ചില പ്രദേശങ്ങളിൽ 50 രൂപയും ചില സ്ഥലങ്ങളിൽ 35 രൂപയും ചെലവ് കഴിച്ച് ലഭിക്കുന്നു.

ഈ വേതനം നൽകുന്നത് തങ്ങൾക്ക് ദുർവ്വഹമായ ഭാരമാണെന്ന അഭിപ്രായമാണ് കർഷകർക്ക്. കാർഷികേതര തൊഴിലുകളിൽ പുരുഷതൊഴിലാളിക്ക് ലഭിക്കുന്നത് പ്രതിദിനം 100 രൂപയും ഞാറ്റുവേലയ്ക്ക് ലഭിക്കുന്ന വേതനം 60–70 രൂപയാണ്.

വിദേശ സാമ്പത്തിക രംഗത്തുണ്ടായ വളർച്ചാനിരക്കും കർഷകരുടെ മനോഭാവത്തിലുണ്ടായ കാർഷികാഭിമുഖ്യവും ഈ വേതന വർധനയ്ക്ക് ശക്തമായ പ്രചോദനമായി എന്നതും പ്രസ്താവ്യമാണ്. കാർഷിക വായ്പകളുടെ കടക്കെണിയിൽപ്പെട്ട കർഷകരും വായ്പാ സഹകരണ പ്രസ്ഥാനവും അതാണിന്നത്തെ മാട്ടൂലിലെ കർഷകരുടെ പൊതുനില.

വിതരണം ചെയ്യപ്പെട്ട കാർഷിക വായ്പകളുടെ അനുപാതത്തിനനുസരിച്ച് ഉല്പാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞില്ലയെന്ന കാര്യം പഠനാർഹമാണ്. ജലസേചനാവശ്യത്തിന് 20 പൊതുകിണറുകൾ ഉള്ളതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. ബണ്ടുകളും തടയണകളും പ്രയോഗക്ഷമമല്ല. ആരംഭകാലത്തുണ്ടായിരുന്ന ചീർപ്പുകളും മറ്റും ഇന്ന് നഷ്ടപ്പെട്ടു പോയിരിക്കുന്നു. അവ സംരക്ഷിക്കുന്നതിനാവശ്യമായ സ്ഥിരം സംവിധാനങ്ങളുടെ അപര്യാപ്തതയും കർഷകരുടെയും സമീപസ്ഥരുടെയും അലംഭാവവും ഇതിനു കാരണമായിട്ടുണ്ട്.

3. ജലസേചന സംവിധാനങ്ങൾ

പൊതുജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5
20 എണ്ണം	–	–	–	–

ഗ്രാമ പഞ്ചായത്തിലെ ക്രോസ് ബാറുകൾ

വാർഡ് 1. പൂത്താലിക്കുളം ക്രോസ് ബാർ
3. കാവിലെ പറമ്പ് തോട് ക്രോസ്ബാർ, കിഴക്കെ വളപ്പിൽ തോട് ക്രോസ്ബാർ
4. പത്താംതോട് ക്രോസ് ബാർ, കുഞ്ഞിക്ക വളപ്പിൽ തോട് മിനി ക്രോസ്ബാർ
7. അടക്കാപിരിത്തോട് ക്രോസ്ബാർ
8. മഞ്ഞത്തോട് ക്രോസ്ബാർ, കോൽക്കാരൻ തോട് ക്രോസ്ബാർ
9. ഇട്ടമ്മക്കാരൻ തോട് ക്രോസ് ബാർ
10. വളപട്ടണംചാൽ തോട് ക്രോസ്ബാർ
11. ബാവു വളപ്പിൽ ചാൽ തോട് ക്രോസ് ബാർ.

തോടുകളും ഉപതോടുകളും (മീറ്ററിൽ):

023

വാർഡ് 1 മടക്കര പൂത്താലിക്കുളം തോട് 650 മീ.
3. കാവിലെ പറമ്പ് തോട് 325മീ.,
വൈച്ചിരെ വളപ്പിൽ തോട്, ആനക്കണ്ടി തോട് 1050 മീ.
ചെമ്പേൻതോട് 890മീ.
കിഴക്കേവളപ്പിൽ തോട് 960മീ.
4. മൂസാജിക്കാന്റെ തോട് 600 മീ.
പത്താംതോട് 1050മീ.
കുഞ്ഞിക്കവളപ്പിൽ തോട് 250മീ.
5. മഞ്ഞത്തോട് 420 മീ.
ആലക്കാൽ തോട് 610 മീ.
മമ്മയിൽ തോട് 340 മീ.
മാട്ടൂൽ പള്ളിതോട് 360മീ.
6. കൂറത്തോട് 450മീ.
,, 490 മീ.
ആയാർക്കവളപ്പിൽ തോട് 650മീ.
ദാർനീസ് തോട് 150 മീ.
7. കൂറത്തോട് 460 മീ.
,, 375 മീ.
അടക്കാപിരിത്തോട്, ബീമവളപ്പിൽ തോട് 950മീ.
8. മഞ്ഞത്തോട്, തബ്ക്കിന്റെ തോട്, ഉപതോടുകൾ 1650മീ.
കോൽക്കാരൻ തോട്, ഉപതോടുകൾ 950മീ.
10. വളപട്ടണം ചാൽ തോട്, അരീചാൽ തോട്, ഉപതോടുകൾ - 1860മീ.
ഇട്ടമ്മക്കാരൻ തോട്, ഉപതോടുകൾ 1450മീ.
11. ബാവുവളപ്പിൽ ചാൽ തോട് 460മീ.
ഇരുമ്പൻ ചാൽ തോട് 910മീ.
കക്കാടൻ ചാൽ തോട് 1240
ബണ്ണാത്തിക്കല്ല് തോട് 1050
ലക്ഷംവീട് കോളനി തോട് 450
ചാലിൽ തോട് 650മീ.

തോടുകൾ

7.55 ഏക്കർ തോടുള്ളതായി (മടക്കര 6.05ഉം മാട്ടൂൽ 1.50 ഏക്കർ) വില്ലേജ് ഓഫീസ് പുറമ്പോക്ക് രജിസ്റ്റർ സൂചിപ്പിക്കുന്നു. കാലാകാലങ്ങളായി മഴ വെള്ളവും കടൽവെള്ളവും കയറിയിറങ്ങുന്ന നിലവിലുള്ള തോടുകൾ ജലസേചനത്തിനുള്ളവയാണെന്ന് കർഷകർക്ക് ബോധ്യമല്ല.

പ്രതിവർഷം നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന വർഷപാതത്തിന്റെ ടേബിൾ ഇതോടൊന്നിച്ച് ചേർത്തിട്ടുണ്ട്.

അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ രേഖകളിൽ പറയുന്ന തോടുകൾ ഉപയോഗശൂന്യമായിപ്പോയിരിക്കുന്നു.

പഞ്ചായത്തിൽ 3 സെന്റിൽ ഒരു കുളമുള്ളതായി (പൊലുപ്പിൽ) വില്ലേജ് ഓഫീസ് പുറമ്പോക്ക് രജിസ്റ്ററിൽ കാണുന്നു.

മണ്ണ്-ജല സംരക്ഷണം സംബന്ധിച്ച് പ്രവർത്തനമൊന്നും ഫലപ്രദമായി നടക്കാത്ത അവസാഥയാണിന്ന്. മൺതരങ്ങളുടെ സർവെ സംബന്ധിച്ച് ഔദ്യോഗികമായ വിവരങ്ങളൊന്നും ലഭ്യമല്ല. മണ്ണ് പരിശോധനക്ക്ക് നേരിടുന്ന കാലതാമസം കർഷകരിൽ വ്യാപകമായ അതൃപ്തിക്ക് കാരണമാണ്. മതിയായ ജീവനക്കാരുടെ അഭാവവും കൃഷിഭവൻ നേരിടുന്ന പ്രതിസന്ധിയാണ്. ഊർജിത കാർഷികവികസനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട സംവിധാനമാണ് കൃഷിഭവൻ. കർഷകരും കൃഷിഭവനും തമ്മിൽ നിലവിൽ വലിയ ബന്ധമൊന്നും സ്ഥാപിച്ചെടുക്കാൻ സാധിച്ചില്ല എന്ന വസ്തുത ഖേദകരമാണ്. കർഷകരുടെ ഭാഗത്തുള്ള കുറ്റകരമായ അനാസ്ഥയും നിസ്സംഗതയും അജ്ഞതയും കൃഷിഭവൻ പ്രവർത്തനത്തെ മന്ദഗതിയിലാക്കുന്നു.

2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ(Ref. പുറമ്പോക്ക് രജിസ്റ്റർ)

വിസ്തീർണ്ണം ഏക്കറിൽ

വില്ലേജിന്റെ പേര്	നോൺ	തോട്	കുളം	കുഴി	റോഡ് പുറമ്പോക്ക്	റവന്യൂ വക	—	—	—	ആകെ
കോളം	1	2	3	4	5	6	7	8	9	10	11
153 മാട്ടൂൽ	23.68	1.50	0.03	423.35	—	19.81	—	—	—	468.37
163 മടക്കര	0.65	6.05	—	7.22	—	—	—	—	—	13.92
164 അതിരകം	—	—	—	199.42	—	—	—	—	—	199.42
ആകെ	24.33	7.55	0.03	629.99	—	19.81	—	—	—	681.71

അവലംബം വില്ലേജ് ഓഫീസ് രേഖ

(അവലംബം വില്ലേജ് ഓഫീസ് രേഖ.)

Monthly Weather at Mattool Panchayat During 1994

Mnth/ Year 1994	Max. temp. ഡിഗ്രി സെൽഷ്യസ്	മിനിമം temp. ഡിഗ്രി സെൽഷ്യസ്	Rainfall M.M.	ബാഷ്പീകരണം M.M.	തെളിഞ്ഞ പകൽ H / Day	ആർദ്രത രാവിലെ %	ആർദ്രത വൈകുന്നേരം %
Jan	31.9	20.7	0.0	125.3	9.3	89.7	55.1
Feb	31.9	22.2	0.0	150.4	10.3	91.8	61.8
Mar	32.1	23.8	9.2	173.5	9.5	89.8	62.6
Apl	32	24.8	154.5	158.8	9.1	90	68
May	31.9	25.6	106.2	182.9	8.3	86	69.1
Jun	28.1	23.8	1445.5	58.7	2	98.6	90
Jul	27.6	23.2	1609.7	55.4	1.2	96.6	89.2
Aug	28.7	23.6	793.2	83.5	4.1	97	79.9
Sep	29.1	23.3	139.9	123.7	7.8	94.9	73.2
Oct	30.2	23.8	469.7	95.9	5.6	95.9	73.3
Nov	31.6	22.5	73.6	123.9	7.9	94.9	62.8
Dec	31.8	19.6	0.0	150.9	10.3	93.9	50.2
1995							
Jan	31.4	19.8	0.0	145.7	9.8	92	54.9
Feb	32	22.3	0.0	141	10.5	92.3	60.6
Mar	32.5	23.4	0.0	171.6	10.3	88.3	61.1
Apl	33.4	25.6	32.2	185.6	10.1	81.6	60
May	32.8	25.4	150	171.3	8.2	85.5	67.9
Jun	30.1	26.9	907.2	96.9	3.8	94.5	80.7
Jul	27.8	23.5	1172.8	77.8	1.5	99.2	91.4
Aug	28.9	24.8	543.9	84.3	3.9	98.5	85.3
Sep	29.5	24.5	202.1	90.6	7	97.1	78.6
Oct	30.7	23.8	174.8	111.5	7.6	97.9	70.2
Nov	31	22.8	68.7	111	8.7	93.3	71
Dec	31.3	18.7	0.0	113.3	10.3	90.7	49.7

(അവലംബം പ്രദേശിക കാർഷിക ഗവേഷണം കേന്ദ്രം പീലിക്കോട്.)

026 പ്രശ്നങ്ങൾ:

കാർഷിക പ്രശ്നങ്ങളിൽ പുതിയ തലമുറക്കുള്ള താല്പര്യരാഹിത്യവും കർഷകർക്കുള്ള നിരാശയും സാമ്പത്തിക ബാധ്യതയും ഉത്പാദന ക്ഷമതാ വർധനവിലുള്ള മാന്ദ്യവും ആധുനിക ശാസ്ത്ര സാങ്കേതിക വിജ്ഞാനം ഈ മേഖലയിൽ പ്രയോഗവൽക്കരിക്കാനുള്ള വൈമുഖ്യവും കാർഷികരംഗം നേരിടുന്ന പ്രതിസന്ധിയാണ്. കന്നുകാലികളെ കയറൂരിവിട്ട് കൃഷി നശിപ്പിക്കുന്ന പ്രവണതയും കൃഷിഭവൻ പോലുള്ള സ്ഥാപനങ്ങളുടെ അപ്രാപ്യതയും മൺതരങ്ങൾക്കനുസരിച്ച് കൃഷിസമ്പ്രദായം നവീകരിക്കാനും വിപുലീകരിക്കാനുള്ള കർഷകരുടെ അജ്ഞതയും അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ദൗർലഭ്യവും ജൈവവളത്തിനു പകരം അശാസ്ത്രീയമായ രാസവള-കീടനാശിനികളുടെ ഉപയോഗവും ഉത്പാദന ക്ഷമതാ വർധന നേരിടുന്ന കടുത്ത വെല്ലുവിളിയാണ്. ഇവ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. ശാസ്ത്രീയ കാർഷിക സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് പരിശീലന സാധ്യതയില്ലായ്മയും പ്രോത്സാഹനത്തിന്റെ ലഭ്യതക്കുറവും പുരയിടവും കൊയതു കഴിഞ്ഞ പാടങ്ങളും ഇടവിളകൾക്കായി പൂർണ്ണമായി ഉപയോഗിക്കാതെ തരിശിടുന്ന ഇന്നത്തെ പ്രവണതയും ഇടവിളകൃഷി വ്യാപകമാക്കാനുള്ള സാധ്യതകളെക്കുറിച്ചുള്ള ചെറുകിട കർഷകരുടെ പരിചയക്കുറവും പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. ഉൽപന്നങ്ങളുടെ വിലക്കുറവും വിപണന സാധ്യതക്കുറവും ഈ രംഗത്ത് സർക്കാർ ഏജൻസികളുടെ കാര്യക്ഷമവും ഗുണപരവുമായ ഇടപെടലിന്റെ പോരായ്മയും വളരെ ഗൗരവമുള്ള പ്രശ്നങ്ങളാണ്.

നാളെ ഹരിതഗ്രാമം
നിർദേശങ്ങൾ, സാധ്യതകൾ

A. മൺതരങ്ങളുടെ പരിശോധനയിലൂടെ അതാത് പ്രദേശത്ത് അനുയോജ്യമായ കൃഷിസമ്പ്രദായം ആവിഷ്കരിക്കുവാനാവശ്യമായ ശാസ്ത്രസാങ്കേതിക സാധ്യതകൾ കർഷകർക്ക് ലഭ്യമാക്കുക. ശാസ്ത്രീയപരിശീലനം നടപ്പാക്കുക.

B. കൃഷിക്ക് യോഗ്യമായ നിലവും പുരയിടവും ഒരു പരിതസ്ഥിതിയിലും തരിശിടാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

C. ജലസേചന സൗകര്യം വർധിപ്പിക്കുന്നതിനാവശ്യമായ തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ നിർമിക്കുക.

D. ടൗൺ പ്ലാൻ അംഗീകരിച്ച പഞ്ചായത്ത് എന്ന നിലയിൽ കെട്ടിടനിർമാണത്തിന് അനുമതി നൽകുന്നതിനു മുമ്പായി ബന്ധപ്പെട്ടവർ അതാത് പ്രദേശത്ത് ചെന്ന് സമീപപ്രദേശങ്ങളിലെ നീരൊഴുക്ക് സംബന്ധിച്ച് പഠിച്ച് അതിനു തടസ്സമാകാത്ത വിധത്തിൽ സ്ഥിരമായ ഓവുചാലുകൾ നിർമിക്കാനുള്ള നിർദേശങ്ങൾ കൊടുക്കുകയും അവ പാലിക്കപ്പെടുന്നുണ്ടെന്നും വെള്ളം കെട്ടിനിന്ന് കൃഷിനാശം സംഭവിക്കില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്ത് മാത്രമേ കെട്ടിട നിർമാണത്തിന് അനുമതി നൽകാവൂ.

E. നിലവിലുള്ള തോടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ആവശ്യമായ സ്ഥലത്ത് ജലസേചന സൗകര്യാർഥം തടയണകളും ബണ്ടുകളും ക്രോസ്ബാറുകളും നിർമിക്കുകയും അവ പരിപാലിക്കുന്നതിന് സമീപസ്ഥരെയും ബന്ധപ്പെട്ട കർഷകരേയും ചേർത്ത്(ഗുണഭോക്താക്കൾ) ഒരു സമിതി രൂപീകരിക്കുകയും ചെയ്യുക. ഉപ്പുവെള്ളം കയറുന്നത് തടയാൻ ആവശ്യമായ ക്രോസ് ബാറുകൾക്ക് നിരപ്പലകകൾ ഇടുകയും വേണം.

F. ഒരു വീട്ടിൽ ഒരു അടുക്കളത്തോട്ടം പദ്ധതി വ്യാപകമാക്കുക. വീട്ടുപറമ്പിലും ടെറസിലും പച്ചക്കറികളും വിപണന സാധ്യതയുള്ള അലങ്കാരച്ചെടികൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ വിത്തും വളവും നൽകി അവ പ്രോത്സാഹിപ്പിക്കുകയും വനിതകളുടെ ഇടവേളകൾ പ്രയോജനപ്രദമാക്കുവാനുള്ള ഒരു തീവ്രയജ്ഞ പരിപാടിയായി ഇത് വളർത്തിയെടുക്കുക, വിപണന സാധ്യതകൾ കണ്ടെത്തുക.

G. കാർഷിക വികസനത്തിനായി (നെൽകൃഷിക്കും തെങ്ങ് കൃഷിക്കും ജലസേചനം നടത്തുന്നതിനുവേണ്ടി) 20 സെന്റ് കൈവശക്കാർക്കെങ്കിലും ഒരു കിണർ നിർമിക്കാനുള്ള ധനസഹായം നൽകുക. (10,000രൂ) ഈ തുക സബ്സിഡിയോടുകൂടിയ ലോൺ ആയി ലഭ്യമാക്കുക. പഞ്ചായ

DRDA കണ്ണൂർ, മാട്ടൂൽ വിഇഒ വഴി വിതരണംചെയ്തത്

11.3. സാമൂഹ്യവനവൽക്കരണപരിപാടിയിലൂടെ ഉത്പാദിപ്പിച്ച തൈകളുടെ വിവരം.



	വർഷം തിരിച്ച്					വിതരണം ചെയ്ത തൈകളുടെ എണ്ണം വർഷം തിരിച്ച്					
	1991	1992	1993	1994	1995	1991	1992	1993	1994	1995	1996
ഒർജുഹാവ്	—	—	—	—	—	—	5	135	97	45	100
തെങ്ങ്						—	—	37	80	175	200
തെങ്ങിൻതൈ							—	11	63	—	—
സപ്പോട്ട							—	—	—	10	50
പേരക്ക							—	—	40	—	50
വേപ്പ്							—	—	20	—	—
ആത്തച്ചക്ക							-	—	—	10	—
ആകെ	—	—	—	—	—	—	5	183	300	270	400

* ബ്ലോക്ക് ഓഫീസ് വഴിലഭിച്ച തൈകളിൽ 50% SC/ST വിഭാഗങ്ങൾക്ക് സൗജന്യമായി നൽകി.
(അവലംബം: വി.ഇ.ഒ.യുടെ രേഖ)

* ബ്ലോക്ക് ഓഫീസ് വഴി ലഭിച്ച തൈകളിൽ 50 % SC/ST വിഭാഗങ്ങൾക്ക് സൗജന്യമായി നൽകി.
(അവലംബം: വി.ഇ.ഒ.യുടെ രേഖ)

3.3 രാസവള കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം കി. ഗ്രാം	കീടനാശിനി		രാസവളം കി. ഗ്രാം	കീടനാശിനി		രാസവളം കി. ഗ്രാം	കീടനാശിനി	
		വിൽപന	ശേഖരം		വിൽപന	ശേഖരം		വിൽപന	ശേഖരം
സഹകരണം	18000	—	—	18800	—	—	15000	—	—
	10000	—	—	10000	—	—	10000	—	—
	30000	—	—	30000	—	—	25000	—	—
സ്വകാര്യം	—	—	—	—	—	—	—	—	—

(അവലംബം: കൃഷിഭവൻരേഖ)

ത്തിൽ ഭൂമി കൈവശക്കാരായ 12319 പേരിൽ പകുതിയിലേറെ പേർ(6272) ഒരു സെന്റു മുതൽ 10 സെന്റ് വരെ കൈവശക്കാരാണ്. അവരെ കൃഷിയുടെ ഗുണഭോക്താക്കളാക്കുവാൻ അടുത്തടുത്ത് താമസിക്കുന്നവരെ ചേർത്ത് ഒരു യൂണിറ്റ് എന്ന നിലയിൽ (അംഗസംഖ്യ പ്രാദേശിക സാധ്യതയ്ക്ക് അനുസരിച്ച് നിജപ്പെടുത്തുക.) ജലസേചനത്തിനുള്ള പദ്ധതിയിൽ ഭാഗഭാഗാക്കുക.

H. നാളികേരം ഉത്പാദനം വർധിപ്പിക്കുവാൻ നിലവിൽ അശാസ്ത്രീയമായി കൃഷി ചെയ്തിട്ടുള്ളതും തിങ്ങി നിൽക്കുന്നതും വിളവ് നൽകാത്തതുമായ തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് സാമ്പത്തിക സഹായം നൽകുക. അതിനുവേണ്ടി കർഷകരെ ബോധവൽക്കരിക്കുക.

I. നാളികേര തോട്ടങ്ങളിലും കൊയ്തൊഴിഞ്ഞ പാടശേഖരങ്ങളിലും നല്ലയിനം വിത്തുകൾ ഉപയോഗിച്ച് പച്ചക്കറി കൃഷി വ്യാപകമാക്കുക. മണ്ണിന് അനുയോജ്യമായ വിത്തുകളും മണ്ണിന്റെ ജൈവഘടന നിലനിർത്തുന്നതിന് ഉപകരിക്കുന്ന ശാസ്ത്രീയ വളപ്രയോഗവും സ്വീകരിക്കുവാൻ ചെറുകിട കർഷകർക്ക് വാർഡ് തലത്തിൽ പരിശീലനവും പ്രോത്സാഹനവും നൽകുക. ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

a. ആഴ്ചചന്തകളും സ്ഥിരമായ പച്ചക്കറി മാർക്കറ്റും പഞ്ചായത്ത് നേതൃത്വത്തിൽ ആരംഭിക്കുക.

b. മേൽത്തരം വിത്തിനങ്ങൾ, മറ്റ് നടീൽവസ്തുക്കളുടെയും നഴ്സറി സ്ഥാപിക്കുക. കർഷകർക്കാവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

c. കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെയും സേവനം – 'ശാസ്ത്രം വീട്ടുമുറ്റത്ത്' പദ്ധതിപ്രകാരം ലഭ്യമാക്കുക. മണ്ണ് പരിശോധനയ്ക്കും മറ്റും നേരിടുന്ന കാലതാമസം ഒഴിവാക്കി ജനസമ്പർക്ക സൗകര്യം വർധിപ്പിക്കുക.

J. കൃഷി നശിപ്പിക്കുന്ന രീതിയിൽ വളർത്തുമൃഗങ്ങളെ കയറൂരി വിടുന്ന പ്രവണത അവസാനിപ്പിക്കുക. അത്തരം മൃഗങ്ങളെ പിടിച്ച് ബന്ധിക്കുന്നതിന് ഒരു 'കയറുകാരനെ' പഞ്ചായത്ത് നിയമിക്കുന്നതിനുള്ള നടപടി ആരംഭിക്കുക. പിടിക്കപ്പെടുന്ന മൃഗങ്ങളുടെ ഉടമസ്ഥരിൽനിന്ന് നഷ്ടപരിഹാരത്തുക പിഴയായി ഈടാക്കുക.

K. നെൽകൃഷിക്കാർക്ക് ഉത്പാദന പ്രോത്സാഹനമായി 250 രൂപ നൽകി വരുന്നുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തുന്ന കർഷകർ വിരളമാണ്. ആ അവസ്ഥമാറ്റി കേരകർഷകർക്ക് കൂടി മേൽപ്രകാരം ഉത്പാദന പ്രോത്സാഹനം ഏർപ്പെടുത്തുക. ഒന്നു മുതൽ പത്ത് സെന്റ് വരെ കൈവശക്കാരായ പാവപ്പെട്ട കർഷകരെയും ഈ പദ്ധതിയിൽ ഉൾപെടുത്തുക.

L. പഞ്ചായത്തിലെ ഒരു വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ കമ്പോസ്റ്റ് കുഴികൾ നിർമിക്കുക. വേലികളിലും മറ്റ് പൊതു സ്ഥലങ്ങളിലും (റോഡോരങ്ങൾ, പഞ്ചായത്ത് അധീനതയിലും) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുമുള്ള കാർഷികേതര തരിശുകൾ എന്നിവയിൽ ശീമക്കൊന്ന, ഗൈറി, സുബാബൂൾ, സീഡിയ മറ്റ് അ[illegible]പോലുള്ള പച്ചിലവളം ഉത്പാദനത്തിനാവശ്യമായ ചെടികൾ നട്ട് വളർത്തുക.

M. ആധുനിക കൃഷി സമ്പ്രദായത്തെയും പരിചരണത്തെയും വളം, കീടനാശിനി പ്രയോഗം തുടങ്ങിയ മറ്റ് വിഷയങ്ങളെയും അധികരിച്ച് കർഷകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഡ് തല ശില്പശാലകളും സമീപപ്രദേശങ്ങളിലെ മാതൃകാകൃഷിത്തോട്ടങ്ങൾ, ശാസ്ത്ര സാങ്കേതിക ഗവേഷണശാലകൾ എന്നിവിടങ്ങളിലേക്ക് പഠനപര്യടനങ്ങൾ സംഘടിപ്പിക്കുക.

N. പ്രതിവർഷം വിവിധ ഇനം കാർഷിക സംരംഭങ്ങളിൽ(പുഴയോരങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷി ഉൾപ്പെടെ നടത്തുന്ന) മികവ് പുലർത്തുന്ന കർഷകരെ പുരസ്കാരങ്ങൾ നല്കി ആദരിക്കുക.

MATTUL GRAMA PANCHAYATH- WARD I MADAKKARA



030


GRAMA PANCHAYATH- WARD II, THEKKUMBAD I
MATTUL RIVER
RIVER
KADAVU
KADAVU
KAVU
KAVU
L.P. SCHOOL
MARKASSA
PRAWN PROCESSING CENTRE

വ്യവസായം

031



കണ്ണൂർ ജില്ലയിലെ തെക്കുംമ്പാട് എന്ന ദ്വീപും മാട്ടൂൽ എന്ന ഉപദ്വീപും മടക്കര പ്രദേശവും ഉൾകൊള്ളുന്ന മാട്ടൂൽ പഞ്ചായത്തിന് പരമ്പരാഗത കുടിൽ വ്യവസായങ്ങലുടെ ഒരു ഗതകാല ചരിത്രമുണ്ട്. ചൂടി പിരിക്കൽ, കൈത്തറി നെയ്ത്ത്,നൂൽ നൂൽപ്, കക്ക ഉപയോഗിച്ച് കുമ്മായ നിർമ്മാണം.,നാളികേര കൊപ്ര സംഭരണ കേന്ദ്രങ്ങൾ, ഓലക്കുട, പായ, കുരിയ,മുറം, കൂട്ട എന്നിവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളും പഴയകാലങ്ങളിൽ നിലനിന്നിരുന്നു.1965 ൽ മാട്ടൂൽ സെൻട്രലിൽ സ്ഥാപിക്കപ്പെട്ട നഫീസ റൈസ് ആന്റ് ഫ്ളോർ മിൽ പിന്നീട് നോർത്തിൽ സ്ഥാപിക്കപ്പെട്ട ചകിരി തല്ലുന്ന മിൽ എന്നിവയാണ് ആദ്യത്തെ പ്രധാന ചെറുകിട വ്യവസായ സംരഭങ്ങൾ.

A. പരമ്പരാഗത കുടിൽ വ്യവസായ മേഖല

(1) ചൂടി പിരി:- പരമ്പരാഗത മേഖലയിൽ പ്രധാനമായും ചകിരി പിരിച്ച് ചൂടിയാക്കലാണ് പ്രധാനം. മാട്ടൂലിൽ അന്ന് വീടുകളിൽ നിന്നും സ്ത്രീകൾ പിരിക്കുന്ന ചൂടികൾ കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നിവിടങ്ങളിലേക്ക് വിപണനം നടത്താറുണ്ടായിരുന്നു. കടയണി ചൂടി, കൊയിലാണ്ടി ചൂടി എന്നൊക്കെ പേരുള്ള ഈ ചൂടികൾ വാങ്ങിക്കുന്നതിന് മേൽ പറഞ്ഞ സ്ഥലങ്ങളിൽ നിന്നൊക്കെ ആളുകൾ മാട്ടൂൽ അന്വേഷിച്ച് വരുമായിരുന്നു.

എന്നാൽ ഇന്ന് നമുക്ക് ചൂടി ലഭിക്കണമെങ്കിൽ പോലും മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇത്തരം പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ മുരടിപ്പ് നാം അന്വേഷിച്ച് കണ്ടെത്തി അവ പുന:സ്ഥാപിക്കേണ്ടതുണ്ട്. പുതുതായി ഈ രംഗത്തേക്ക് ആളുകൾ വരാത്തത് കാരണം നാമനാത്രമായേ ഇന്ന് നിലനില്ക്കുന്നുള്ളൂ.

കാരണങ്ങൾ

1. മാതൃകയാവേണ്ട മാട്ടൂൽ സൗത്തിലെ കയർ സഹകരണ സംഘം നഷ്ടത്തിൽ പ്രവർത്തിച്ചു.

2. നോർത്ത്, സെൻട്രൽ എന്നിവിടങ്ങളിൽ ആലപ്പുഴക്കാർ എന്ന പേരിലറിയപ്പെടുന്ന തൊഴിലാളികളെ കൊണ്ട് മിഷ്യൻ ചൂടി പിരി ആരംഭിച്ചു.

3. ഗൾഫ് പണത്തിന്റെ ബലത്തിൽ മാട്ടൂൽ പഞ്ചായത്തിന്റ വിവിധ ഭാഗങ്ങളിൽ പെട്ടെന്ന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നപ്പോൾ വളരെ കുറഞ്ഞ വേതനം ലഭിച്ചിരുന്ന തൊഴിലാളികൾക്ക് പുതിയ പ്രവർത്തിയിൽ നിന്നും ആശയവഹമായ കൂലി ലഭിച്ചു .

4. ചൂടി പിരിച്ചും മറ്റും ജീവിതം നയിച്ചിരുന്ന അനേകം കുടുംബങ്ങൾക്ക് ഗൾഫ് പണം പിൻബലമായി വർത്തിച്ചു.

(II) കൈത്തറി നെയ്ത്ത്, നൂൽനൂൽപ്:- കൈത്തറി നെയ്ത്ത് മാട്ടൂൽ സൗത്ത് ഭാഗങ്ങളിൽ വളരെ മുമ്പ് തന്നെ നിലവിലുണ്ടായിരുന്നു. പിന്നീട് സെന്റർ, നോർത്ത് എന്നിവിടങ്ങളിലും ആരംഭിച്ചുവെങ്കിലും ഇപ്പോൾ ഒന്നും നിലവില്ല.

കാരണങ്ങൾ

1. കൈത്തറി രംഗത്ത് നൂൽ, ചായം എന്നിവയുടെ വില വർദ്ധനവ്.

2. വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം.

3.ആധുനിക വത്കരണത്തിന്റെയും, യന്ത്രവത്കരണത്തിന്റെയും അഭാവം.

4.സംഘടിതമായ ശ്രമങ്ങൾ ഇല്ലായ്മ.

5. പുതുതായി കടന്നുവരുന്നവർക്ക് ആവശ്യമായ പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ.

(III) കുമ്മായ നിർമാണം :– ആദ്യ കാലങ്ങളിൽ തെക്കുമ്പാട്, മടക്കര എന്നിവിടങ്ങളിൽ കക്ക ഉപയോഗിച്ച് കുമ്മായ നിർമാണം ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ നാമമാത്രമായേ നിലവിലുള്ളൂ.

(IV) നാളികേര കൊപ്ര സംഭരണ കേന്ദ്രം:– നാളികേര കൊപ്ര സംഭരണ കേന്ദ്രങ്ങൾ ആകെ അമ്പതോളം ഉണ്ടെന്നത് ആശാവഹമാണ്. എന്നാൽ

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിൽ കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കുവാൻ നമുക്ക് കഴിയും.

സ്വകാര്യമേഖലയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളായി താഴെ പറയുന്നവ പ്രവർത്തിക്കുന്നു.

ക്രമ നമ്പർ	വ്യവസായസ്ഥാപനങ്ങൾ ഇനം തിരിച്ച്	യൂണിറ്റുകളുടെ എണ്ണം
1	റൈസ് & ഫ്ളോർ മിൽ	18
2	ഓയിൽ മിൽ	2
3	ചകിരി ഫാക്ടറി	6
4	എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്	2
5	വുഡ് ഇൻഡസ്ട്രീസ്(മടക്കര)	1
6	കുമ്മായ ചൂള	4
7	സ്റ്റോൺ ക്രഷർ മിൽ	1
8	ഐസ് നിർമാണം	1
9	ബേക്കറി	21
10	മോട്ടോർ ഉപയോഗിച്ചുള്ള ഫർണീച്ചർ വർക്സ്	2
11	ഫർണീച്ചർ ഷോപ്പ്	8
12	ഹോളോബ്രിക്സ്	1

B. ചെറുകിട–വൻകിട വ്യവസായ മേഖല

വളരെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ് മടക്കര, മാട്ടൂൽ പ്രദേശം. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് വളപട്ടണം കുപ്പം പുഴയാലും ചുറ്റപ്പെട്ടു കിടക്കുന്ന മാട്ടൂൽ വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കുറച്ച് വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് വികസിച്ച് വരാൻ തുടങ്ങിയത്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയസൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത, സാമ്പത്തികശേഷി എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പരമപ്രധാനമാണ്.

മാട്ടൂൽ പഞ്ചായത്തിൽ ചെറുകിട മേഖലയിൽ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 91 യൂണിറ്റുകളാണ് ആകെ എണ്ണി പറയാനുള്ളത്.

പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ സംരഭങ്ങൾ ഇല്ല.

കാരണങ്ങൾ

1.വൈദ്യുതി രംഗത്തെ പരിമിതികൾ

പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കായ്മ, വോൾട്ടേജ് ക്ഷാമം, ലോഡ്ഷെഡിങ്ങ് എന്നിവ

2. സാമ്പത്തിക സഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്

3.സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം

4. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം

5. സംരഭകർക്ക് ആവശ്യമായ നിർദേശങ്ങളുടെയും പരിശീലനങ്ങളുടെയും കുറവ്.

6. പരസ്യത്തിന്റ ശക്തമായ സ്വാധീനം കാരണം വൻകിട കമ്പനികളുടെ ഉൽപന്നങ്ങളുമായി വിപണിയിൽ മത്സരിക്കാൻ സാധിക്കാത്തത് മൂലം ഉപഭോഗവസ്തുക്കൾ നിർമിക്കാൻ ചെറുകിടവ്യവ

സായ സംരംഭകർ മുന്നോട്ട് വരാത്ത രീതി അഥവാ വിപണന സാധ്യത കുറവ്.

നിർദേശങ്ങൾ

1.ചൂടികൊണ്ടുള്ള ഉൽപന്നങ്ങൾ നിർമിക്കുവാനുള്ള പരിശീലനവും നിർമാണവും ആരംഭിക്കുക.

2.വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്ത് തലത്തിൽ ശേഖരിക്കുകയും അതിൽനിന്ന് വ്യവസായ സംരഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ധപരിശീലനം നൽകി പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് പരിശീലനം നൽകി ബോധവൽക്കരിക്കുകയും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യണം.

3.സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവത്കരണം നടത്തുന്നതിന് നാളികേര വികസനബോർഡ്, കേരഫെഡ്, കയർ വികസന ബോർഡ്, റീജണൽ റിസർച്ച് ലബോറട്ടറി, തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

4. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കുക.

5.വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുത ലൈനുകളും ത്രീ ഫെയ്സ് ലൈൻ ആയി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

6.പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

7.സമീപ്രദേശമായ മാടായി പഞ്ചായത്തിൽ പണി ആരംഭിച്ച പഴയങ്ങാടി സബ് സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുക.

8.നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കിഎടുക്കണം.

9. ടൂറിസം വ്യവസായം വിജയകരമായി നടത്തുന്നതിന് ബോധവൽക്കരണം നടത്തണം.

10. പി.എം.ആർ.വൈ സ്കീം പ്രകാരം തൊഴിൽ സംരഭകരെ കണ്ടെത്തി ഒരുവർഷം കൊണ്ട് 20 എന്ന തോതിൽ 5 വർഷം കൊണ്ട് 100 യൂണിറ്റ് ആരംഭിക്കണം.

11. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് ധനസഹായം നൽകണം.

12 വിദേശമലയാളികളുടെ ധനസഹായത്തോടെ മാറ്റു വൻസംരഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യണം.

A. ചുരുങ്ങിയ മുതൽ മുടക്കിൽ സാധ്യതാ വ്യവസായങ്ങൾ (വിഭാവാധിഷ്ടിതം)

1. തെങ്ങുകൊണ്ട് കെട്ടിട നിർമാണ സാമഗ്രികളും ഫർണീച്ചറുകളും.
2. ചവിട്ടി, ചൂടിപ്പടം, എന്നിവയുടെ നിർമാണം.
3. തേങ്ങാ പൗഡറും ക്രീമും (തേങ്ങാ പാൽ കുഴമ്പു രൂപത്തിൽ)
4. തേങ്ങാ ഉപയോഗിച്ച് കോക്കനറ്റ് ബിസ്ക്കറ്റ്.
5. തേങ്ങാ വെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ.
6. തെങ്ങിൻതടി, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ- കയിൽ, ചട്ടുകം, സ്പൂൺ മുതലായവ
7. അവിൽ വ്യവസായം
8. നാളികേര-കൊപ്ര സംഭരണ കേന്ദ്രങ്ങൾ

B. ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ (ആവശ്യാധിഷ്ടിതം)

1 ഉന്നതനിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം.
2. അലക്ക് സോപ്പ് നിർമ്മാണം
3.ശാസ്ത്രീയമായ കോഴിവളർത്തൽ.
4.കറി പൗഡർ, അച്ചാർ നിർമ്മാണം.
5.നെയ്ത്ത്
6.മെഴുകുതിരി നിർമാണം
7.സ്വിച്ച് ബോർഡ് നിർമ്മാണം
8.അലൂമിനിയം ഫാബ്രിക്കേഷൻ വർക്സ്.
9.മരത്തടി കൊണ്ട് ആകർഷകമായ കൊത്തു പണികളോടുകൂടിയ ഫർണീച്ചറുകളും കെട്ടിട നിർമാണ സാമഗ്രികളും ഉണ്ടാ

ക്കൽ
10. ഓട്ടോ, ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്.
11.ചിരട്ട പൊടിക്കൽ
12. കരിങ്കല്ല് ഉടച്ച് ജില്ലയിലാക്കൽ
13.ചെമ്മീൻ വളർത്തു കേന്ദ്രം
14. സിമെന്റ്, ജില്ലിപൊടി, എന്നിവ ഉപയോഗിച്ച് ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്.

C വിഭാവോധിഷ്ടിത സാധ്യതാ വ്യവസായങ്ങൾ

1. വെളിച്ചെണ്ണ മിൽ
2.റീ-റിഫൈന്റ് വെളിച്ചെണ്ണ നിർമ്മാണം
3.മെഡിക്കേറ്റഡ് കോക്കനറ്റ് ഹെയർ ഓയിൽ നിർമ്മാണം
4.യന്ത്രവൽകൃത ചൂടി നിർമ്മാണം
5. യന്ത്രം ഉപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം
6. കയർ കേളിംഗ് യൂണിറ്റ്
7.ചകിരിച്ചോറ് ഉപയോഗിച്ചുള്ള വളം
8.തേങ്ങാ പിണ്ണാക്കിൽ നിന്നും കാലിത്തീറ്റ നിർമ്മാണം
9. കോഴിത്തീറ്റ നിർമ്മാണം
10. എല്ലുപൊടി, മത്സ്യവള നിർമ്മാണം
11.കക്ക ഉപയോഗിച്ചുള്ള കുമ്മായ നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് സഹകരണ മേഖലയുടെ സ്വാധീനം കാര്യമായില്ല. ആകെ കൂടി ഒരു കയർ സർവീസ് സഹകരണ സംഘവും മാട്ടുൽ ജനറൽ മാർക്കറ്റിംഗ് ആന്റ് പ്രൊസസിംഗ് കോ.സൊസൈറ്റിയും മാത്രമാണുള്ളത്.

D.സഹകരണ മേഖലയിൽ സാധ്യതാ വ്യവസായങ്ങൾ:

1. വീവേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി
2.മാച്ച് വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോപ്പറേറ്റീവ് സൊസൈറ്റി
3.വിമൻസ് ഗാർമെന്റ്സ് സൊസൈറ്റി
4.ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ കോപറേറ്റീവ് സൊസൈറ്റി

വൻകിട വ്യവസായം

1.മാട്ടുൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കൽ

2. 6-7 വാർഡിൽ ഫിഷ്ലാന്റിങ്ങ് സെന്റർ സ്ഥാപിച്ച് ഫൈബർ ബോട്ട് നിർമാണ ശാല ആരംഭിക്കൽ

3. മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻസാധ്യത യുളളതിനാൽ ചുരുങ്ങിയത് 2 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്തു ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കൽ.

4. വിദേശ-മലയാളികളുടെ ധനസഹായത്തോടെ സഹകരണാടിസ്ഥാനത്തിലോ, ജോയിന്റ് സ്റ്റോക്ക് കമ്പനി യായോ ചകിരി നാരിന്റെ കിടക്ക, തലയണ, മറ്റു ഉൽപന്ന ങ്ങൾ എന്നിവ നിർമിക്കുന്ന ഒരു സൊസൈറ്റിയോ കമ്പ നിയോ ആരംഭിക്കൽ.

ടൂറിസം വികസനം

ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായ ടൂറിസം പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ മുൻപന്തിയിലാണ്. കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ മാത്രമേ ടൂറിസ ത്തിന്റെ സാമ്പത്തിക നേട്ടങ്ങൾ സമൂഹത്തിനു ലഭ്യമാവു കയുളളൂ. സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെ ടുത്തിയിരിക്കുന്നതിനാൽ മാട്ടുൽ ഗ്രാമപഞ്ചായത്തിലെ ടൂറിസം സാധ്യതകളുളള അവികസിത പ്രദേശങ്ങളെ സജീവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി വികസിപ്പിച്ചെടുത്താൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനുളള സാധ്യതകളുണ്ട്. പ്രത്യേകിച്ച് അഴീ ക്കൽ തുറുമുഖ വികസനത്തിന്റെ ഭാഗമായി അഴീക്കൽ -മാട്ടുൽ ഭാഗത്ത് മുൻ സർക്കാർ നിർമാണം ആരംഭിച്ച ബ്രേക്ക് വാട്ടർ പദ്ധതി പൂർത്തിയാവുന്നതോടെ ആ ഭാഗ ങ്ങളിൽപ്പെട്ടെന്ന് ടൂറിസം വികസനം സാധ്യമാവും. സർക്കാർമാട്ടുൽ പഞ്ചായത്തിനെ ടൂറിസം മേഖലയായി പ്രഖ്യാപിച്ചതിനാൽ ടൂറിസം വികസനം എളുപ്പമാകും.

സാധ്യതകൾ

1. 7-ാം വാർഡിലെ ബ്രേക്ക് വാട്ടർ പദ്ധതിയുടെ പണി പൂർത്തിയാവുന്നതോടെ അവിടെ ടൂറിസ്റ്റ് കേന്ദ്രമാക്കുവാ നുളള നടപടി സ്വീകരിക്കൽ, ഷോപ്പിങ് കോംപ്ലക്സ്, താമസ ഭക്ഷണ സൗകര്യങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, യാത്ര സൗക ര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് വ്യക്തികളെ പ്രോത്സാ ഹിപ്പിക്കൽ. ഇതിനായി ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കൽ.

2. പുഴയോരത്ത് ബോട്ട് യാത്ര സൗകര്യങ്ങളോടുകൂ ടിയ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കൽ

3. മാട്ടുൽ-തെക്കുമ്പാട് -മടക്കര പ്രദേശങ്ങളെ ബന്ധ പ്പെടുത്തി ഒരു ബോട്ട് സർവീസ് ആരംഭിച്ച് ഉൾനാടൻ വിനോദസഞ്ചാരം വികസിപ്പിക്കൽ.

4. മൂന്നാംവാർഡിൽ മുണ്ടപ്രം ബോട്ടുജെട്ടി കേന്ദ്ര മാക്കി ടൂറിസ്റ്റുകൾക്ക് വേണ്ടി ഉല്ലാസബോട്ടുയാത്ര, റോപ്പ്വേ, ഐസ്ക്രീം പാർലർ, ഇളനീർ പന്തൽ എന്നിവ ഉൾകൊളളുന്ന ഒരു കോംപ്ലക്സ് സ്ഥാപിക്കൽ.

സഹകരണ മേഖല

1956-ൽ രൂപീകൃതമായ 'മാട്ടൂൽ ഐക്യനാണയ പരസ്പര സഹായ സഹകരണ സംഘം' ആയിരുന്നു മാട്ടൂലിലെ ആദ്യ സഹകരണ സ്ഥാപനം. പ്രസ്തുത സഹകരണ സംഘം മാട്ടൂലിന്റെ സാമ്പത്തിക സഹകരമ മേഖലയിൽ പല പുരോഗമനങ്ങളും വരുത്തിയിട്ടുണ്ട്. ശ്രീ. ആറുകണ്ടത്തിൽ കുഞ്ഞിക്കണ്ണനാണ് സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ്. വേട്ടുവന്റെ വളപ്പിൽ കുഞ്ഞിരാമന്റെ പീടികമുകളിൽ പ്രവർത്തനമാരംഭിച്ച ഈ സംഘം വളർന്ന് 1961 -ൽ മാട്ടൂൽ സർവ്വീസ് സഹകരണ സൊസൈറ്റിയായും 1972-ൽ മാട്ടൂൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കായും രൂപാന്തരപ്പെട്ടു. ഇന്ന് മാട്ടൂൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ ഹെഡ് ഓഫീസ് മാട്ടൂൽ നോർത്തിലും സായാഹ്നശാഖ മാട്ടൂൽ സൗത്തിലും പ്രവർത്തിച്ചു വരുന്നു.

വ്യവസായ സഹകരണ രംഗത്ത് 1958-ൽ ആരംഭിച്ച മറ്റൊരു സഹകരമ സ്ഥാപനമായിരുന്നു ' മാട്ടൂൽ കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം). സർവ്വശ്രീ. ടി. ഗോവിന്ദനായിരുന്നു ആദ്യകാല പ്രസിഡന്റ്. തുടക്കത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്നുവെങ്കിലും പ്രസ്തുത സംഘത്തിന് തൊണ്ട് തല്ല് രംഗത്തെ തൊഴിലാളികളുടെ ദൗർലഭ്യം നിമിത്തം പ്രവർത്തനം വേണ്ടവിധത്തിൽ പുഷ്ടിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ രംഗം യന്ത്രവൽകൃതമായെങ്കിലേ സംഘത്തിന് പ്രവർത്തനം ശക്തിപ്പെടുത്താനാവുകയുള്ളൂ.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന്നായി ഒരു മത്സ്യത്തൊഴിലാളി സഹകരണസംഘം ആരംഭിച്ചുവെങ്കിലും സംഘത്തിന്റെ കാര്യക്ഷമമില്ലായ്മ മൂലം ഈ സംഘം പിന്നീട് പ്രവർത്തന രഹിതമാവുകയാണുണ്ടായത്. കൺസ്യൂമേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി രംഗത്ത് മാട്ടൂൽ പഞ്ചായത്തിൽ നാല് സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും മാട്ടൂൽ പഞ്ചായത്ത് കൺസ്യൂമേഴ്സ് കോപ്പറേറ്റീവ് സ്റ്റോർ (ക്ലിപ്തം) മാത്രമാണിന്ന് പ്രവർത്തനം നടത്തിവരുന്നത്.

മാട്ടൂൽ പഞ്ചായത്ത് വനിത സഹകരണ ബാങ്ക് 1996 മുതൽ മടക്കരയിൽ പ്രവർത്തിച്ചുവരുന്നു. മാട്ടൂൽ പഞ്ചായത്ത് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി മാട്ടൂലിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് അധികം കഴിഞ്ഞിട്ടില്ല. മാട്ടൂൽ പഞ്ചായത്തിൽ രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ അടക്കം 12 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ചിലത് ഇനിയും പ്രവർത്തനം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

1978 മുതൽ മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഒരു ശാഖ മാട്ടൂൽ സൗത്തിലും 1996 മുതൽ ഇരിണാവ് സർവീസ് ബാങ്കിന്റെ ഒരു ശാഖ മടക്കരയിലും പ്രവർത്തിക്കുന്നു.

കാർഷികമേഖല:

കാർഷികവൃത്തിയെ ആശ്രയിച്ച് അനേകം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ജീവിച്ചുവരുന്നു. ഗ്രാമീണ ബാങ്കിന്റെ മാട്ടൂൽ ശാഖയും മാട്ടൂൽ സർവ്വീസ് സഹകരണ ബാങ്കും മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്കും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നുണ്ട്.

മാട്ടൂൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് വർഷത്തിൽ 20 ലക്ഷത്തോളം രൂപയുടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ തുക തികച്ചും അപര്യാപ്തമാണ്. കാർഷിക ആവശ്യങ്ങൾ നിർവഹിക്കുവാൻ നബാർഡ് 75 ലക്ഷം രൂപയെങ്കിലും അനുവദിക്കേണ്ടിയിരിക്കുന്നു.

നിക്ഷേപം:

മാട്ടൂൽ പഞ്ചായത്തിന്റെ സാദ്ധ്യതക്കനുസരിച്ച് ജനങ്ങളിൽനിന്നും വേണ്ടത്ര നിക്ഷേപം സ്വരൂപിക്കാൻ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. നിക്ഷേപ സമാഹരണരംഗം പുഷ്ടിപ്പെടുത്തി സ്വയം പര്യാപ്തത കൈവരിക്കാൻ ഈ മേഖല ഇനിയും ശ്രമിക്കേണ്ടിയിരിക്കുന്നു.

സഹകരണ സ്ഥാപനങ്ങൾ

ക്രമനമ്പർ സ്ഥാപനത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തിഗത അംഗത്വം	അംഗീകൃത മൂലധനം	കടം	നിക്ഷേപം രൂപ	വായ്പകൾ കാർഷികം/ കാർഷികേതരം		ലാഭമോ നഷ്ടമോ ലാഭം/ നഷ്ടം	ജീവനക്കാർ സ്ഥിരം/ താല്ക്കാലികം
1. മാട്ടൂൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം എൽ.എൽ 122	4-7-1956	3806	10ലക്ഷം	34,10,357	2,11,69,900	3,85,632	14328136	നഷ്ടം	16
2. മാട്ടൂൽ പഞ്ചായത്ത് വനിത സഹകരണസംഘം ക്ലിപ്തം നമ്പർ C 1404	26-3-1996	248	2,80,000		5,41,241		358480	ലാഭം	4
3. ഇരിങ്ങാവ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം No. LL116	4-101955	4692	25 ലക്ഷം		3,30,73,536	4,79,346	27196823	ലാഭം	
4. മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക് മാട്ടൂൽ ശാഖ	6-1-1978	2647	2,00,000		1,75,02,893		26631469		
5. മാട്ടൂൽ കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 235	- 1959	347							
6. കൺസ്യൂമർ കോപ്പറേറ്റീവ് സ്റ്റോർ									

നിർദേശങ്ങൾ

1. കാർഷിക വായ്പ വിതരണരംഗത്ത് ആവശ്യമായി വരുന്ന തുക നബാർഡ് അനുവദിക്കുക.

2. മാട്ടൂൽ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന തേങ്ങാത്തൊണ്ട് മാട്ടൂൽ കയർവ്യവസായ സഹകരണസംഘം മുഖേന സംഭരിച്ച് ചകിരി നിർമ്മാണത്തിന് ഉപയോഗിക്കുക. വാർഡുകൾതോറും തൊഴിൽസാധ്യതകളുള്ള കയർപിരിയൂണിറ്റ് സ്ഥാപിക്കുകയും അതുവഴി തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുകയും ചെയ്യേണ്ടതാണ്.

3. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് മാട്ടൂലിൽ ഉല്പാദിപ്പിക്കുന്ന മത്സ്യം സംഭരിക്കുക. മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങൾ നൽകുക. മത്സ്യവള നിർമ്മാണയൂണിറ്റും ആരംഭിക്കേണ്ടതുണ്ട്.

4. ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക.

5. മാട്ടൂൽ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സൊസൈറ്റിക്ക് ഗവ. മൂലധനം നൽകി പ്രവർത്തനം ത്വരിതപ്പെടുത്തണം.

6. കക്ക സംസ്ക്കരണ യൂണിറ്റ് അനുയോജ്യമായ ഒന്നാംവാർഡ് മടക്കരയിൽ സ്ഥാപിക്കുക.

7. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു സഹകരണ സംഘം സ്ഥാപിക്കുക.

8. കരകൗശല വസ്തു നിർമ്മാണ കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുക.

MATTUL GRAMA PANCHAYATH- WARD III



038 മൃഗസംരക്ഷണം മത്സ്യബന്ധനം



മടക്കര, തെക്കുമ്പാട് മാട്ടൂൽ തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് മാട്ടൂൽ പഞ്ചായത്ത്. മാട്ടൂൽ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം വിശാലമായ കടലോരവും കിഴക്ക് പുഴയോട് ചേർന്ന പ്രദേശവുമാണ്. മണൽപ്രദേശമായ മാട്ടൂൽ പഞ്ചായത്തിൽ മുമ്പ് നെൽകൃഷിയും കന്നുകാലി വളർത്തലുമായിരുന്നു ജനങ്ങളുടെ മുഖ്യ തൊഴിലുകൾ. കൊയ്ത്തുകഴിഞ്ഞാൽ കന്നുകാലികളെ അഴിച്ചു വിടുന്നതായിരുന്നു പതിവ്. കാലികൾ കക്കാടൻചാലിലെ ചെറിയ കുണ്ടുകുളങ്ങളിൽനിന്ന് വെള്ളവും കുടിച്ച് രാത്രികാലങ്ങളിൽ കടൽക്കാറ്റുംകൊണ്ട് കടപ്പുറത്ത് കഴിച്ചുകൂട്ടുകയായിരുന്നു പതിവ്. രാവിലെ അവ വീണ്ടും മേച്ചിൽ പുറങ്ങൾ തേടി പോയിരുന്നു. പച്ചക്കറികൾക്ക് വേണ്ട ജൈവവളം കക്കാടൻചാൽ കടപ്പുറത്ത് പോയി ചിലർ ശേഖരിച്ചിരുന്നു. കുറെ പശുക്കൾക്ക് പ്രത്യേകം തീറ്റ ഒന്നും കൊടുത്തിരുന്നില്ലെങ്കിലും കഞ്ഞിവെള്ളവും തവിടും ചേർത്ത വെള്ളമാണ് സാധാരണ കൊടുത്തിരുന്നത്. കാലികളുടെ കൂട്ടത്തിൽ കാളകുട്ടൻമാർ ഉള്ളതിനാൽ പ്രത്യേകിച്ച് ഇണ ചേർക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. 35 വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തിൽ കാലികൾക്ക് കുളമ്പ് രോഗം പിടിപ്പെട്ടപ്പോൾ പ്രത്യേകിച്ച് ചികിത്സാ കേന്ദ്രങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെന്നും ജാതി മരത്തിന്റെ (തേക്ക്) കൊമ്പ് കൊണ്ടുവന്ന് ചെരിച്ച് പിടിച്ച് കത്തിച്ച് അതിൽനിന്നും വരുന്ന എണ്ണ ശേഖരിച്ച് വൃണമുള്ള ഭാഗത്ത് പുരട്ടി സുഖപ്പെടുത്തുകയായിരുന്നു ചെയ്തിരുന്നതെന്ന് പഴമക്കാർ പറയുന്നു. കൂടാതെ അസുഖം ബാധിച്ച കാലികളെ ഉപ്പ് വെള്ളത്തിൽ നിർത്തുന്ന പതിവുണ്ടായിരുന്നു. പഞ്ചായത്തിൽ 1994 ആഗസ്റ്റിൽ കുളമ്പ് രോഗം വീണ്ടും സജീവമായെങ്കിലും വിദഗ്ധ ചികിത്സയും വ്യാപകമായ കുത്തിവെപ്പും നടത്തി രോഗം നിയന്ത്രണവിധേയമാക്കുകയായിരുന്നു ചെയ്തിരുന്നത്.

പഴയകാലങ്ങളിൽ ചെറിയ കന്നുകുട്ടികൾക്ക് രോഗം വരാതിരിക്കാൻ കായംകൊടുക്കുന്ന പതിവുണ്ടായിരുന്നുവെങ്കിലും ആ സമ്പ്രദായം ഇപ്പോൾ നിലവിലില്ല. വർഷങ്ങൾക്ക് മുമ്പ് ചില

കുടുംബങ്ങൾ എരുമയെ വളർത്തിയിരുന്നെങ്കിലും ഇപ്പോൾ ആരും എരുമയെ വളർത്തുന്നില്ല. പഴയ കാലത്ത് നാടൻ ഇനത്തിൽപെട്ട കോഴികൾ ധാരാളം ഉണ്ടായിരുന്നു. ഉപയോഗം കഴിഞ്ഞ് അധികം വരുന്ന മുട്ടകൾ കണ്ണൂർ മാർക്കറ്റിലും പരിസരപ്രദേശങ്ങളിലും വിറ്റഴിച്ചിരുന്നു. ഇന്ന് തമിഴ്നാട്ടിൽനിന്നും ശരാശരിവരുന്ന 50,000 ത്തിലധികം മുട്ടകൾ ആഴ്ചയിൽ നമ്മുടെ നാട്ടിൽ വിറ്റഴിക്കുന്നുണ്ട്. മാംസ്യത്തിനുവേണ്ടി കർണ്ണാടകയിൽനിന്നും പോത്തുകളെ ഇറക്കുമതി ചെയ്യുന്നു. ആഴ്ചയിൽ ശരാശരി 1 1/2 ടൺവീതം മാംസം വിറ്റഴിക്കുന്നുണ്ട്. ഒരുവിധം ആരോഗ്യമുള്ള മൃഗങ്ങളെയാണ് ഇവിടെ മാംസ്യത്തിന് ഉപയോഗിക്കുന്നത്. മുസ്ലിം പള്ളികളിലെ ചില ആഘോഷങ്ങളിലും കല്യാണത്തിനും സാധാരണയായി പോത്തിറച്ചി ഉപയോഗിക്കുന്നു.

ഗ്രാമത്തിലെ പ്രധാന വളർത്തുമൃഗം പശുവാണ്. മൊത്തം ഉള്ളതിന്റെ 80% സങ്കരവർഗമാണ്. ശരിയായ പരിപാലനം ഇല്ലാത്തതിനാൽ അവയുടെ ഉൽപാദനം മെച്ചപ്പെട്ടതല്ല. നെൽ വയലുകളുടെ വിസ്തൃതികുറവും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും കാലതീറ്റയുടെ വമ്പിച്ച വിലവർദ്ധനവും തീറ്റപ്പുല്ല്, വൈക്കോൽ, ഇവയുടെ ലഭ്യതകുറവും വേണ്ടത്ര ചികിത്സാ സൗകര്യക്കുറവും മൂലം കന്നുകാലി വളർത്തലിനോടുള്ള താൽപര്യം ജനങ്ങളിൽ കുറയുന്നുണ്ട്. ഇൽപാദന ചിലവിന് അനുപാതികമായി പാലിന് വില ലഭിക്കാത്തതിനാൽ ഈ രംഗത്ത് പുതിയ ആളുകൾ വരുന്നില്ല. പഞ്ചായത്തിൽ ഏതാനും ചിലർ കാളകളേയും നാടൻ ഇനത്തിൽപെട്ട ആടുകളെയും വളർത്തുന്നുണ്ട്. ഇവിടുത്തെ പഴയതലമുറ ആട്ടിൻപാൽ കുടിച്ചിരുന്നുവെങ്കിലും പുതിയ തലമുറ ആരും ആട്ടിൻപാൽ ഉപയോഗിക്കുന്നില്ല. പ്രസവിച്ച ആട് വീട്ടിലുണ്ടെങ്കിലും വീട്ടിലെ ചെറിയ കുട്ടികൾക്ക് വിലകൂടിയ മിൽക്ക് പൗഡർ ആണ് നൽകുന്നത്. ഇതിൽനിന്നും ആട്ടിൻ പാലിന്റെ മഹത്വത്തെ കുറിച്ച് ജനം ബോധവാൻമാരല്ലെന്ന് മനസിലാക്കാം. പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ പട്ടികൾ ഉണ്ട്. പേ വിഷനിയന്ത്രണ പരിപാടിയുടെ ഭാഗമായി അലഞ്ഞുതിരിയുന്ന നായ്ക്കളെക്കുറിച്ച് കൊന്നൊടുക്കിയെങ്കിലും പൊതുജനങ്ങളുടെ പൂർണ സഹകരം ഇല്ലാത്തതിനാൽ പൂർണമായി നശിപ്പിക്കാൻ കഴിഞ്ഞില്ല. പഞ്ചായത്തിൽ പട്ടികൾക്ക് പേ വിഷബാധക്ക് എതിരായ കുത്തിവെപ്പ് നടത്തിയിട്ടില്ല.

ഇവിടെ ചില വീടുകളിൽ അലങ്കാരത്തിനും വിനോദത്തിനുമായി ലൗ ബേർഡ്സ്, പ്രാവ്, തത്ത, മുയൽ തുടങ്ങിയവയെ വളർത്തുന്നുണ്ട്.

കന്നുകാലി സെൻസസ് 1992

പഞ്ചായത്ത്	കറവ പശുക്കൾ		കറവ ഇല്ലാത്തവ		ആകെ പശുക്കൾ	കാളകൾ	എരുമ	പോത്ത്	ആകെ കന്നുകാലികൾ	കോഴികൾ
	സങ്കരം	നാടൻ	സങ്കരം	നാടൻ						
മാട്ടൂൽ	255	333	129	173	890	103	8	1	1002	6483

1992ലെ കന്നുകാലി സെൻസസ് അവലംബം

040

മാട്ടൂൽ പഞ്ചായത്ത്
1995-96 കൃത്രിമ ബീജസംങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയവ	ആകെ എണ്ണം
പശു	298	40	338
കിടാരി	152	52	204
എരുമ	ഇല്ല	ഇല്ല	ഇല്ല
ആകെ	450	92	542

IRDP സ്കീം പ്രകാരം വിതരണം ചെയ്ത കറവമാടുകളെ സംബന്ധിച്ച വിവരങ്ങൾ

വർഷം	എണ്ണം	ഗുണഭോക്താക്കൾ	
		പട്ടികജാതി പട്ടികവർഗ്ഗം	മറ്റ് വിഭാഗക്കാർ
86-87	10	2	8
87-88	5	1	4
88-89	10	4	6
89-90	4	-	4
90-91	5	4	1
91-92	2	1	1
92-93	1	1	-
93-94	2	-	2
94-95	3	-	3
95-96	2	2	-

അവലംബം-മാട്ടൂൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസിൽനിന്ന് ശേഖരിച്ചത്.

സംരക്ഷണവകുപ്പ് മുഖേന 1995-96ൽ വിതരണം ചെയ്ത കോഴികളുടെ വിവരം

വിഭാഗം	ആകെ എണ്ണം	വില	
പട്ടികജാതി/പട്ടികവർഗ്ഗം30	150	സൗജന്യം	
മറ്റ് വിഭാഗക്കാർ 85	425	8500 രൂപ	50% സബ്സിഡി നിരക്കിൽ
ഗുണഭോക്താക്കൾ 115	575		

ICDP സബ് -സെന്റർ വിതരണം ചെയ്ത വിര മരുന്നുവിവരം

ക്രമനമ്പർ	മരുന്നിന്റെ	പേര്	വർഷം	അളവ്
1.	ലിക്വിഡ് പിപ്പറാസിൻ	1991-92	500 മി.ലി.	
2.	പിപ്പറാസിൻ അഡിപ്പേറ്റ്	1992-93	ഇല്ല	
		1993-94	ഇല്ല	
3.	പിപ്പറാസിൻ അഡിപ്പേറ്റ്	1994-95	450ഗ്രാം	
4.		1995-96	ഇല്ല.	

വിരമരുന്ന് വിതരണം ചെയ്തതിന്റെ ശോചനീയാവസ്ഥ മനസിലാക്കാവുന്നതാണ്.

1995-96ൽ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത മുട്ട- മാംസത്തിന്റെ വിവരങ്ങൾ

മുട്ട	മാംസം (പോത്ത്)
95-96ൽ 2,40,000 (ഇരുപത്തിനാല് ലക്ഷം)	95-96 18 ടൺ

അവലംബം-മുട് വിപണന കേന്ദ്രത്തിൽനിന്നും മാംസം വിപണന കേന്ദ്രത്തിൽനിന്നും ശേഖരിച്ചത്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റ, കടലപ്പിണ്ണാക്ക്, വൈക്കോൽ തുടങ്ങിയവയുടെ വമ്പിച്ച വിലക്കയറ്റം കാരണം കാലിവളർത്തൽ ആദായകരമല്ല.

2. ഗുണമേന്മയുള്ള കാലിത്തീറ്റ ലഭിക്കുന്നില്ല.

3. കൃഷിഭൂമി വീടുവെക്കാൻ പറമ്പാക്കി മാറ്റുന്നതുമൂലം പശുക്കൾക്ക് മേയാൻ വിഷമം നേരിടുന്നു.

4. ഉൽപാദനചെലവിന് ആനുപാതികമായി പാലിന് വില ലഭിക്കുന്നില്ല.

5. കന്നുകുട്ടികളുടെ മരണസംഖ്യ കൂടുന്നു.

6. കോഴികൾ വ്യാപകമായി ചത്തുപോകുന്നു.

7. മൃഗഡോക്ടർമാരുടെ സേവനം ലഭിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

8. അത്യുത്പാദനശേഷിയുള്ള മുട്ടകോഴികുഞ്ഞുങ്ങൾ ഇറച്ചികോഴികുഞ്ഞുങ്ങൾ യഥേഷ്ടം ലഭിക്കുന്നില്ല.

9. ക്ഷീരസഹകരണസംഘം പ്രവൃത്തിക്കാത്തതിനാൽ ക്ഷീരവികസന വകുപ്പു മുഖേനയുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നില്ല.

10. അലഞ്ഞ് തിരിയുന്ന പട്ടികളെ പൂർണ്ണമായും നശിപ്പിക്കപ്പെടുന്നില്ല.

സാധ്യതകളും നിർദേശങ്ങളും

1. തെങ്ങിൻതോപ്പുകളിൽ ഇടവിളയായി തീറ്റപുൽ വളർത്തുക, കൊയ്തുകഴിഞ്ഞ പാടങ്ങളിൽ വൻപയർ കൃഷി വ്യാപകമാക്കുക. പുറപോക്കുകളിൽ വൃക്ഷവിളകളായ സുബാബുൾ, പീലിവാകപിലാവ് തുടങ്ങിയവ നട്ടുപിടിപ്പിക്കുക.

2. ബ്ലോക്കടിസ്ഥാനത്തിലെങ്കിലും അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

3. എല്ലാ കന്നുകുട്ടികളെയും കാലിത്തീറ്റയുടെ വിലയുടെ ആനുപാതികമായി 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനും പദ്ധതി ICDP സബ് സെന്റർ മുഖേന നടപ്പിലാക്കുക.

4. കന്നുകുട്ടികൾക്ക് യഥാസമയം കൊടുക്കുവാൻ വിരമരുന്നും മറ്റ് അത്യാവശ്യമരുന്നുകളും ICDP സബ് സെന്ററിൽ ലഭ്യമാക്കുക.

5. കാളകുട്ടി വളർത്ത് പദ്ധതി നടപ്പിലാക്കുക.

6. കോഴികൾക്ക് കാലാകാലങ്ങളിൽ പ്രതിരോധകുത്തിവെപ്പ് നടത്തുവാൻ വേണ്ട വാക്സിൻ ICDP സെന്ററിൽ ലഭ്യമാക്കുക.

7. മൃഗാശുപത്രി സ്ഥാപിക്കുക

8. പാൽ സഹകരണ സംഘം രൂപീകരിക്കുക. ക്ഷീര കർഷകർക്ക് പെൻഷൻ നൽകുക.

9. കോഴിവളർത്തൽ

1. എല്ലാ കുടുംബങ്ങൾക്കും രണ്ട് മാസം പ്രായമുള്ള 5 കോഴികൾ (ഒരു പൂവൻ ഉൾപ്പെടെ) 50% സബ്സിഡിയോടെ വിതരണം ചെയ്യുക.

2. മടക്കര, തെക്കുമ്പാട്, മാട്ടൂൽ തുടങ്ങിയ സ്ഥലങ്ങളിൽ എഗ്ഗർ നഴ്സറി സ്ഥാപിച്ച് ഒരു ദിവസം 45 ദിവസംവരെ പ്രായമുള്ള കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള പ്രാദേശിക കേന്ദ്രങ്ങൾ തുടങ്ങുക.

3. 500 കോഴികുഞ്ഞുങ്ങളെ വിരിയിക്കാനുള്ള മൂന്ന് ഇൻക്കുബേറ്റർ സ്ഥാപിക്കുക.

10. ആടുവളർത്തൽ

1. 10, 20, 30 എണ്ണം വീതമുള്ള ചെറിയചെറിയ ആടുവളർത്തൽ യൂണിറ്റ് സ്ഥാപിക്കുക.

11. മുയൽ വളർത്തൽ

സ്കൂളിൽനിന്നും തെരഞ്ഞെടുത്ത 50 കുട്ടികൾക്ക് 2 വീതം മുയലുകളെ കൊടുത്ത് മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

12. താറാവ് വളർത്തൽ

ഓരോ കുടുംബത്തിലും 4 പിട ഒരു പൂവൻ വീതം താറാവ് കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

മത്സ്യബന്ധനം

മാട്ടൂൽ പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ നാല്പതു ശതമാനത്തോളം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. ചൂണ്ടയിട്ടും, കുറ്റിവലകെട്ടിയും നാടൻ തോണികളിലും യന്ത്രവൽകൃത ബോട്ടുകളിലും പോയി മത്സ്യം പിടിക്കുന്നവരാണിവർ. ഒന്നാം വാർഡായ മടക്കരയും 6, 7, 9 എന്നീ വാർഡുകളും കേന്ദ്രീകരിച്ചാണ് മത്സ്യബന്ധനവും

വിപണനവും അധികവും നടക്കുന്നത്. പൊതുവെ സാമ്പത്തികമായി വിദ്യാഭ്യാസമായും പിന്നിൽ നിൽക്കുന്ന ഈ വിഭാഗത്തിന് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ പ്രയോജന പ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ തെക്കുഭാഗത്ത് സ്ഥിതിചെ യ്യുന്ന അഴീക്കോട് അഴിമുഖമാണ് മാട്ടൂൽ കടലി ലേക്ക് പ്രവേശിക്കുന്നതിനുള്ള പ്രധാന കവാടം. മാട്ടൂൽ പഞ്ചായത്തിലെ മത്സ്യം പിടിക്കുന്നവർ മാത്രമല്ല സമീപ പ്രദേശങ്ങളിലെ മത്സ്യത്തൊഴി ലാളികളും ഈ അഴിമുഖം പ്രജോയജനപ്പെടു ത്തുന്നു. ചൂണ്ടയിട്ടും കുറ്റിവലകെട്ടിയും, നാടൻ തോണിയിൽ പോയി മത്സ്യബന്ധനം നടത്തുന്ന വരും അന്നന്നത്തെ അപ്പത്തിനുവേണ്ടി പണിചെ യ്യുന്നവരാണ്.

നൂറിൽപ്പരം യന്ത്രവൽകൃത ബോട്ടുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരി ക്കുന്നു. യന്ത്രവൽകൃത ബോട്ടുകൾ ശേഖരിക്കുന്ന മത്സ്യങ്ങൾ മൊത്തമായി വാങ്ങി കച്ചവടം നട ത്തുന്ന കച്ചവടക്കാരുമുണ്ട്. കടലിൽനിന്നും ശേഖ റിക്കുന്ന കടൽ വസ്തുക്കൾ (പുഴുക്കൽ) വളം നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ഈ വസ്തുക്കൾ വൻതോതിൽ ശേഖരിക്കുകയും മറ്റ് പ്രദേശങ്ങളിലേക്ക് വാഹനമാർഗം കൊണ്ടുപോ കുകയും ചെയ്യുന്നു.

മത്സ്യം വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 450 ഓളം കുടുംബങ്ങൾ ഇവിടെയുണ്ട്. വീടുവീടാ ന്തരം മത്സ്യം കൊണ്ടുനടന്ന് വില്പന നടത്തുന്ന സ്ത്രീകളേയും കാണാം.

സമൂഹത്തിലെ അവശതയനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ അവരുടെ നാനാമുഖമായ പുരോഗതി ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്കുതന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേ ണ്ടതാണ്. മത്സ്യബന്ധന രീതിയിൽ കാലാനുസൃ തമായ മാറ്റം ഉൾക്കൊള്ളാൻ പരമ്പരാഗത മത്സ്യ ത്തൊഴിലാളികളെ ബോധവാൻമാരാക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ നൽകു കയും ചെയ്യേണ്ടതാണ്.

മാട്ടൂൽ പഞ്ചായത്തിലെ ഒന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന ചിരാക്കോട്- പൊമ്പാണിച്ചിക്കാട് എന്നീ സ്ഥലങ്ങളിൽ മത്സ്യകേന്ദ്രം സ്ഥാപിക്കു ന്നതിന് അനുയോജ്യമായ ഭൂപ്രകൃതിയാണുള്ളത്. പഞ്ചായത്തിന്റെ 7-ാം വാർഡായ സൗത്തിൽ ഒരു ഫിഷർമെൻ കോളനിയും സ്ഥിതിചെയ്യുന്നു.

നിർദേശങ്ങൾ:

1. മത്സ്യം കേടുവരാതെ സൂക്ഷിക്കുന്നതിനു വേണ്ടി പൊതുമേഖലയിൽ ഒരു ഐസ് പ്ലാന്റ് സ്ഥാപിക്കുക.

2. കടൽപുഴു വൻതോതിൽ ശേഖരിച്ച് സംസ്ക രിക്കുന്നതിനു വേണ്ടി ഒരുവളം നിർമ്മാണശാല പൊതുമേഖലയിൽ സ്ഥാപിക്കുക.

3. മത്സ്യബന്ധനത്തിനിടയിൽ അപകടമരണം സംഭവിച്ചാൽ ലഭിക്കുന്ന നഷ്ടപരിഹാരതുക മത്സ്യക്ഷേമബോർഡിൽ അംഗമായാലും അല്ലെ ങ്കിലും എല്ലാ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്കും നൽകുക.

4. ചിറാക്കോട്-പെന്മാണിച്ചിക്കാട്, 6-ാം വാർഡിലെ ദാർണീസ് തോട് എന്നീ സ്ഥലങ്ങ ളിൽ ചെമ്മീൻ വളർത്തുകേന്ദ്രം ആരംഭിക്കുക.

5. 6-ാം വാർഡിൽ ഫിഷ്ലാന്റിംഗ് സെന്ററും കോൾഡ് സ്റ്റോറേജും സ്ഥാപിക്കുക.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പു കളായി തിരിച്ച് അവർക്ക് മത്സ്യബന്ധനോപകര ണങ്ങൾ നൽകുക.

7. മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു സഹകരണ സംഘം സ്ഥാപിക്കുക.

8. മത്സ്യഫെഡിന്റെ ഒരു യൂണിറ്റ് മാട്ടൂൽസൗ ത്തിൽ ആരംഭിക്കുക.

9. മത്സ്യത്തൊഴിലാളികളുടെ സന്താനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ആനുകൂല്യം നൽകുക.

10. മത്സ്യത്തൊഴിലാളികൾക്ക് ആധുനിക മത്സ്യബന്ധന പരിശീലനം നൽകുക.

11. പട്ടികജാതി-പട്ടികവർഗ്ഗകാർക്ക് അനുവദി ച്ചിട്ടുള്ളതുപോലെ എല്ലാ മേഖലകളിലും മത്സ്യ ത്തൊഴിലാളികൾക്ക് സംവരണം ഏർപ്പെടുത്തുക.

12. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ചു നൽക്കുന്നതിനുവേണ്ട നട പടികൾ സ്വീകരിക്കുക.

13. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടു കൾ വൈദ്യുതീകരിച്ച് നൽകുക.


MATTUL GRAMA PANCHAYATH - WARD IV
NORTH
WARD- III
JASINTHA — KALARI ROAD
COIR FACTORY
WELL
KALYANA MANDAP
AIDED L.P SCHOOL
ANGANVADI
KALARI
KAVU
FOOT PATH
ROAD
MOOSA THODU
THULUVADATH MASJID
FOOT PATH
THODU
CULVERT
FIRE FORCE POOL
SIDDEEKABAD — C.M.L.P. SCHOOL ROAD
SIDDEEK MASJID
THODU
CROSS BAR
THODU
MASJID
ANGANVADI
C.M.L.P. SCHOOL
CULVERT
KUNHIKKA VALAPPIL THODU
CULVERT
FOOT PATH
CENTRAL JUMA MASJID
WARD IX
MOIDEEN MASJID
ROAD → THEKKUMBAD KADAVU
KADAVU
RIVER
WARD- V

MATTUL GRAMA PANCHAYATH - WARD V



ആരോഗ്യം, കുടിവെള്ളം, ശുചിത്വം

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള വീടും പരിസരവും എന്നിവ മനുഷ്യരുടെ ആരോഗ്യസംരക്ഷണത്തിന്റെ പ്രധാന ഘടകങ്ങളാണ്. 1962 വരെ മാട്ടൂലിൽ ആരോഗ്യസംരക്ഷണത്തിനായി സർക്കാർ ആശുപത്രികൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. പാരമ്പര്യ വൈദ്യൻമാരായിരുന്നു രോഗികളെ ചികിത്സിച്ചിരുന്നത്. അന്ധവിശ്വാസങ്ങളിൽ രോഗശമനത്തിനായി മന്ത്രവാദവും നേർച്ചയും മറ്റും നടത്തിയിരുന്നു. കാലാകാലങ്ങളിൽ പിടിപെടാറുള്ള വസൂരി, പൊട്ടി മുതലായ അസുഖങ്ങളും സാധാരണയായിരുന്നു.

ആയൂർവേദ ചികിത്സാരംഗത്ത് പാരമ്പര്യ വൈദ്യൻമാരായിരുന്ന സർവ്വത്ര ഇ.പി. അച്ച്യുതൻ വൈദ്യർ, ചന്തുക്കുട്ടി വൈദ്യർ, കുഞ്ഞമ്പു കുട്ടി വൈദ്യർ, എൻ.കെ. രാമൻ വൈദ്യർ, ഇ.പി. കുഞ്ഞിരാമൻ വൈദ്യർ എന്നിവരും മർമ്മ ചികിത്സാ രംഗത്ത് കരി ഗുരുക്കളും ഐ.വി. ഈസക്കുട്ടി എന്നിവരും അലോപ്പതി രംഗത്ത് ചെറുകുന്ന് സ്വദേശികളായ ഡോ. നാരായണമേനോൻ(LMP), ഡോക്ടർ എ.കെ. കാദർകുഞ്ഞി, ഡോ. സി.പി. കുഞ്ഞിമൊയ്തീൻ, അഴീക്കോട് സ്വദേശികളായ ഡോ. പച്ചകുഞ്ഞിരാമൻ(LMP) എന്നിവരും മാട്ടൂലിൽ ആതുരശുശ്രൂഷ നടത്തിവന്നവരായിരുന്നു. അന്ധവിശ്വാസങ്ങൾ കൊടുമ്പിരികൊണ്ടിരുന്നപ്പോൾപോലും വസൂരി, പൊട്ടി തുടങ്ങിയ പകർച്ച വ്യാധികളെ ശുശ്രൂഷിക്കാൻ ധൈര്യം കാണിച്ച വ്യക്തിയായിരുന്നു ചോത്തൻ കുഞ്ഞമ്പു.

പ്രസവസംബന്ധമായ ശുശ്രൂഷകൾ നടത്തിയിരുന്നത് പേറ്റിച്ചികളായിരുന്നു. അധികവും പ്രസവങ്ങൾ വീടുകളിൽതന്നെ നടന്നിരുന്നു. ശ്രീമതി ആയിഷ, കെ.വി. മാധവി, കെ.വി. സരസ്വതി, ഇ.പി. ചെറിയ, എം.ടി. മാണി, കല്യാണി എന്നിവർ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. വിദഗ്ദചികിത്സകൾക്കായി ജനങ്ങൾ മാട്ടൂലിന് പുറത്തുള്ള പാരമ്പര്യ വൈദ്യന്മാരേയും ആശ്രയിച്ചിട്ടുണ്ട്.

1962 ജാനുവരി 25ന് ഇന്നത്തെ മൂന്നാം വാർഡിലെ മുണ്ടപ്രം ബോട്ട് ജട്ടിക്ക് സമീപം ഒരു വാടക കെട്ടിടത്തിൽ ആയൂർവേദ ഡിസ്പൻസറി പ്രവർത്തനമാരംഭിച്ചു. പഞ്ചായത്ത് ജെ.ആർ.വൈ ഫണ്ടും നാട്ടുകാരുടെ സഹായസഹകരണത്തോടെയും ഈ ഡിസ്പെൻസറി 1995 ആഗസ്റ്റിൽ ആറ് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന ജനാബ് സി.ടി. അഹമ്മദാലി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. പതിനൊന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നതും സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ ആശുപത്രിയുടെ റോഡിന് വേണ്ടി സ്ഥലം നൽകിയത് പരേതയായ ശ്രീമതി വി.വി. ആയിഷ ഉമ്മയാണ്.

1967ൽ മാട്ടൂൽ പഞ്ചായത്തിന്റെ മുൻ പ്രസിഡന്റ് ശ്രീ സി.വി. കുഞ്ഞാമത് സംഭാവന ചെയ്ത സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് അലോപ്പതി ഡിസ്പെൻസറി ആരംഭിച്ചു. അക്കാലങ്ങളിൽ പഴയങ്ങാടി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ ആഴ്ചയിൽ രണ്ട് ദിവസം ഈ ഡിസ്പെൻസറിയിൽ എത്തി രോഗികളെ പരിശോധിച്ചിരുന്നു. 1968 മാർച്ചിൽ അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വെല്ലിംഗ്ടൺ ഈ ഡിസ്പെൻസറിയുടെ ഉദ്ഘാടന കർമം നിർവഹിക്കുകയും സ്ഥിരമായി ഒരു അലോപ്പതി ഡോക്ടറെ നിയമിക്കുകയും ചെയ്തു. ഇങ്ങനെ നിയമിതനായ ആദ്യത്തെ മെഡിക്കൽ ആഫീസറായിരുന്നു ഡോക്ടർ എം.എം. മൊയ്തീൻ.

1972ൽ നാട്ടുകാരുടെ സഹായസഹകരണത്തോടെ ഇന്ന് കാണുന്ന സ്ഥലത്ത് ആശുപത്രിക്ക് ആവശ്യമായ സ്ഥലംവാങ്ങി അവിടെ കെട്ടിടം പണിതു. 24 കിടക്കകളുള്ള പ്രസ്തുത ആശുപത്രിയുടെ ഉദ്ഘാടനം അന്നത്തെ ആരോഗ്യമന്ത്രിയായിരുന്ന ശ്രീ. എൻ.കെ. ബാലകൃഷ്ണൻ നിർവഹിച്ചു. ആശുപത്രിയോടനുബന്ധിച്ച് 1983ൽ 8 കിടക്കകളുള്ള ഒരു പ്രസവവാർഡ് കൂടി നിർമിക്കുകയുണ്ടായി. അതിന്റെ ഉദ്ഘാടനം നിർവഹിച്ചത് അന്നത്തെ ആരോഗ്യവകുപ്പ്മന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമനായിരുന്നു.

പ്രസവവാർഡ് ഉണ്ടെങ്കിലും ഒരു ഗൈനക്കോളജിസ്റ്റ്(ലേഡി ഡോക്ടർ) ഇല്ലാത്തതിനാൽ ഗർഭിണികൾ അയൽ പ്രദേശങ്ങളിലെ ആശുപത്രിയെയാണ് പ്രസവത്തിനായി അധികവും ആശ്രയിക്കുന്നത്. ഈ ആശുപത്രിയിൽ രണ്ട് പുരുഷ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നു. ഗവ. ആശുപത്രിയോടനുബന്ധിച്ച് ഒരു ശിശുരോഗവിഭാഗം കൂടി ആരംഭിക്കേണ്ടതുണ്ട്.

മൂന്നാം വാർഡിൽ ഗവ. ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നു. ഹോമിയോ ഡിസ്പൻസറിക്കുവേണ്ടി ഏഴാം വാർഡിൽ പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

പാരമ്പര്യ വൈദ്യൻമാരായ പി.വി. കുഞ്ഞിക്കണ്ണൻ വൈദ്യർ, ഇ.പി. കൃഷ്ണൻ വൈദ്യർ, കെ.വി. ഗംഗാധരൻ വൈദ്യർ എന്നിവരും ഡോക്ടർ പി.ടി. നാരായണൻ, ഡോ. പി.വി. ശാന്ത എന്നിവരും സ്വകാര്യ ആയൂർവേദ ക്ലിനിക്കുകൾ നടത്തുന്നു. ഗൗരി ആയൂർവേദ ഔഷധശാല സ്വന്തമായി ആയൂർവേദ ഔഷധങ്ങൾ നിർമിച്ചു വരുന്നു. ഡോക്ടർ എം.എം. മൊയ്തീൻ, ഡോ. മുസ്തഫ കമാൽപാഷ, ഡോ. അബ്ദുൽ സലാം എന്നിവർ അലോപ്പതി ക്ലിനിക്കുകളും മാട്ടൂലിൽ നടത്തിവരുന്നു.

നിർദേശങ്ങൾ

1. മടക്കര മൊബൈൽ ഡിസ്പൻസറി ആരംഭിക്കുക.
2. മൂന്നാം വാർഡിൽ നിലവിലുണ്ടായിരുന്ന J.P.H.N സെന്റർ പുനഃസ്ഥാപിക്കുക.
3. മാട്ടൂൽ ഗവൺമെന്റ് ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ (ലേഡി) നിയമിക്കുക.
4. ഗവ. ആയൂർവേദാശുപത്രിയുടെ കോമ്പൗണ്ട് വാൾ നിർമിക്കുക.
5. രക്തഗ്രൂപ്പ് നിർണയനം നടത്തുക.
6. മദ്യപാനം, പുകവലി, മയക്കുമരുന്ന് ഉപഭോഗം എന്നിവക്കെതിരെ സന്നദ്ധ സംഘടനകളെ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക.
7. പ്രതിരോധ കുത്തിവയ്പ്പ് കാര്യക്ഷമമാക്കുക.

8. മാട്ടൂൽ സൗത്തിൽ സ്ഥിതി ചെയ്യുന്ന കുടുംബക്ഷേമ കേന്ദ്രത്തിന്റെ സേവനം വിപുലമാക്കുക.

9. നിലവിലുള്ള എല്ലാ ആശുപത്രികളിലും ഡിസ്പൻസറികളിലും മരുന്നുകൾ യഥാസമയം എത്തിക്കുക.

10. മാട്ടൂൽ ഗവ. ആശുപത്രിയിൽ ഒരു ചിൽഡ്രൻസ് വാർഡ് പണിയുക.

11. ഗവ. ആയൂർവേദ ആശുപത്രി 20 കിടക്കകളെങ്കിലും ഉള്ള ആശുപത്രിയായി ഉയർത്തുക.

12. തെക്കുമ്പാട് ഒരു അലോപ്പതി ഡിസ്പെൻസറി ആരംഭിക്കുക.

കുടിവെള്ളം

ജലത്തിന്റെ കാര്യത്തിൽ മാട്ടൂൽ പൊതുവെ അനുഗ്രഹീതമാണെങ്കിലും ഉപ്പുവെള്ളത്തിന്റെ കെടുതി മടക്കര(വാർഡ് 1), തെക്കുമ്പാട്(വാർഡ്2), കാവിലെപറമ്പ്(വാർഡ് 3), പൊലുപ്പ്(വാർഡ് 4) എന്നിവിടങ്ങളിലും പുഴയോരത്തും 8, 9 വാർഡുകളുടെ മധ്യഭാഗത്തും അനുഭവപ്പെടുന്നു. ജലക്ഷാമം അനുഭവപ്പെടാറുള്ള ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽപോലും മാട്ടൂലിൽ ജലക്ഷാമം അനുഭവപ്പെടാറില്ല.

കേരളാ വാട്ടർ അതോറിറ്റിയുടെ പയ്യട്ടം സെന്ററിൽ നിന്നും ഒന്നാം വാർഡായ മടക്കരയിലും തെക്കുമ്പാടും നിർമിച്ചിട്ടുള്ള പമ്പ് ഹൗസിൽനിന്നും തെക്കുമ്പാടും ആറാം വാർഡിൽ നിർമിച്ചിട്ടുള്ള പമ്പ് ഹൗസിൽനിന്നും പഞ്ചായത്തിലെ അഞ്ചും ആറും വാർഡുകളിലും കേരള വാട്ടർ അതോറിട്ടിയുടെ ശുദ്ധജല വിതരണം നടത്തിവരുന്നു.

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 95-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് വിവിധ വാർഡുകളിലായി 6 പൊതു കിണറുകൾ പുതുതായി നിർമിക്കുകയും 3 നിലവിലുള്ള കിണറുകൾ റിപ്പയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വരൾച്ചാ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് പൊലുപ്പിൽ ഒരു കിണറും നിർമിക്കുകയുണ്ടായി.

1995ൽ മാട്ടൂൽ പഞ്ചായത്ത് ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പതിനൊന്നാം വാർഡിൽ നിർമിച്ച ശുദ്ധജല വിതരണ കേന്ദ്രത്തിൽനിന്നും ശുദ്ധജലം ഉപ്പുവെള്ളത്തിന്റെ കെടുതികളുള്ള 3, 4, 11 എന്നീ വാർഡുകളിൽ വിതരണം നടത്തിവരുന്നു.

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ 3303 കുടുംബങ്ങൾ കുടിവെള്ളത്തിന് കിണറുകളെയും 173 കുടുംബങ്ങൾ പൈപ്പ് വെള്ളത്തെയും ആശ്രയിക്കുന്നു. 436 വീടുകൾ സ്വന്തമായി കിണറില്ലാത്തവരാണ്.

കേരള വാട്ടർ അതോറിട്ടി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കാലപ്പഴക്കം മൂലം തരുമ്പെടുത്ത പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കേണ്ടതുണ്ട്.

വർഷകാലത്തെ മഴവെള്ളം തടയപ്പെടുന്നതു കാരണം കെട്ടിനിൽക്കുന്ന വെള്ളം സമീപപ്രദേശങ്ങളിലുള്ള കിണറുകളെ മലീമസപ്പെടുത്തുന്നു. വർഷകാലത്തെ വെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിനുവേണ്ട തോടുകൾ വൃത്തിയാക്കി സംരക്ഷിക്കേണ്ടതുണ്ട്.

നിർദേശങ്ങൾ:

1. കേരള വാട്ടർ അതോറിറ്റിയുടെ തുരുമ്പെടുത്ത ജലവിതരണ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുക.

2. കേരള വാട്ടർ അതോറിറ്റിയുടെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഴക്കം ചെന്ന വാട്ടർ ടാങ്ക് മാറ്റി പുതിയത് സ്ഥാപിക്കുക.

3. മടക്കരയിലെ നിലവിലുള്ള പൈപ്പ് ലൈൻ ചിറാക്കോട്ട് വരെ നീട്ടുക. മടക്കര തെക്കുഭാഗത്തേക്ക് പുതിയതായി പൈപ്പ്ലൈൻ നിർമിക്കുക.

4. തെക്കുമ്പാട് നിലവിലുള്ള പൈപ്പലൈൻ തെക്കോട്ടും വടക്കോട്ടും നീട്ടുക.

5. 4-ാം വാർഡിൽ നിലവിലുള്ള പൈപ്പ് ലൈൻ തെക്കുഭാഗത്തേക്ക് നീട്ടുക.

6. 6-ാം വാർഡിൽ വാട്ടർ ടാങ്കിൽനിന്നും 7-ാം വാർഡിലേക്ക് പുതുതായി ലൈൻ വലിച്ച് ജലവിതരണം നടത്തുക.

7. ജലം ഒഴുകിപ്പോകുന്നതിനുള്ള തോടുകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് എതിരെ ജനങ്ങളെ ബോധവാൻമാരാക്കുക.

പരിസരശുചിത്വം

തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നത് ആരോഗ്യത്തിന് ഹാനികരമാണ്. മലമൂത്രവിസർജനത്തിന് സ്വന്തമായി കക്കൂസ് ഇല്ലാത്ത 1272ഓളം വീടുകൾ ഈ പഞ്ചായത്തിലുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരിലാണ് ഈ അവസ്ഥ കാണപ്പെടുന്നത്. സുരക്ഷിതമല്ലാത്ത ഒരു കുഴി കക്കൂസ് ഉപയോഗിക്കുന്നവരും കുറവല്ല. കക്കൂസുകൾ വേണ്ടവിധത്തിൽ കെട്ടിസംരക്ഷിക്കാത്തതിനാൽ കൊതുകുകൾ പെരുകുന്നതിന് കാരണമാകുന്നു. പൊളിഞ്ഞു കിടക്കുന്ന ടാങ്കുകൾ മെയിന്റനൻസ് ചെയ്തും എയർ പൈപ്പിൽ നെറ്റ് കെട്ടിയും കൊതുകിന്റെ കൂത്താടി വളർച്ചയെ തടയാവുന്നതാണ്.

പഞ്ചായത്തിന്റെ 7-ാം വാർഡിലെ ഫിഷർമെൻ കോളനിയിലും എട്ടാം വാർഡിലെ ലക്ഷം വീട് കോളനികളിലും പഞ്ചായത്ത് നിർമിച്ചു നൽകിയ കക്കൂസ് ഉണ്ടെങ്കിലും അതുവേണ്ടത്ര പ്രയോജനപ്പെടുത്താൻ കോളനി നിവാസികൾക്കായിട്ടില്ല.

നിർദേശങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമിച്ചു നൽകുക.

2. പൊട്ടിപ്പൊളിഞ്ഞ കക്കൂസുകൾ യഥാസമയം റിപ്പയർ ചെയ്യുക.

3. കൊതുകു നിവാരണത്തിനായി വീടുവീടാന്തരം മരുന്ന് തളിക്കുക.

050

MATTUL GRAMA PANCHAYATH- WARD VI



MATTUL GRAMA PANCHAYATH - WARD VII



വനിതാക്ഷേമം

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരുഭാഗം സ്ത്രീകളാണെങ്കിലും വിദ്യാഭ്യാസ, സാമൂഹ്യ, രാഷ്ട്രീയ, കായികരംഗങ്ങളിൽ അവർ എന്നും പിൻ നിരയിൽ തന്നെയായിരുന്നു. ചരിത്ര പരമായി രാഷ്ട്രീയ, സാംസ്കാരിക-സാമൂഹ്യ രംഗങ്ങളിലൊന്നുംതന്നെ എടുത്തുപറയത്തക്ക നേട്ടങ്ങളൊന്നും കൈവരിച്ചിട്ടില്ലെങ്കിലും ഗ്രാമാന്തരീക്ഷത്തിലധിഷ്ടിതമായ കൈതൊഴിലുകളിലൂടെ അവർ ശാന്തമായ കുടുംബജീവിതം നയിച്ചു വരുന്നവരാണ്.

പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 50 ശതമാനത്തിലധികവും സ്ത്രീകളാണ്. മുൻകാലങ്ങളിൽ മുസ്ലീം സ്ത്രീകളിൽ ഔപചാരിക വിദ്യാഭ്യാസം കുറവായിരുന്നു. അവർ വിദ്യാഭ്യാസം മതപഠനങ്ങളിൽമാത്രം ഒതുക്കിനിർത്തി. സാമ്പത്തികപരാധീനതകളും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവും വിദ്യാഭ്യാസരംഗം ബലികേറാമലയായി. എങ്കിലും എഴുത്തും വായനയും അറിയുന്നവർ വിരളമായിരുന്നില്ല.

മാട്ടൂലിലെ വിവിധ പ്രദേശങ്ങളിലുള്ള സാമൂഹിക പരിഷ്കർത്താക്കളുടെ ശ്രമഫലമായി സ്ത്രീവിദ്യാഭ്യാസരംഗം വലിയൊരു മാറ്റത്തിന് വഴിയൊരുക്കി. അങ്ങനെ സ്ത്രീകളുടെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുകയും വിശിഷ്യാ പഠിക്കുന്നതിൽ വിമുഖത പ്രകടിപ്പിച്ചിരുന്ന മുസ്ലീം പെൺകുട്ടികളിൽ പഠിക്കുവാനുള്ള താൽപര്യം വർദ്ധിക്കുകയും ചെയ്തു. പിന്നീടുണ്ടായ പ്രോജ്ജ്വലവും അഭിമാനകരവുമായ മാറ്റങ്ങളിൽ ആൺകുട്ടികളെ പിന്നിലാക്കിക്കൊണ്ട് പെൺകുട്ടികൾ സ്കൂളിൽ എത്തിച്ചേരുന്നതിലും വിജയം കൈവരിക്കുന്നതിലും മേധാവിത്വം നിലനിർത്തുന്നു. 1995-96 അക്കാഡമിക് വർഷത്തിൽ മാട്ടൂൽ സി.എച്ച്. മുഹമ്മദ് കോയ സ്മാരക ഗവ. ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നാം ക്ലാസോടുകൂടി യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയതും പെൺകുട്ടികൾ തന്നെയായിരുന്നു. കൂടാതെ മാട്ടൂൽ നോർത്തിൽ ഒരു അൺ എയ്ഡഡ് ഗേൾസ് ഹൈസ്കൂളും സ്വകാര്യ മേഖലയിൽ മറ്റ് രണ്ട് ഗേൾസ് ഹൈസ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

ഇപ്പോൾ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അധ്യാപകരിൽ അധികവും സ്ത്രീകളാണ്. ഹൈസ്കൂൾ ക്ലാസുകളിൽ പഠനം നിർത്തുന്ന പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. കോളജ് വിദ്യാഭ്യാസം നേടികൊണ്ടിരിക്കുന്നവരുടെ എണ്ണം താരതമ്യേന വർദ്ധിച്ചിട്ടുണ്ട്. മാട്ടൂലിനെ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസം നേടൽ വിവാഹവേദിയിലെ മാറ്റുരയ്ക്കലല്ലെങ്കിലും എം.ബി.ബി.എസ്., ബി.ഡി.എസ്, എഞ്ചിനിറിംഗ് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുമുണ്ട്. പഞ്ചായത്തിൽ സ്ത്രീ ജനങ്ങളിൽ വനിതാ ഉദ്യോഗസ്ഥരുടെ എണ്ണം തുലോം കുറവാണ്.

സാക്ഷരതാ പരിപാടിയുടെ പ്രവർത്തന ഫലമായി അനേകം നിരക്ഷരരായ അമ്മമാരെ സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ട്. പഠിക്കാൻ അവസരം നഷ്ടപ്പെട്ടുപോയ പഞ്ചായത്തിലെ ധാരാളം സ്ത്രീകൾക്ക് അക്ഷരജ്ഞാനം ലഭിച്ചിരുന്നു. അത്യധികം ആവേശത്തോടെയാണ് ഈ പരിപാടിയെ സ്ത്രീകൾ എതിരേറ്റത്. ധാരാളം യുവതികൾ അതിന്റെ ഇൻസ്ട്രക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് അറിവിന്റെ പുതിയ പുതിയ പടവുകൾ കടന്നുപോകുവാൻ കൊതിച്ചു നിൽക്കുന്ന നവസാക്ഷരർക്ക് തുടർ പരിപാടിയുടെ അഭാവം വലിയ മാനസിക പ്രയാസമാണ് ഉണ്ടാക്കിയത്.

സ്കൂളുകളിൽ അടുത്തകാലത്ത് മദർ പി.ടി.എ രൂപീകരിക്കപ്പെട്ടതോടുകൂടി അമ്മമാർ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ അതീവ താൽപര്യം കാണിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഇത് ശുഭ പ്രതീക്ഷയ്ക്ക് വക നൽകുന്നു.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. ഗ്രാമപഞ്ചായത്തിൽ നാല് വനിതാ മെമ്പർമാർ ഉണ്ടെങ്കിലും മറ്റ് മേഖലയിൽ അർഹമായ പ്രാതിനിധ്യം നേടിയെടുക്കാനായിട്ടില്ല. പൊതുരംഗത്തേക്ക് കടന്നുവരാൻ സ്ത്രീകൾ വൈമുഖ്യം കാണിക്കുന്നതാണ് കാരണം. ഈ പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ മഹിളാ സമാജനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും സമാജത്തിന് സ്ത്രീകളിൽ കാര്യമായി ബോധവൽക്കരണം നടത്തുവാനോ, വേണ്ട വിധം സംഘടിപ്പിക്കുവാനോ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ ഒന്നാം വാർഡായ മടക്കരയിൽ ഒരു വനിതാ സഹകരണ സംഘം 1996-ൽ സ്ഥാപിക്കപ്പെട്ടത് ഈ രംഗത്ത് എടുത്തുപറയത്തക്ക ഒന്നാണ്.

സാമൂഹ്യമണ്ഡലത്തിൽ കടന്നുകയറിയ ദുരാചാരത്തേയും ആഢംബരഭ്രമത്തേയും തൂത്തെറിയേണ്ടതുണ്ട്. സ്ത്രീ പീഢനം ഇല്ലെങ്കിലും സ്ത്രീധന സമ്പ്രദായവും കല്ല്യാണാവശ്യത്തിന്റെ പേരിലുള്ള പാഴ്ചെലവുകളും നിലവിലുണ്ട്. സ്ത്രീധനം എന്ന കടമ്പ ഒരു കീറാമുട്ടിയായതിനാൽ വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന ധാരാളം സഹോദരിമാർ നമ്മുടെ ഇടയിലുണ്ട്.

കുടുംബനാഥന്റെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന ചില കുടുംബങ്ങൾ ഉണ്ടെങ്കിലും ചാരായനിരോധനം ഒരളവോളം അവർക്ക് ആശ്വാസമേകിയിട്ടുണ്ട്.

പഞ്ചായത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യരക്ഷയ്ക്കായി പ്രത്യേക ആശുപത്രിയില്ലെങ്കിലും മാട്ടൂൽ ഗവ. ആശുപത്രിയോടനുബന്ധിച്ചുള്ള പ്രസവവാർഡ് ഒരളവോളം ആശ്വാസമേകുന്നു. ആശുപത്രിയിൽ ഗൈനകോളജിസ്റ്റിന്റെ ഒഴിവു നികത്തപ്പെടേണ്ടതുണ്ട്.

ഗവൺമെന്റ് ആശുപത്രിയോടനുബന്ധിച്ച് ഒരു ശിശുരോഗചികിത്സാ വിഭാഗം കൂടി നിർമ്മിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 22 അംഗനവാടികളുണ്ട്. അമ്മമാർക്കും കുട്ടികൾക്കും നൽകുന്ന പോഷകാഹാരം വിതരണം മെച്ചപ്പെടുത്തേണ്ടതുണ്ട്.

മുൻകാലങ്ങളിൽ ചൂടി പിരിക്കലും കൊയ്ത്തും സ്ത്രീകളുടെ കുത്തകയായിരുന്നു. മുസ്ലിം വീടുകളുടെ മുറ്റത്ത് സബീനപ്പാട്ടും പാടി ചൂടി പിരിക്കുന്ന സ്ത്രീകളുടെ ചെറുചെറു സംഘങ്ങൾ കാണാമായിരുന്നു. കൊയ്ത്തു കാലങ്ങളിൽ സ്ത്രീകളുടെ കൊയ്ത്തുപാട്ടും സാധാരണയായിരുന്നു. എന്നാൽ ഇന്ന് ഇവ രണ്ടും ഓർമ്മകളിൽ ഒതുങ്ങി നിൽക്കുന്നു. കാലക്രമേണ

ഇന്നത്തെ പരിഷ്കൃത സമൂഹത്തിന്റെ പരിച്ഛേദം എന്നോണം പ്രത്യക്ഷത്തിൽ ഇവിടുത്തെ സ്ത്രീകളും വളർന്നിരിക്കുന്നു. തൊഴിൽ രംഗത്ത് മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ജോലികൾ ഇവർ ചെയ്യുന്നുണ്ട്.

പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിയിലെ ദാരിദ്ര്യം.

2. സ്ത്രീകളിലെ വിദ്യാഭ്യാസ നിലവാരമില്ലായ്മ.

3. പൊതുരംഗത്ത് വരുന്നതിലെ വൈമുഖ്യം.

4. സ്ത്രീകൾക്കായുള്ള ക്ഷേമപദ്ധതികളുടെ അഭാവം.

5. സ്ത്രീകളുടെ തൊഴിലില്ലായ്മ.

6. വിവിധ സർക്കാർ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ.

നിർദേശങ്ങൾ

1. അമ്മമാർക്കും കുട്ടികൾക്കുമുള്ള പോഷകാഹാര പദ്ധതി നടപ്പിലാക്കുക.

2. മാട്ടൂൽ കേന്ദ്രീകരിച്ച് ഒരു വനിതാ സഹകരണസംഘം സ്ഥാപിക്കൽ.

3. ചെറുകിട പരമ്പരാഗത വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ സംരഭങ്ങൾക്ക് രൂപം കൊടുക്കുക.

4. അംഗനവാടികളുടെയും അവയിലെ ജീവനക്കാരുടേയും സ്ഥിതി മെച്ചപ്പെടുത്തുക.

5. സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾ അർഹരായവർക്കു മുഴുവൻ ഉറപ്പാക്കുക. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ കൃത്യസമയത്ത് വിതരണം ചെയ്യുക.

6. സ്ത്രീകൾക്കായുള്ള ക്ഷേമ പദ്ധതികളും ദാരിദ്ര്യനിർമ്മാർജന പരിപാടികളും പഞ്ചായത്തിൽ നടപ്പിലാക്കുക.

7. പഞ്ചായത്തിൽ ഒരു ശിശുമന്ദിരം സ്ഥാപിക്കുക.

8. പഞ്ചായത്തിനെ മദ്യവിമുക്ത പഞ്ചായത്താക്കുക.

9. വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾക്കായി കേരളാ സംസ്ഥാന വനിതാ വികസന കോർപറേഷൻ തിരുവനന്തപുരം, സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, ഗ്രാമവികസനവകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമവ്യവസായ ബോർഡ്, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുക.

10. സ്ത്രീധന സമ്പ്രദായത്തിനെതിരെ ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുവേണ്ടി മഹിളാ സമാജത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.



MATTUL GRAMA PANCHAYATH - WARD VIII



056

MATTUL GRAMA PANCHAYATH– WARD IX



057

വിദ്യാഭ്യാസം

വിദ്യാഭ്യാസമേഖലയിൽ പരിവർത്തനോൻമുഖമായ ഒരു ചരിത്രമാണ് മാട്ടൂൽ ഗ്രാമപഞ്ചായത്തിനുള്ളത്. ദേശീയ പ്രസ്ഥാന പ്രവർത്തകരും സാമൂഹ്യ പരിഷ്കരണ സേവകരും സ്ഥിരോത്സാഹികളുമായ വിദ്യാഭ്യാസ തത്പരരുടെ ശ്രമഫലമാണ് മാട്ടൂർ ഗ്രാമപഞ്ചായത്തിൽ വ്യാപകമായി സ്ഥിതിചെയ്യുന്ന. വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ജില്ലാ ആസ്ഥാനത്തുനിന്നും 15 കി.മീ വടക്ക് പടിഞ്ഞാറായി തെക്കുമ്പാടും മടക്കരയും ഉൾപ്പെട്ട മനോഹരമായ ഒരു ഉപദ്വീപാണ് മാട്ടൂൽ ഗ്രാമപഞ്ചായത്ത്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ നമ്മുടെ പഞ്ചായത്തിൽ വിദ്യാലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇന്ന് കാണുന്ന ഔദ്യോഗിക സ്വഭാവം സ്വീകരിക്കുന്നതിന് മുൻപ് വീടുകളോടനുബന്ധിച്ചും പള്ളികളോടനുബന്ധിച്ചും കുടിപ്പള്ളിക്കൂടങ്ങൾ നടത്തപ്പെട്ടിരുന്നുവെന്ന്. പഴമക്കാരിൽനിന്നും അറിയാൻ കഴിഞ്ഞു. വട്ടെഴുത്തും കോലെഴുത്തും അഭ്യസിക്കപ്പെട്ടിരുന്നു. അന്ന് മുസ്ലിം പള്ളികൾ കേന്ദ്രീകരിച്ച് ഓത്തുപള്ളികൾ എന്ന പേരിൽ മതവിദ്യാഭ്യാസം നടത്തുകയും അതിൽനിന്ന് പ്രചോദനം ഉൾകൊണ്ട് പിൻകാലത്ത് മദ്രസ്സകളും സ്കൂളുകളും ആരംഭിക്കുകയും ചെയ്തു. മുസ്ലിം ഭൂരിപക്ഷപ്രദേശമായ മാട്ടൂലിൽ മത-ഭൗതിക വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യം വെച്ച് ആരംഭിച്ച മദ്രസാ കമ്മിറ്റികളാണ് പഞ്ചായത്തിൽ മിക്കയിടത്തും സ്കൂളുകൾ ആരംഭിച്ചതും പിന്നീട് അതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചതും അയൽ പ്രദേശങ്ങളെ അപേക്ഷിച്ച് ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകാനുള്ള കാരണവും ഇതുതന്നെയാണ്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ എൽ.പി. വിഭാഗത്തിൽ 9 ഉം യു.പി. വിഭാഗത്തിൽ 5 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 4ഉം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും രണ്ട് ഗേൾസ് ഹൈസ്കൂളും ഗവൺമെന്റ് അംഗീകൃതമല്ല. ഇതിനുപുറമെ രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു പാരലൽ കോളേജ്, നാല് തൊഴിൽ പരിശീലനകേന്ദ്രം, രണ്ട് ഓർഫനേജ്, 15 മദ്രസ, ഒരു നേഴ്സറി സ്കൂൾ എന്നിവ പ്രവർത്തിച്ചു വരുന്നു.

1909 സ്ഥാപിതമായ ബോർഡ് മാപ്പിള എലി

മെന്ററി സ്കൂളിനു പുറമെ ലേബർ സ്കൂൾ, മുസ്ലിം ഗേൾസ് എലിമെന്ററി സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയങ്ങൾ, ഇതിൽ ലേബർ സ്കൂൾ ഇന്ന് നിലവിലില്ല. ഗ്രാമീണ വായനശാലക്ക് സമീപത്താണ് ലേബർ സ്കൂൾ ഉണ്ടായിരുന്നത്. ആദ്യമായി സ്ഥാപിക്കപ്പെട്ട സ്കൂൾ ഇന്ന് ഗവ. മാപ്പിള എൽ.പി. സ്കൂൾ എന്ന പേരിലാണ് അറിയപ്പെടുന്നത്.

1918ൽ ജി.എം. എലിമെന്ററി സ്കൂൾ മടക്കരയിലും 1924ൽ എം.ആർ.യു.പി. സ്കൂൾ മാട്ടൂൽ സൗത്തിലും 1926ൽ മാട്ടൂൽ ഹിന്ദു എലിമെന്ററി സ്കൂൾ മാട്ടൂൽ നോർത്തിലും സ്ഥാപിക്കപ്പെട്ടു.

സ്വാതന്ത്ര്യപ്രസ്ഥാനം ശക്തിയാർജിച്ചുവന്ന കാലഘട്ടത്തിൽ മാട്ടൂലിലെ ജനങ്ങളിൽ വിദ്യാഭ്യാസത്തിൽ താത്പര്യം വളർത്തുന്നതിന് വേണ്ടി മാട്ടൂലിലെ എല്ലാഭാഗങ്ങളിലുമുള്ള വിദ്യാഭ്യാസ തത്പരരായ യുവാക്കൾ ചേർന്ന് യങ്ങ് മെൻസ് മുസ്ലിം അസോസിയേഷൻ എന്ന സംഘടന രൂപീകരിക്കുകയും അഞ്ചുവർഷകാലം സജീവമായി പ്രവർത്തിക്കുകയുമുണ്ടായി. പ്രസ്തുത സംഘടനയുടെ പ്രഥമ പ്രസിഡന്റ് കെ.പി. അബുഹാജി മാസ്റ്റർ ആയിരുന്നു. സംഘടനയുടെ ഒന്നും രണ്ടും വാർഷിക സമ്മേളനങ്ങൾ ജനങ്ങളിൽ വിദ്യാഭ്യാസ താത്പര്യം വളർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. സത്താർസേട്ട്, ടി.പി. കുട്ട്യാമു സാഹിബ്, അബ്ദുറഹ്മാൻ സേട്ട് (പഴയങ്ങാടി) എന്നിവരും ഖാജഹുസൈൻ സാഹിബ് തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥന്മാരും ഇതിന് സഹായിച്ചിട്ടുണ്ട്. തുടർന്ന് 1931ൽ മാട്ടൂൽ സെൻട്രലിലും മാട്ടൂൽ നോർത്തിലും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ കാലയളവിൽതന്നെയാണ് തെക്കുമ്പാട് എലിമെന്ററി സ്കൂൾ സ്ഥാപിച്ചത്. 1938-ൽ മാട്ടൂൽ നോർത്തിൽ മുനീറുൽ ഇസ്ലാം സ്കൂൾ സ്ഥാപിച്ചു.

1942ൽ കൃസ്ത്യൻ മിഷിനറിമാരുടെ പ്രവർത്തനത്തെ തുടർന്ന് മാട്ടൂലിൽ കൃസ്ത്യൻ മാനേജ്മെന്റിൽ ഒരു സ്കൂൾ സ്ഥാപിച്ചു. 1956ൽ കാവിലെപറമ്പിൽ പ്രവർത്തനമാരംഭിച്ച സ്കൂളിന് 1961ലാണ് അംഗീകാരം ലഭിച്ചത്.

മാട്ടൂൽ പഞ്ചായത്തിൽ നിന്ന് ഉപരിപഠനത്തിനുവേണ്ടി അഴീക്കോട്, മാടായി, ചെറുകുന്ന് എന്നീ പ്രദേശങ്ങളിലെ ഹൈസ്കൂളുകളെയായിരുന്നു ആശ്രയിച്ചിരുന്നത്. 1962ൽ പഞ്ചായത്തിൽ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും പ്രയത്നഫലമായി ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. ഇന്ന് സ്കൂളിന്റെ പേര് സി.എച്ച്. മുഹമ്മദ്കോയ സ്മാകര ഗവൺമെന്റ് ഹൈസ്കൂൾ എന്നാണ്. ജനപങ്കാളിത്തത്തിന്റെ ഉത്തമ ഉദാഹരണമാണ് സ്കൂളിലെ രണ്ട് കെട്ടിടങ്ങൾ.

ഒരു നൂറ്റാണ്ടോളം ദൈർഘ്യമുള്ള മാട്ടൂലിന്റെ വിദ്യാഭ്യാസചരിത്രത്തിൽ, ആദ്യകാല പ്രവർത്തകരും ആദ്യകാല അധ്യാപകരിൽ പ്രധാനികളുമാണ് താഴെ പറയുന്നവർ. ആയാർ പക്കൃസാഹിബ്, കുഞ്ഞമ്പു മാസ്റ്റർ, ഇ.കെ. മുഹമ്മദ് അധികാരി, കെ.കെ. ഇബ്രാഹിം കുട്ടിമാസ്റ്റർ, പടിഞ്ഞാറെ മുഹമ്മദ്, ടി.കെ. അബ്ദുള്ള മൗലവി, ഫാ. സെക്കോര, ഫാ. ടഫ്രേൽ, ഫാ.ഡൽസോട്ടൊ, എസ്.കെ.പി. അബുഹാജി, കുറുക്കൻ കുഞ്ഞമ്മത്ഹാജി, പടന്നക്കര കണ്ണൻ, കെ.പി. അബ്ദുൾ ഖാദർ മാസ്റ്റർ, വി.വി. മുഹമ്മദ്കുഞ്ഞി മൗലവി, വി.പി. അബ്ദുള്ള, പി.പി. മൂസകുഞ്ഞി, ടി.വി. കുഞ്ഞാമ്മത്, സി.എച്ച്. ആലി മുഹമ്മദ് ഹാജി, കൈപ്പാട്ടിൽ പൊക്കൻ, മുണ്ടക്കൈ കൊട്ടൻ, കെ.കെ. അബ്ദുൽ ഖരീംഹാജി.

ജീവിതത്തിന്റെ സർവ്വ മേഖലകളിലും വിദ്യാഭ്യാസത്തിന്റെ അനിവാര്യത ബോധ്യപ്പെടുന്ന കാലഘട്ടമാണിത്. കൃഷി, വ്യവസായം, വ്യാപാരം, വാണിജ്യം, ആതുര ശുശ്രൂഷ തുടങ്ങിയ മേഖലകളിൽ വിദ്യാഭ്യാസത്തിനുണ്ടായിരുന്ന പങ്ക് വളരെ തുച്ഛമായിരുന്നു. ഇന്നാണെങ്കിൽ ഈ മേഖലകളിലെല്ലാം ഉപരിപഠനം അത്യന്താപേക്ഷിതമായിരിക്കയാണ്.

നമ്മുടെ പഞ്ചായത്തിൽ ബിരുദധാരികളും ഉദ്യോഗസ്ഥരും താരതമ്യേന കുറവാണ്. കൂടാതെ സാങ്കേതിക വിദ്യയിൽ നൈപുണ്യം ലഭിച്ച പ്രഗത്ഭരോ പേരുകേട്ട ഉദ്യോഗസ്ഥരോ നമുക്കില്ല. പുറംരാജ്യങ്ങളിൽ പോയി തൊഴിൽ സ്വീകരിക്കുവാൻ താത്പര്യം കാണിക്കുന്നത് കാരണം പലരും ഉന്നത വിദ്യാഭ്യാസ പൂർത്തീകരണത്തിൽ ശ്രമിക്കുന്നില്ല. അത്തരത്തിൽ നാടുവിട്ട് പോകേണ്ടിവരുമ്പോഴും മാന്യമായ തൊഴിൽ നേടുവാൻ നാം

പ്രാപ്തരാകേണ്ടതില്ലേ? ഇക്കാര്യങ്ങളെ കുറിച്ച് നാം ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സ്ഥാപനങ്ങളെ ബാധിക്കുന്ന മറ്റൊരു പ്രധാനമായ വിഷയം പഠനനിലവാരമാണ് സ്കൂൾ, ഹൈസ്കൂൾ, കോളേജ് തുടങ്ങിയ എല്ലാ രംഗങ്ങളേയും ഇന്നീപ്രശ്നം ആഴത്തിൽ പിടികൂടിയിട്ടുണ്ട്. വിദ്യാഭ്യാസം പല ഘടകങ്ങളുമടങ്ങുന്ന സങ്കീർണ്ണമായൊരു മേഖലയാണ്. ചൊട്ടുവിദ്യ കൊണ്ടൊന്നും ഇത് പരിഹരിക്കാൻ സാധ്യമല്ലെന്നുള്ള അറിവ് വിദ്യാഭ്യാസ പ്രേമികളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. വിദ്യാഭ്യാസനിലവാരം ഉയർത്തുവാനുള്ള ഉത്തരവാദിത്വം മുഴുവൻ വിദ്യാർത്ഥികളിലും അധ്യാപകരിലും മാത്രമാണെന്ന് ധരിക്കുന്നവരുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വികലമായ സങ്കൽപമാണ് ഈ ധാരണയ്ക്ക് കാരണം.

വിദ്യാഭ്യാസത്തിന്റെ പ്രവർത്തനക്ഷമതയെ ബാധിക്കുന്ന എല്ലാ ഘടകങ്ങളും കൂട്ടായി പ്രവർത്തിക്കുമ്പോൾ മാത്രമേ സാർത്ഥകമായതും നിലവാരമുള്ളതുമായ വിദ്യാഭ്യാസം നിലവിൽവരികയുള്ളൂ. ഇതിന് പറ്റിയ സമീപനവും ആസൂത്രിതമായ നീക്കവും അധ്യാപകരിൽനിന്നും സ്ഥാപനം നടത്തുന്നവരിൽനിന്നും ഉണ്ടാകണം.

കൂടാതെ ഇന്ന് നിലവിലിരിക്കുന്ന തികച്ചും യാന്ത്രികമായ പാഠ്യ- പഠനരീതികൾക്ക് മറ്റം വരണമെങ്കിൽ മാനുഷിക മൂല്യങ്ങൾ സ്വയം ഉൾകൊണ്ടുകൊണ്ടും സ്വയം മാതൃക കാണിച്ചുകൊണ്ടുമുള്ള നിലവാരമുള്ള ഒരു ജീവിതക്രമവും അധ്യാപന രീതിയും അധ്യാപകർ സ്വീകരിച്ചേ പറ്റൂ. ഒരു സ്ഥാപനവും അവിടത്തെ അധ്യാപകരിലും വലുതല്ല എന്ന് വിദ്യാഭ്യാസ കമ്മീഷന്റെ നിരീക്ഷണത്തിന് അർത്ഥം ലഭിക്കുന്നത് അപ്പോൾ മാത്രമാണ്.

വിദ്യാഭ്യാസരംഗത്തെ അവലോകനം ചെയ്യുമ്പോൾ പ്രീ പ്രൈമറി വിദ്യാഭ്യാസം, ഔപചാരിക വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം എന്നിവ വിലയിരുത്തുന്നത് നന്നായിരിക്കും. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ സുപ്രധാന ഘടകമാണല്ലോ സ്കൂൾ വിദ്യാഭ്യാസം. പ്രാഥമിക തലങ്ങളിലെ ഒന്നും രണ്ടും ക്ലാസുകൾ ചേർന്ന ഒന്നാം ഘട്ടവും മൂന്നാം ക്ലാസുമുതലുള്ള അടുത്ത ഘട്ടവും എങ്ങിനെ വിലയിരുത്തപ്പെടുന്ന എന്നതാണ് അടിസ്ഥാനപരമായി ചിന്തിക്കേണ്ട കാര്യം.

വിദ്യാർത്ഥികളുടെ പഠന പോരായ്മകൾക്ക് കാരണംപ്രൈമറി ക്ലാസുകളിളെ ആശ്രദ്ധയാണ്. എൽ.പി., യു.പി. ഘട്ടങ്ങളിൽ കുട്ടിയെ വിലയിരുത്താതിരുന്ന രക്ഷാകർത്താവ് കൂടി ഹൈസ്കൂളിലെത്തുമ്പോൾ വർദ്ധിച്ച പ്രോത്സാഹനങ്ങളുമായി കുട്ടിയെ സമീപിക്കുന്നതുകൊണ്ട് കാര്യമായ മാറ്റങ്ങളുണ്ടാക്കുവാൻ സാധിക്കുന്നില്ല.

എൽ.പി., യു.പി തലങ്ങളിൽ പാദവാർഷിക പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ 60%ത്തിൽ കൂടുതൽ മാർക്കുവാങ്ങിയവരുടേതിനെക്കാൾ കുറവാണ് ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികൾ. ഹൈസ്കൂളിലെ മൊത്തംകുട്ടികളെ വിലയിരുത്തിയപ്പോൾ 60% ത്തിൽ കൂടുതൽ മാർക്ക് വാങ്ങിയവർ ആകെ കുട്ടികളുടെ 13% മാത്രമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഹൈസ്കൂൾ ക്ലാസിലെത്തുമ്പോഴാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ പഠനം അവസാനിപ്പിക്കുന്നത്. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതുണ്ട്.

ഹൈസ്കൂളിൽ അധ്യാപകരുടെ ഒഴിവുകൾ നികത്തപ്പെടുന്നത് മിക്കവാറും ഒന്നാം ടേമിന്റെ അവസാനനാളുകളിലായതിനാൽ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ അധ്യാപകരില്ലാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്.

അംഗനവാടികൾ

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 22 അംഗനവാടികൾ ഉണ്ട്. ഒരു വയസ്സുമുതൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ ബുദ്ധിവികാസനപ്രവർത്തനത്തോടൊപ്പം പോഷകഹാര വിതരണ പദ്ധതിയും അംഗൻവാടികൾ നടത്തിവരുന്നുണ്ട്. ദൗർഭാഗ്യമെന്ന് പറയട്ടെ ഒരു അംഗൻവാടിക്കുപോലും സ്ഥിരമായ കെട്ടിടമോ ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കാൻവേണ്ട മുറികളോ ഇല്ല. കുട്ടികൾക്കാവശ്യമായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനത്തോടൊപ്പം വിവിധതരം കളികളിലൂടെ കുട്ടികളുടെ ബുദ്ധി വികാസത്തിനുവേണ്ട പ്രായോഗിക പഠന രീതികളാണ് അംഗൻവാടി

കൾ അവലംഭിച്ചിട്ടുള്ളത്. ഓരോ അംഗനവാടി വർക്കർമാർക്കു പുറമെ ഓരോ ഹെൽപർമാരും അംഗനവാടിയിൽ പ്രവർത്തിക്കുന്നുണ്ട്. ഏക ദേശം 800 ഓളം കുട്ടികൾ അംഗൻവാടികളിൽ അഭ്യസിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കുടിവെള്ളം എത്തിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

2. അംഗൻവാടികൾ ആകർഷകവും കാര്യക്ഷമവുമാക്കുക.

3. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത എല്ലാ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിച്ചു നൽകുക. ഇതിനായി റവന്യൂ പുറംപോക്കുകൾ, PWD പുറംപോക്കുകൾ എന്നീ സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

4. 1-ാം വാർഡിലെ മടക്കര ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.

5. മൂന്നാംവാർഡിലെ അൺ എയിഡഡ് നജാത്ത് ഗേൾസ് ഹൈസ്കൂൾ എയിഡഡ് സ്കൂളായി ഉയർത്തുക.

6. നാലാം വാർഡിലെ സെൻട്രൽ മുസ്ലിം എൽ.പി. സ്കൂൾ, അഞ്ചാം വാർഡിലെ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂൾ എന്നിവ യു.പി. സ്കൂളുകളായി ഉയർത്തുക.

7. സി.എച്ച്. മുഹമ്മദ് കോയ സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ആക്കി ഉയർത്തുകയും കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുകയും ചെയ്യുക.

8. പഞ്ചായത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കൽ.

9. വിദ്യാർത്ഥികളുടെ അഭിരുചി വർധിപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ കാർഷികക്ലബ്ബും നാച്ചറൽ ക്ലബും ആരംഭിക്കുക.

10. പഞ്ചായത്തിലെ യു.പി. സ്കൂളുകൾക്ക് ഏഴാം ക്ലാസിൽ ഒരു പൊതുപരീക്ഷ നടത്തുവാൻ നിർദ്ദേശിക്കുക.

11. കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണം നടത്തുന്ന പദ്ധതി പ്രോത്സാഹിപ്പിക്കയും ആവശ്യമായ സാമ്പത്തിക സഹായവും നൽകുക.

12. മാട്ടൂൽ പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

ഭൗതീക സാഹചര്യം, പഠനനിലവാരം എന്നിവ മെച്ചപ്പെടുത്താൻ ജനകീയ പങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്കരിക്കുകയും പി.ടി.എ, മദർ പി.ടി.എ എന്നീ സംഘടനകളിലൂടെ ഓരോ വിദ്യാലയത്തിലും ഓരോ വർഷവും നടത്തേണ്ട പൊതു പരിപാടികൾക്കും അക്കാദമിക് പ്രവർത്തനത്തിനും രൂപരേഖ തയ്യാറാക്കി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

13. സമ്പൂർണ്ണമായ വിദ്യാഭ്യാസ പുരോഗതിക്ക് വിദ്യാഭ്യാസ പ്രവർത്തകരുടെയും മത-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും ഉപദേശ നിർദേശങ്ങൾ ആരായുകയും സഹകരിപ്പിക്കുകയും ചെയ്യുക.

14. പഞ്ചായത്തിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് മേൽസൂചിപ്പിച്ചവരുടെയും അധ്യാപകർ, വിദ്യാർത്ഥികൾ പി.ടി.എ, മാതൃസംഘം ഗ്രാമപഞ്ചായത്ത് എന്നിവർ കൂട്ടായി ചർച്ച ആരംഭിക്കണം.

15. പി.ടി.എ. മാതൃസഘം, വിദ്യാഭ്യാസസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മതപണ്ഡിതന്മാരെയും മദ്രസ്സ അധ്യാപകഗ പ്രതിനിധികളെയും പി.ടി.എയിൽ ഉൾപ്പെടുത്തണം.

16. ഗവൺമെന്റ് ഹൈസ്കൂളിലെ ഒഴിവുകൾ ജൂൺ ആദ്യവാരത്തിൽ തന്നെ നികത്തുന്നതിനാവശ്യമായ നടപടി ഉണ്ടാകണം.

17. പഞ്ചായത്തിൽ ഐ.ടി.ഐ. പോളിടെക്നിക് തുടങ്ങിയ തൊഴിലാധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

18. വിദ്യാഭ്യാസസ്ഥാപനങ്ങൾ രാഷ്ട്രീയ വിമുക്തമാക്കി എല്ലാവിധ പഠിപ്പുമുടക്കൽ സമരങ്ങളും നിരോധിക്കുക.

19. മാട്ടൂൽ ഹൈസ്കൂളിൽ പ്ലസ്ടു (ഹയർ സെക്കന്ററി) കോഴ്സ് അനുവദിക്കുക.

20. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

വിദ്യാഭ്യാസസ്ഥാപനങ്ങൾ

	സ്കൂളിന്റെ പേര് LP വിഭാഗം	വാർഡ്	സ്ഥാപിച്ച വർഷം
1.	ഗവ. മാപ്പിള എൽ.പി. മടക്കര	1	1918
2.	ഗവ. വെൽഫേർ എൽ. പി. മടക്കര	1	1955
3.	ഇരിണാവ് തെക്കുമ്പാട് എയിഡഡ് എൽ.പി	2	
4.	മാട്ടൂൽ ദേവിലാസം എൽ.പി. മാട്ടൂൽ നോർത്ത്	3	1961
5.	മാട്ടുൽ എയ്ഡഡ് എൽ.പി. മാട്ടൂൽ നോർത്ത്	4	1926
6.	സെൻട്രൽ മുസ്ലിം എൽ.പി. മാട്ടൂൽ നോർത്ത്	5	1931
7.	ഗവ. മാപ്പിള എൽ.പി. മാട്ടൂൽ സൗത്ത്		1909
8.	മുനീറുൽ ഇസ്ലാം മദ്റസ എൽ.പി. മാട്ടൂൽ നോർത്ത്	11	1938
9.	സഫാ ഇംഗ്ലീഷ് മീഡിയം എൽ.പി. മാട്ടൂൽ നോർത്ത്	10	
	UP വിഭാഗം		
1.	ഗവ. മാപ്പിള യു.പി. തെക്കുമ്പാട്	2	
2.	നോർത്ത് മാപ്പിള യു.പി. മാട്ടൂൽ നോർത്ത്	3	1931
3.	മാപ്പിള യു.പി. മാട്ടൂൽ സെൻട്രൽ	5	1941
4.	മദ്റസ റിഫാഇയ്യ യു.പി. മാട്ടൂൽ സൗത്ത്	7	1924
5.	ലിറ്റിൽ ഫ്ളവർ യു.പി മാട്ടൂൽ സെൻട്രൽ	8	1942
	ഹൈസ്കൂൾ വിഭാഗം		
1.	സി.എച്ച്. മുഹമ്മദ് കോയ സ്മാരക ഗവ.- ഹൈസ്കൂൾ മാട്ടൂൽ	9	1962
2.	നജാത്ത് ഗേൾസ് ഹൈസ്കൂൾ	3	1995
3.	ഇസ്ലാമിക് സെന്റർ ഗേൾസ് ഹൈസ്കൂൾ	10	1993
4.	സഫാ ഗേൾസ് ഹൈസ്കൂൾ	10	1993



മദ്റസകൾ

പേര്

നമ്പർ	പേര്	സ്ഥാപിത വർഷം
1.	ഇനായത്തുൽ ഇസ്ലാം മദ്രസ്സ മടക്കര	1954
2.	മദ്റസത്തുൽ മുജാഹിദീൻ മടക്കര	1983
3.	നുസ്റുൽ ഉലും തെക്കുമ്പാട്	1960
4.	നജാത്തുൽ ഈമാൽ മാട്ടൂൽ നോർത്ത്	1953
5.	തഅ്ലീമുൽ ഇസ്ലാം മാട്ടൂൽ നോർത്ത്	1931
6.	ഖുവ്വത്തുൽ ഇസ്ലാം മാട്ടൂൽ സെൻട്രൽ	1934
7.	ഹിദായത്തുൽ ഇസ്ലാം മാട്ടൂൽ സെൻട്രൽ	1952
8.	ഹയാത്തുൽ ഇസ്ലാം മാട്ടൂൽ	1949
9.	റിഫാഇയ്യ മാട്ടൂൽ സൗത്ത്	
10	അൽ മദ് റത്തുൽ സലഫിയ്യ. മാട്ടൂൽ സൗത്ത്	
11.	മഅ്ദനുൽ ഉലൂം മാട്ടൂൽ സെൻട്രൽ	1982
12.	അൽമദ്റത്തുൽ ഇസ്ലാമിയ്യ മാട്ടൂൽ നോർത്ത്	1989
13.	അൽമദ്റത്തുൽ ഇസ്ലാഹിയ്യ മാട്ടൂൽ നോർത്ത്	1990
14.	അൽമദ്റസ്സത്ത് തസ്കിയ്യത്തി സുന്നിയ്യ മാട്ടൂൽ നോർത്ത്	1986
15.	ഒളിയങ്കര പള്ളി മദ്റസ	1989

ഓർഫനേജുകൾ

1.	ലിറ്റിൽ ഫ്ളവർ മാട്ടൂൽ സെൻട്രൽ	1945
2.	മാട്ടൂൽ യത്തീംഖാന മാട്ടൂൽ നോർത്ത്	1986

മറ്റു സ്ഥാപനങ്ങൾ

1.	സഫാ ഐ.ടി.സി.	1996
2.	സെൻട്രൽ അക്കാദമി ആൻഡ് ടൈപ്പ്റേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	1990
3.	ഹൻസ ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	
4.	ഹിദായത്ത് തൊഴിൽ പരിശീലന കേന്ദ്രം	
5.	ഇസ്ലാമിക് നഴ്സറി സ്കൂൾ മാട്ടൂൽ സൗത്ത്	1981

വിദ്യാർത്ഥികളും അധ്യാപകരും

നമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥ	വിദ്യാർത്ഥികൾ		ആകെ	അധ്യാപകരുടെ എണ്ണം
			ആൺ	പെൺ	ആകെ	
1.	ജി.എം.എൽ.പി. മടക്കര	ഗവ.	145	154	299	13
2.	ഗവ. വെൽഫേർ എൽ.പി. മടക്കര	ഗവ.	55	48	103	5
3.	ഇരിണാവ് തെക്കുമ്പാട് എയ്ഡഡ് എൽ.പി.	എയിഡഡ്	23	22	45	4
4.	മാട്ടൂൽ ദേവിവിലാസം എൽ.പി സ്കൂൾ മാട്ടൂൽ നോർത്ത്	,,	49	60	109	
5.	മാട്ടൂൽ എ.എൽ.പി. മാട്ടൂൽ നോർത്ത്	,,	64	62	126	5
6.	സി.എം.എൽ.പി. മാട്ടൂൽ സെൻട്രൽ	,,	100	93	193	7
7.	ഗവ. മാപ്പിള എൽ.പി. മാട്ടൂൽ ഗവ.	115	117	232	10	
8.	എം.ഐ.എം. എൽ.പി. മാട്ടൂൽ നോർത്ത്	എയിഡഡ്	110	126	236	9
9.	ജി.എം.യു.പി. തെക്കുമ്പാട്	ഗവ.	152	150	302	12
10.	എൻ.എം. യു.പി. മാട്ടൂൽ നോർത്ത് എ	യിഡഡ്	356	335	691	15
11.	എം.യു.പി. മാട്ടൂൽ സെൻട്രൽ	,,	363	335	698	20
12.	എം.ആർ.യു.പി. മാട്ടൂൽ സൗത്ത്	,,	363	335	698	20
13.	എൽ.എഫ്.യു.പി. മാട്ടൂൽ സെൻട്രൽ	,,	342	232	574	14
14.	സി.എച്ച്.എം. ഗവ. ഹൈസ്കൂൾ	ഗവ.	833	637	1470	40
15.	നജാത്ത് ഗേൾസ് ഹൈസ്കൂൾ	അൺ എയിഡഡ്		83	83	7
		ആകെ	3186	2895	6081	209

96-97 വർഷത്തെ കുട്ടികളുടെ എണ്ണം (ക്ലാസ് തിരിച്ച്)

STD	ആൺ	പെൺ	ആകെ	
1	300	325	625	
2	318	311	629	
3	358	285	643	
4	352	362	714	
5	350	318	668	
6	335	277	612	
7	340	297	637	
8	373	269	642	269 -642
9	303	254	577	254 - 557
10	157	197	354	
	3186	2895	6081	

(വിഭാഗം തിരിച്ച്)

വിഭാഗം	ആൺ	പെൺ	ആകെ	SC/ST കുട്ടികൾ		
				ആൺ	പെൺ	ആകെ
LP	1328	1283	2611			
UP	1205	892	1917	80	79	159
HS	833	720	1470			
ആകെ	3186	2895	6081			

പഠനം നിർത്തിയവർ

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	2		109	74	183
ആകെ					185

അക്കാദമി നിലവാരം

SSLC വിജയശതമാനം

91-92	92-93	93-94	94-95	95-96
33%	33%	33%	23%	26%

3 std മുതൽ 10 stdവരെ 1996-97 പാദ വാർഷിക പരീക്ഷ-കുട്ടികളുടെ നപൊതുനിലവാരം

ക്ലാസ്	ആകെ കുട്ടികൾ	30% താഴെ	30-40 ഇടയിൽ	40-50 ഇടയിൽ	50-60 ഇടയിൽ	60ൽ കൂടുതൽ
3	643	57	115	148	141	182
4	714	95	164	151	160	144
5	668	104	167	157	150	90
6	612	119	160	132	135	66
7	637	124	194	152	94	73
8	642	469	69	45	34	25
9	557	410	50	42	25	30
10	354	148	100	51	40	15
ആകെ	4827	1526	1019	878	779	625
		32%	21%	18%	16%	13%

ഉടമസ്ഥത

L. P.

ആകെ സ്കൂളുകളുടെ എണ്ണം	സർക്കാർ	എയ്ഡഡ	ആൺ എയ്ഡഡ്	അഗീകാരമില്ലാത്തത്
18	3	5	-	- 1

U. P.

സർക്കാർ	എയ്ഡഡ്	ആൺ എയ്ഡഡ്	അഗീകാരമില്ലാത്തത്
1	4	-	-

H. S.

സർക്കാർ	എയ്ഡഡ്	ആൺ എയ്ഡഡ്	അഗീകാരമില്ലാത്തത്
1	-	1	2

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികൾ (96-97)

മെറിറ്റ്	ലംസംഗ്രാന്റ്	മുസ്ലിം പെൺ സ്കോളർഷിപ്പ്	വികലാംഗർ	ജവാൻമാരുടെ മക്കൾ	ബീഡി തൊഴിലാളി	മത്സ്യതൊഴിലാളി
15	533	705	12	1	4	498

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	മൂത്രപുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
GWLP മടക്കര	1	ഇല്ല	ഉണ്ട്	ഉണ്ട്
GWLP മടക്കര	1	ഇല്ല	ഇല്ല	ഇല്ല
ഇരിണാവ് തെക്കുമ്പാട്	1	ഇല്ല	ഇല്ല	ഇല്ല
മാട്ടൂൽ ദേവിവിലാസം എൽ.പി	ഇല്ല	ഇല്ല	ഇല്ല	ഇല്ല
മാട്ടൂൽ എ.എൽ. പി	1	ഇല്ല	ഉണ്ട്	ഇല്ല
സി.എം.എൽ.പി. മാട്ടൂൽ	2	1	ഉണ്ട്	ഉണ്ട്
ജി.എം.എൽ.പി.	ഉപയോഗശൂന്യം	ഇല്ല	ഇല്ല	ഇല്ല
എം.ഐ.എം. LP മാട്ടൂൽ നോർത്ത്	1	ഇല്ല	ഉണ്ട്	ഉണ്ട്
ജി.എം.യു.പി. തെക്കുമ്പാട്	2	ഇല്ല	ഉണ്ട്	ഉണ്ട്
എൻ.എം.യു.പി മാട്ടൂൽ	4	2	ഉണ്ട്	ഉണ്ട്
എം.യു.പി. മാട്ടൂൽ	1	2	ഉണ്ട്	ഇല്ല
എം.ആർ.യു.പി.	4	3	ഉണ്ട്	ഉണ്ട്
എൽ.എഫ്.യു.പി	2	4	ഉണ്ട്	ഉണ്ട്
സി.എച്ച്.എം.	3	2	ഉണ്ട് (പൈപ്പ്)	താറുമാറായി
നജാത്ത്	1	1	1	1

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ഉള്ളത്	ഇല്ലാത്തത്
ലൈബ്രറി	13	12
പ്രവർത്തിക്കാത്തവ	2	-
ലാബ്	8	7
പ്രവർത്തിക്കാത്തവ	-	-
പഠനോപകരണങ്ങൾ	9	6
റേഡിയോ	ഇല്ല	-
ടെലിവിഷൻ	ഇല്ല	-
സിനിമാ പ്രൊജക്ടർ	ഇല്ല	-
ബ്ലാക്ക് ബോർഡ് ആവശ്യകത	18	-
മാതൃസംഗമം സജീവം	8	7
ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ	11	4


MATTUL GRAMA PANCHAYATH - WARD X
NORTH
WARD- XI
AYURVEDA HOSPITAL ROAD
FOOT PATH
FOOT PATH
BEACH ROAD JASINTHA
CULVERT
ST: NICOLAS CHURCH
MATTUL YATHEEKI KHANAL
ROAD
SAFA I.T.C
JARAM MOSQUE
FOOT PATH
MADRASSA
TRANSFORMER
BEACH FOOT PATH AZEEZ HOTEL
CHAL MOSQUE
SIDDEEK MASJID
BEACH ROAD
SIDDEEK MASJID
WARD-IV
THODU
CULVERT
R.C. CHURCH
CENTRAL JUMA MASJID
VALAPATANAM CHAL ROAD
SEA WALL
ARABIAN SEA
SEA SHORE ROAD
PWD ROAD
MATTUL AYITHEEKA ROAD

MATTUL GRAMA PANCHAYATH-WARD - XI

067



ഗതാഗതം - ഊർജം - മാർക്കറ്റ്



ഗതാഗതം

പുഴയും കടലും അതിരിടുന്ന ഈ തീരദേശ ഗ്രാമത്തിന്റെ മുൻകാല യാത്രാമാർഗം ജലഗതാഗതം മാത്രമായിരുന്നു. കടത്തുവള്ളങ്ങളും യാത്രാതോണികളുമായിരുന്നു ഈ ഉപദ്വീപിൽ നിന്നും ജനങ്ങൾക്ക് മറ്റു പ്രദേശങ്ങളിൽ എത്തിച്ചേരാനും വാണിജ്യസംബന്ധമായ കാര്യങ്ങൾ നിർവഹിക്കാനും മറ്റുമുള്ള ആശ്രയം. കെട്ടിട സംബന്ധമായ കല്ല്, പൂഴി, ഓട് മുതലായവ വലിയ ചീനകൾ മുഖേന കൊണ്ടു വരികയും കയറ്റിറക്കുമതികൾ പത്തേൻമാരികൾ മുഖേനയും നടത്തിവന്നു. കുറെക്കാലത്തിനുശേഷം 'ഫത്തഹുൽസലാം' എന്ന പേരിൽ ഒരു യാത്രാബോട്ട് ഈ പ്രദേശവുമായി ബന്ധപ്പെട്ട് പഴയങ്ങാടി, വളപട്ടണം, പറശ്ശനിക്കടവ് എന്നീ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തിയത് യാത്രാരംഗത്ത് അല്പം പുരോഗതി കൈവരുത്തി. ഈ ബോട്ട് സർവ്വീസ് മുണ്ടപ്രം ബോട്ട് ജെട്ടി, ടിവി.യുടെ കടവ്, തെക്കുമ്പാട് ബോട്ട് ജെട്ടി, പഞ്ചായത്ത് ബോട്ട് ജെട്ടി, പാണ്ഡ്യാല ബോട്ട് ജെട്ടി, മുമ്പ് ബോട്ട് ജെട്ടി തുടങ്ങിയ സ്ഥലങ്ങൾ ബന്ധിപ്പിച്ചാണ് നടത്തിയിരുന്നത്. ഈ കാലങ്ങളിൽ മാട്ടൂലിന്റെ കിഴക്കുഭാഗമായ പുഴയോരമേഖല എന്നും വളരെ സജീവമായിരുന്നു. ഇന്ന് അതൊക്കെ വെറും ചരിത്രമായിമാറിയിരിക്കുന്നു.

ഇന്ന് ഈ പ്രദേശം ജലഗതാഗതത്തെ ആശ്രയിക്കുന്നത് മൂന്ന് പ്രദേശങ്ങളിൽ നടത്തിവരുന്ന കടത്ത് ബോട്ട് സർവീസുകളിൽ മാത്രമാണ്. തെക്കുമ്പാട് പ്രദേശത്തേയ്ക്കും മടക്കരയിലേക്കും കണ്ണൂരിലേക്കുമുള്ള എളുപ്പവഴിക്കായി അഴീക്കോട് കടവിലും. ഇവ ഇന്നും സജീവമായി നിലനിന്നുവരുന്നു.

റോഡിന്റെ ഉൽഭവം: മാട്ടൂൽ നോർത്ത് മുനീറുൽ ഇസ്ലാം സ്കൂൾ സമീപത്തുനിന്ന് സൗത്ത് വരെ ഏഴ കി.മീറ്റർ നീളത്തിൽ ഒരു പൂഴിനിരത്ത് ഗവ. അധീനതയിൽ ഉണ്ടായിരുന്നു. കടൽഭിത്തി സംബന്ധമായ നിർമാണ പ്രവർത്തനത്തിന് റോഡിന്റെ ആവശ്യകത സംജാതമാവുകയും ഈ പൂഴിനിരത്ത് ചരൽ ഇട്ട് റോഡാക്കി മാറ്റി ഈ വഴിയിലൂടെ ലോറി വഴി കടൽഭിത്തിക്കാവശ്യമായ കല്ലുകൾ കൊണ്ടു വരികയും ചെയ്തു. ഈ റോഡ് കരഗതാഗതത്തിന് നാന്ദി കുറിക്കുകയും ഇതു വഴി പഴയങ്ങാടിയിൽ നിന്ന് വാൻ സർവീസും പിന്നീട് ജീപ്പ് സർവീസും ആരംഭിക്കുകയും ചെയ്തു. കുറച്ചു കാലത്തിനു ശേഷം റഷീദ

മോട്ടോർ സർവീസ് എന്ന പേരിൽ മാട്ടൂൽ -ഓല യമ്പാടി റൂട്ടിൽ ഒരു ബസ് സർവീസ് ആരംഭിച്ചു. പിന്നീട് പയ്യന്നൂരേയ്ക്കും പഴയങ്ങാടി പാലം യാഥാർഥ്യമായതോടുകൂടി കണ്ണൂരിലേക്കും റോഡ് ഗതഗാതം ആരംഭിച്ചു. 1970 ഓടുകൂടി ഏഴര കി.മീ റോഡ് P.W.D ഏറ്റെടുക്കുകയും ടാർ ചെയ്യുകയും ചെയ്തു. ഇന്ന് ഈ റൂട്ടിൽ 32 ബസുകളിലായി 240 ട്രിപ്പ് ഓടുകയും ശരാശരി ഏഴായിരം പേർ ദിവ സേന യാത്ര നടത്തുകയും ചെയ്യുന്ന തിരക്കു പിടിച്ച ഒരു റൂട്ട് ആയി മാറിയിരിക്കുകയാണ്. ഇത്രയും തിരക്കുപിടിച്ച ഈ റൂട്ടിൽ ഇന്നും പ്രൈവറ്റ് ബസുകൾ മാത്രമാണ് സർവീസ് നട ത്തുന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രമഫ ലമായി ഇടയ്ക്ക് രണ്ടുപ്രാവശ്യം K.S.R.T.Cയുടെ ഒരു സർവീസ് ആരംഭിച്ചെങ്കിലും അജ്ഞാതമായ എന്തോ കാരണത്താൽ അത് നിലച്ചുപോവുകയാ യിരുന്നു. അതുകൊണ്ടുതന്നെ പ്രൈവറ്റ് ബസ് സമരമോ മറ്റോ വന്നുപെട്ടാൽ ജനങ്ങൾ ഇന്നും ദുരിതത്തിലാവുന്ന അവസ്ഥയുണ്ട്. ഈ പഞ്ചായ ത്തിൽ ബസ് ഗതാഗതത്തിന് ഉപയോഗിച്ചുവരുന്ന ഏക റോഡ് ഏഴര കിലോമീറ്റർ നീളത്തിലുള്ള മാടായി - മാട്ടൂൽ റോഡ് മാത്രമാണ്. ഇതിൽ എന്തെ ങ്കിലും തടസ്സം നേരിടുകയാണെങ്കിൽ ഈ പ്രദേശം തീർത്തും ഒറ്റപ്പെടുന്ന അവസ്ഥ സംജാതമാകും.

റോഡുകൾ, കടവുകൾ, ബസ് സ്റ്റാൻഡ്

പഞ്ചായത്ത് പ്രദേശത്ത് ടാർ ചെയ്ത താഴെ പറയുന്ന റോഡുകൾ ഉണ്ട്.

1. P.W.D അധീനതയിലുള്ള മാടായി-മാട്ടൂൽ റോഡിന്റെ ദൈർഘ്യം ഏഴര കിലോമീറ്റർ വരുന്നു. ബസ് ഗതാഗതം ഈ റൂട്ടിലൂടെ നടത്തിവരുന്നു.

2. പഞ്ചായത്ത് അധീനതയിൽ ഒന്നര കിലോമീ റ്റർ ടാർ ചെയ്ത ഇരിണാവ് - മടക്കര റോഡിലും ബസ് ഗതാഗതം ഉണ്ട്.

3. മാട്ടൂൽ ഗവ. ആശുപത്രിക്കുവേണ്ടി വിക സന സമിതി വാങ്ങി പഞ്ചായത്തിനെ ഏൽപിച്ച സ്ഥലത്ത് നിർമിച്ച റോഡ് ഇതിൽ ബസ് ഗതാഗത മില്ല.

4. മാട്ടൂൽ ക്രൂസ്ത്യൻ മിഷണറി വകയുള്ള L.F.U.P സ്കൂളിലേക്ക് റോഡിനുവേണ്ടി ചർച്ച് വക സ്ഥലം പഞ്ചായത്തിനെ ഏല്പിച്ചു. പഞ്ചായത്ത് നിർമിച്ച റോഡ്. ഇതിലും ബസ് ഗതാഗതമില്ല.

5. മാട്ടൂൽ ഗവ. ഹൈസ്കൂൾ റോഡ് ഭാഗികം.

6. ആറുതെങ്ങ് കടവ് റോഡ് കടവു വരെ.

7. മാട്ടൂൽ സെൻട്രൽ വളപട്ടണം ചാലിൽ റോഡ് ഭാഗികം.

8. ഗവ. ആയൂർവേദ ആശുപത്രി റോഡ്

9. മാട്ടൂൽ നോർത്ത് യു.പി. സ്കൂൾ വരെയുള്ള റോഡ്.

എന്നിവയാണ് ടാർ ചെയ്ത പഞ്ചായത്ത് പ്രദേ ശത്തുള്ള റോഡുകൾ.

ഇതു കൂടാതെ ഫൂട്ട്പാത്ത് എന്ന പേരിൽ മാട്ടൂ ലിന്റെ വിവിധ ഭാഗങ്ങളിലായി ചരൽ റോഡുകൾ നിർമിക്കപ്പെട്ടിട്ടുണ്ട്.

കടവുകൾ: ഇന്ന് സജീവമായി നിലനിൽക്കുന്ന തെക്കുംമ്പാട്, മടക്കര, അഴീക്കോട് കടവുകൾക്കു വേണ്ടി പഞ്ചായത്ത് യന്ത്രവൽക്കൃത ബോട്ട് സർവീസ് നടത്തിവരുന്നു. ഇവയ്ക്ക് സർവീസ് നടത്തുന്നതിനുവേണ്ടി ആറുതെങ്ങ്-തെക്കുംമ്പാട് കടവിന്റെ ഇരുഭാഗത്തും ബോട്ട് ജെട്ടികൾ പഞ്ചാ യത്ത് നിർമിച്ചിട്ടുണ്ട്. അതുപോലെ തന്നെ ദിനം പ്രതി ഏകദേശം രണ്ടായിരത്തോളം ആൾക്കാർ യാത്ര ചെയ്യുന്ന മാട്ടൂൽ അഴീക്കോട് കടവിന് പഞ്ചായത്ത് മാട്ടൂലിൽ ബോട്ട്ജെട്ടി നിർമിച്ചിട്ടുണ്ട്. എന്നാൽ, വർഷംതോറും കടവ് ലേലത്തിന്റെ നാല്പതു ശതമാനം കൈപ്പറ്റുന്ന അഴീക്കോട് പഞ്ചായത്ത് ആ ഭാഗത്ത് ജെട്ടിക്കുവേണ്ടി ഒന്നും തന്നെ ചെയ്യാത്തത് ആ കടവിൽ പലപ്പോഴും അപകടം വരുത്തി വയ്ക്കാറുണ്ട്.

ബസ് സ്റ്റാൻഡ്: ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ചുങ്കം നൽകി ബസ് തിരിക്കേണ്ടുന്ന അവസ്ഥയായിരുന്നു വർഷങ്ങൾക്ക് മുമ്പ്. എന്നാൽ, പഞ്ചായത്ത് ഈ വിഷമാവസ്ഥ മനസി ലാക്കി കടവ് ജെട്ടിക്കു സമീപമുള്ള തോട് നികത്തി രണ്ടുലക്ഷം രൂപ ചെലവിൽ റോഡും ബസ് സ്റ്റാൻഡും പണി കഴിപ്പിച്ചു. ഇത് കടവ് മാറിപോ കുന്ന യാത്രക്കാർക്ക് ഒരനുഗ്രഹമാവുകയും ചെയ്തു.

ഇങ്ങനെയൊക്കെയാണെങ്കിലും റോഡ് ഗതാ ഗതമേഖലയിൽ ഇനിയും ഒരുപാട് പ്രശ്നങ്ങൾ ഈ പ്രദേശത്തിനുണ്ട്. അവ താഴെ കുറിക്കുന്നു.

a. ഏഴര കിലോമീറ്റർ നീളത്തിലുള്ള മാടായി-മാട്ടൂൽ റോഡ് മാത്രമാണ് ഇന്ന് ഗതാഗതത്തിനുപ

യോഗിച്ചുവരുന്നത്. ഇതിൽ തടസ്സം നേരിടുമ്പോൾ ഈ പ്രദേശം ഒറ്റപ്പെട്ടു പോകുന്നു.

b. എല്ലാ ഉൾപ്രദേശങ്ങളിലും റോഡ് സ്ഥാപിക്കുക എന്നത് ജനങ്ങളുടെ ആവശ്യമാണെങ്കിലും റോഡിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതും സാമ്പത്തിക പരാധീനതയും ഇതിന് വിഘാതമായി നിൽക്കുന്നു.

c. ജില്ലാ ആസ്ഥാനമായ കണ്ണൂരുമായി ബന്ധപ്പെടുന്നതിന് 35 കി.മീ ദൂര യാത്ര ചെയ്യേണ്ടിയിരിക്കുന്നു. ഇത് കുറക്കാൻ മാട്ടൂൽ - മടക്കര പാലം നിർമിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ നിലയിൽ അത്യാസന്ന നിലയിലുള്ള രോഗികൾ വിദഗ്ധചികിത്സ ലഭിക്കാതെ വിഷമിക്കേണ്ടിവരുന്നുണ്ട്.

d. അടുത്ത പട്ടണപ്രദേശമായ പഴയങ്ങാടിയിൽ എത്തിച്ചേരുന്നതിന് സുൽത്താൻതോട് പുതിയാച്ചിറ വഴി എളുപ്പമുണ്ടായിട്ടും കിലോമീറ്ററുകൾ താണ്ടിയാണ് ബസ് സർവീസ് നടത്തുന്നത്. ഇതും പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്.

e. പഞ്ചായത്തിന്റെ ഭാഗമായ തെക്കുമ്പാട് പ്രദേശം പൂർണ്ണമായും ഒരു ദ്വീപാണ്. ഇതിനെ കരമാർഗം ബന്ധിപ്പിക്കു എന്നുള്ള ആ പ്രദേശത്തെ ജനങ്ങളുടെ കാലാകാലമായിട്ടുള്ള ഒരാവശ്യമാണ്. ഇതിന്ന് തെക്കുംമ്പാട് ആയിരം തെങ്ങ് കടവ് പാലം പൂർത്തിയാക്കേണ്ടിരിക്കുന്നു.

f. മാട്ടൂൽ പ്രദേശത്തുനിന്ന് എളുപ്പത്തിൽ കണ്ണൂരെത്താനുള്ള ഒരു മാർഗം അഴീക്കോട് കടവ് വഴിയാണ്. എന്നാൽ, ഈ കടവിന് അഴീക്കോട് ഭാഗത്ത് ബോട്ട് അടുപ്പിക്കാൻ ജെട്ടി ഇല്ലാത്തതിനാൽ പല പ്പോഴും അപകടം സംഭവിക്കാറുണ്ട്. മഴക്കാലമായാൽ യാത്ര ദുഷ്കരമാവുകയും ചെയ്യും. ഇതിന്നും പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദേശങ്ങൾ

a. നിലവിലുള്ള മാടായി മാട്ടൂൽ P.W.D റോഡ് തടസങ്ങൾ നേരിടുമ്പോൾ അതിന് പരിഹാരമെന്നോണം മാടായി മുതൽ മാട്ടൂൽ സൗത്ത് വരെയുള്ള ഏഴര കിലോമീറ്റർ തീരദേശ റോഡ് അടിയന്തര സ്വഭാവത്തോടുകൂടി നിർമിക്കുക.

b. ഉൾപ്രദേശങ്ങളിൽ റോഡ് ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് അവ നിർമിക്കുന്നതിനായി അകിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും ഇതിന്നാവശ്യമായ ഫണ്ട് നൽകുകയും ചെയ്യുക.

c. ജില്ലാ ആസ്ഥാനമായ കണ്ണൂരുമായുള്ള ദൈർഘ്യം വളരെയധികം കുറക്കുന്നതിന് മാട്ടൂൽ - മടക്കര പാലം നിർമിക്കാനുള്ള നടപടിയുണ്ടാ

വാർഡ് നമ്പർ	നിർദേശിക്കുന്ന സ്ഥലം	നിർദേശിക്കുന്ന റോഡിന്റെ സ്വഭാവം	ദൂരം
1	a. മടക്കര ബസ് സ്റ്റാൻഡ് മുതൽ അയ്യോത്ത് കടവ് വരെ	നിലവിലുള്ള റോഡ് ടാർ ചെയ്യുക	1.600കി.മീ
	b. ഇരിണാവ്ഡാം മുതൽ മാട്ടൂൽ കടവുവരെ പുഴയോരം വഴി	ഫുട്പാത്ത് പുതുതായി നിർമ്മിക്കൽ	2 കി.മീ
	c..A.K.G സെന്റർമുതൽ ചിറാക്കോടു വരെലക്ഷംവീട്കോളനിവഴി	പുതുതായി നടപ്പാത	1കി.മീ
2.	a.ഫുട്പാത്ത് മുതൽ തെക്കു ഭാഗത്തുള്ള പഴയകടവുവരെ	പുതുതായി ഫൂട്പ്പാത്ത്	1.5 കി.മീ
	b. ഫുട്പാത്തുമുതൽ വടക്കു ഭാഗത്തേക്ക്	പുതുതായി ഫൂട്ട് പാത്ത്	1.5 കി.മീ
	c. ഫുട്പാത്തിൽനിന്ന് തെക്കുംബാട് ബോട്ട്ജെട്ടിവരെയും ആയിരം തെങ്ങ്ജെട്ടിവരെയും	പുതുതായി ഫൂട്പാത്ത്	0.35 കി.മീ
3.	a. സർവ്വീസ് ബാങ്ക്മുതൽ കാവിലെപറമ്പ് PWD റോഡുവരെ	നിലവിലുള്ള റോഡ് ടാർ ചെയ്യുക	1 കി.മീ
	b. കാവിലെപറമ്പുമുതൽ സിദ്ദീഖ്പള്ളിവഴിമുനീർസ്കുൾവരെ	പുതുതായി ഫൂട്ട് പാത്ത്	1.100 കി.മീ
	c. സിദ്ദീഖ് പള്ളിപരിസരം മുതൽ PWD റോഡുവരെ	ഫുട്പാത്ത് പുതുതായി നിർമ്മിക്കൽ	0.250 കി.മീ.
	d. സമീനസ്റ്റോപ്പ് മുതൽ NMUP സ്കുൾ റോഡുവരെ	പുതുതായിഫുട്പാത്ത്	0.30 കി.മീ.

	e. NMUP സ്കൂൾ മുതൽ കിഴക്കെ വളപ്പിൽ തോടുവരെ	നിലവിലുള്ള റാഡ് ടാർചെയ്യൽ	0.350 കി.മീ
	f. കിഴക്കെവളപ്പിൽ തോടു മുതൽ ചൊലുപ്പിൽ റോഡുവരെ	പുതുതായി ഫുട്പാത്തും കൾവേർട്ട് കം-ക്രോസ്ബാറും നിർമ്മിക്കൽ	0.050 കി.മീ
	G. മാട്ടൂൽ അത്യത്തിമുതൽ പുഴയോരറോഡുവരെ	നടപ്പാത നിർമ്മിക്കൽ	0.125കി.മീ
4	.a. ജസിന്ത മുതൽ -പൊലുപ്പിൽവരെ	നിലവിലുള്ള റോഡ് ടാർ ചെയ്യൽ	0.500കി.മീ
	b. പൊലുപ്പിൽ റോഡ് 10-ാം തോടുവഴി കുഞ്ഞിക്കവളപ്പിൽ റോഡുവരെ	പുതുതായി നിർമ്മിച്ച് ടാർചെയ്യുക. 10-ാംതോടിന് ക്രോസ്ബാർ നിർമിക്കൽ	1.5കി.മീ
	c. സിദ്ദീഖ്പള്ളിക്കുസമീപം PWD റോഡ്മുതൽ 10-ാം തോട് റോഡുവരെ	നിലവിലുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യൽ	1.2കി.മീ
	d. 6 തെക്ക് കടവ് റോഡ് മുതൽ കുഞ്ഞീക്ക വളപ്പിൽ റോഡ് വരെ	നിലവിലുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്യുക.	0.325 കി.മീ.
5	a. ആറുതെങ്ങ്കടവ് മുതൽ G.M.L.P സ്കൂൾ വഴി ആയാർക്ക വളപ്പിൽ റോഡ് വരെ	പുതുതായി ഫുട്പാത്ത് നിർമിക്കുക. മമ്മായിൽ, ആലക്കാൽ, മാട്ടൂൽ പള്ളി, കുറ എന്നീ തോടുകൾക്ക് കൾവർട്ടുകൾ നിർമിക്കൽ	2.8കി.മീ.
	b. ഗവൺമെന്റ് ആശുപത്രിക്ക് സമീപം മുതൽ നിർദിഷ്ട ആറുതെങ്ങ് - ആയാർക്കവളപ്പിൽ റോഡുവരെ.	പുതുതായി ഫുട്പാത്ത് നിർമിക്കുക.	0.150 കി.മീ.
6	a. മാടായി ബാങ്ക് മുതൽ ആയാർക്കതോട് വരെ	നിലവിലുള്ള റോഡ് ടാർ ചെയ്യുക.	0.850 കി.മീ.
	b. ആയാർക്ക തോട് റോഡ് മുതൽ സൗത്ത് ബസ് സ്റ്റാന്റ് വരെ	പുതുതായി ഫുട്പാത്ത് നിർമിക്കുക, ആവശ്യമായ ആയാർക്കതോട്, കുറതോട് , ദാർണിഷ്തോട് എന്നിവയ്ക്ക് കൾവർട്ട് നിർമിക്കൽ.	1.5കി.മീ.
7	a. ബസ് സ്റ്റാൻഡിൽ നിന്ന് മിനി സ്റ്റേഡിയം വഴി ബ്രേക്ക് വാട്ടർ വരെ	പുതുതായി റോഡ് നിർമിച്ച് ടാർ ചെയ്യുക.	1.5 കി.മീ.
	b. ബിസ്മില്ലാ സ്റ്റോറിൽ സമീപത്തുനിന്ന് ഹോമിയോ ഡിസ്പെൻസറിവഴി തീരദേശ റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.525 കി.മീ.
	c. P.W.D റോഡിൽ നിന്ന് - ബ്രെക്ക് വാട്ടർ വരെ (ബിരിയാണി റോഡ്)	നിലവിലുള്ള റോഡ് ടാർ ചെയ്യുക.	1.800 കി.മീ.
	d. ബിരിയാണി റോഡിൽനിന്ന് മാടായി പഞ്ചായത്ത് അത്യത്തിവരെ	പുതുതായി തീരദേശ റോഡ് നിർമിച്ച് ടാർ ചെയ്യുക. ഇതിനാവശ്യമായ 5 ക്രോസ് ബാർ കം റോഡുപാലം നിർമിക്കുക.	7 കി.മീ.

071

	e. മൊയ്തീൻപള്ളിക്കു തെക്കു ഭാഗത്തുനിന്ന് നിർദ്ദിഷ്ട തീരദേശ റോഡുവരെ	പുതുതായി ഫുട്പാത്ത് നിർമിക്കൽ	0.600കി.മീ.
8	a. വായനശാല മുതൽ നിർദ്ദിഷ്ഠ തീരദേശ റോഡുവരെ	പുതുതായി ഫുട്പാത്ത് നിർമിക്കൽ	0.600കി.മീ.
	b. തങ്ങളെ പള്ളിക്ക് വടക്കുഭാഗം മുതൽനിർദിഷ്ഠതീരദേശറോഡ്വരെ	പുതുതായി ഫുട്പാത്ത് നിർമിക്കൽ	0.650
9	a. യാസിൻറോഡ് ബീച്ച്വരെനീട്ടി	നടപ്പാത നിർമിക്കുക	0.800 കി.മീ.
	b. ഫാറൂക്ക് പള്ളിമുതൽ ചാൽ ഉൾഭാഗത്തുകൂടി VII-ാം വാർഡ് അതിർത്തി വരെ	നടപ്പാത നിർമിക്കൽ	0.750 കി.മീ.
	c. ചർച്ച് റോഡ് മുതൽ ഹൈസ്കൂൾ റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.400 കി.മീ.
	d. ഹൈസ്കൂൾ റോഡ്	രണ്ടാഘട്ടംഭാഗം ടാർ ചെയ്യൽ	0.110 കി.മീ.
	e. വളപട്ടണം ചാൽ റോഡ്	ബാക്കി ഭാഗം ടാർ ചെയ്യൽ	0.350 കി.മീ.
10	a. മറിയുമ്മ റൈസ് മില്ല് മുതൽ നിർദിഷ്ഠ തീരദേശ റോഡുവരെ	പുതുതായി നടപ്പാത നിർമിക്കൽ. അരീച്ചാൽറോഡിന് കൾവർട്ടും	0.700കി.മീ.
	b. ജസിന്തക്കു തെക്കുഭാഗത്തു നിന്ന്ജാറംബദർപള്ളിവഴിബീച്ച്വരെ	പുതുതായി ഫുട്പാത്ത് നിർമിക്കൽ	0.700 കി.മീ.
	c. ജസിന്തക്കു വടക്കുഭാഗത്തുനിന്ന് നിർദിഷ്ഠ തീരദേശ റോഡ് വരെ	നിലവിലുള്ളഫുട്പാത്ത്ഏറ്റെടുത്ത് ടാർചെയ്യൽ	0.700 കി.മീ.
11	a. ആയുർവേദ ആശുപത്രി മുതൽ നിർദിഷ്ട തീരദേശ റോഡ് വരെ കൃസ്ത്യൻ ശ്മശാനം	വഴിപുതുതായി നടപ്പാത നിർമിക്കൽ	0.600 കി.മീ.
	b. സമീറ സ്റ്റോപ്പ് മുതൽ ലക്ഷം വീട് കോളനി വഴി തീരദേശ റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.800
	c. ആയുർവേദ ആശുപത്രി റോഡ് മുതൽ നിർദിഷ്ട ലക്ഷം വീട് കോളനി വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.250കി.മീ
	d. ബേദാമ്പ്ര പള്ളിക്കു വടക്കു വശത്തുനിന്ന് ഇരുമ്പൻചാൽ വഴി തീരദേശ് റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.750 കി.മീ
	e. കക്കാടംചാൽ ബീച്ച് റോഡ്	നിലവിലുള്ള റോഡ് ടാർ ചെയ്യൽ	0.600 കി.മീ.
	f. മൂസക്കാൻ പള്ളിമുതൽ എ.സികോള നിവഴികക്കാടൻചാൽറോഡ്വരെ	നിലവിലുള്ള റോഡ് ടാർ ചെയ്യൽ	0.850
	g. P.W.D റോഡു മുതൽ എ.സി. കോളനി റോഡ് വരെ.പുതുതായി	ഫുട്പാത്ത് നിർമിക്കൽ	0.150 കി.മീ.
	h. മുനീർ സ്കൂളിന് വടക്കുഭാഗം മുതൽ എ.സി. കോളനി റോഡ്വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.085 കി.മീ.
	i. മൂസക്കാൻ പള്ളി മുട്ടോൻചാൽ റോഡ്	നിലവിലുള്ള റോഡ് ടാർ ചെയ്യൽ	0.850 കി.മീ.
	j. മൂസക്കാന് പള്ളി മുതൽ തക്വാ പള്ളി വഴി തീരദേശ റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.900കി.മീ.
	k. മാട്ടൂൽ അത്യത്തി മുതൽ തീരദേശ റോഡ് വരെ	പുതുതായി നടപ്പാത നിർമിക്കൽ	0.900കി.മീ

മേൽ നിർദേശങ്ങളിൽ നിന്ന് അടിയന്തിര സ്വഭാവത്തോടുകൂടി പ്രവൃത്തികൾഏറ്റെടുത്ത് നടത്തുക എന്നുള്ളത് പ്രദേശത്തിന്റെ വികസനത്തിന് അനിവാര്യമാണ്.

വുക. ഇത് യാഥാർഥ്യമാവുകയാണെങ്കിൽ നിർദിഷ്ഠ ഏഴിമല നേവൽ അക്കാദമിയിലേക്ക് കണ്ണൂരിൽനിന്നുള്ള ദൂരവും ഗണ്യമായി കുറയുന്നതായിരിക്കും.

d. അടുത്തപട്ടണമായും റെയിൽവേ സ്റ്റേഷനുമായ പഴയങ്ങാടിയുമായി ബന്ധപ്പെടുന്നതിനുള്ള ദൂരം ഗണ്യമായി കുറക്കുന്നതിനായി സുൽത്താൻതോട് പുതിയാച്ചിറ തോട് പാലം നിർമിച്ച് ഗതാഗതയോഗ്യമാക്കുക.

e. തെക്കുമ്പാട് ദ്വീപിനെ കരയുമായി ബന്ധിപ്പിക്കുന്നതിനായി തെക്കുമ്പാട് ആയിരംതെങ്ങ് കടവ് പാലം നിർമിക്കുക.

f. അഴീക്കോട് കടവിൽ സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കാനും വർഷകാലങ്ങളിലുള്ള യാത്ര സുഗമമാക്കുന്നതിനും അഴീക്കോട് പഞ്ചായത്ത് പ്രദേശത്തിൽപ്പെടുന്ന കടവിന് ബോട്ട് ജെട്ടി അടിയന്തര സ്വഭാവത്തോടുകൂടി നിർമിക്കേണ്ടിയിരിക്കുന്നു.

മേൽ പറഞ്ഞ പരിഹാര നിർദേശങ്ങൾക്കു പുറമെ ജനങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടുവരുന്നതും വാർഡുകളിൽ നിന്ന് നിർദേശങ്ങൾ വന്നതുമായ താഴെപറയുന്ന റോഡുകളും ഫുട്പാത്തുകളും അതിന്റെ പരിഗണനാടിസ്ഥാനത്തിൽ നിർമിക്കേണ്ടതാണ്. പട്ടിക ശ്രദ്ധിക്കുക.

ഊർജം

1960- ലാണ് തീരദേശ പ്രദേശമായ മാട്ടൂലിൽ ആദ്യമായി വൈദ്യുതി ലൈൻ സ്ഥാപിച്ചത് ജ. സി.എച്ച്. ആലിമുഹമ്മദ് ഹാജി. ജ: വിയം ആലി മുഹമ്മദ് ഹാജി കൃസ്ത്യൻ മിഷനറിയുടെ അന്നത്തെ ബ്രദറായിരുന്ന ബ്രദർ തെക്കെകരയുടെയും മറ്റ് നാട്ടുകാരുടെയും പ്രവർത്തനഫലമായാണ് അന്ന് വൈദ്യുതി ലൈൻ എത്താൻ സഹായകമായത്.

മാട്ടൂൽ മാടായി വൈദ്യുതി ലൈൻ സ്ഥാപിച്ചതോടുകൂടി ഊർജരംഗത്ത് മാട്ടൂലിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. മാട്ടൂലിൽ ആദ്യമായി മൂന്ന് ട്രാൻസ്ഫോർമറുകൾ ഒന്നിച്ചായിരുന്നു സ്ഥാപിച്ചത്. 1. മാട്ടൂൽ നോർത്തിൽ സർവീസ് സഹകരണ ബേങ്കിന് സമീപവും 2. പഞ്ചായത്ത് ഓഫീസിന് സമീപവും 3. മാട്ടൂൽ സൗത്തിലും ആയിരുന്നു. അവ. ഇന്ന് 7.5 കി.മീറ്ററിലായി 12 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മാങ്ങാട് സബ് സ്റ്റേഷനിൽ നിന്നും മടക്കര വഴി മാട്ടൂലിലേക്ക് 11 കെ.വി ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗുണഭോക്താക്കൾക്കാവശ്യമായ വൈദ്യുതി ലഭിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനോ സാധിച്ചിട്ടില്ല.

മാടായി ഇലക്ട്രിക് സെക്ഷനിലെ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഒരു സ്ഥലമായി മാട്ടൂൽ ഇന്ന് മാറിയിരിക്കുന്നു. പ്രതിമാസം 3 ലക്ഷത്തോളം രൂപ ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബിക്ക് ലഭിച്ചുവരുന്നു.

മാട്ടൂൽ പഞ്ചായത്ത് പ്രധാന റോഡുകളിലും നടപ്പാതയിലുമായി 225 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ അടുത്ത കാലത്തായി നൂറോളം സോഡിയം വേപ്പർ ലാംബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത്രയധികം വേപ്പർ ലാംബുകൾ സ്ഥാപിച്ച കണ്ണൂർ ജില്ലയിലെ ആദ്യത്തെ പഞ്ചായത്തു കൂടിയാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്.

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡായ മടക്കര പാപ്പിനിശേരി മേജർ സെക്ഷന്റെ കീഴിലും രണ്ടാം വാർഡായ തെക്കുമ്പാട് ചെറുകുന്ന് സെക്ഷനിലും ഉൾപെടുന്നു. ബാക്കിവരുന്ന 9 വാർഡുകൾ അടങ്ങുന്ന മാട്ടൂൽ പ്രദേശം മേജർ സെക്ഷനിലുമാണ് ഉൾപെടുന്നത്.

പാചകഊർജം

ഭക്ഷണം പാചകംചെയ്യുന്നതിന് ഓലയും ചകിരിയും ചിരട്ടയും കാലാകാലമായി ഉപയോഗിച്ചുവരുന്നു. ഇതിനു പുറമെ വിറകുകളും ഉപയോഗിച്ചുവരുന്നു. 50 ശതമാനത്തോളം വരുന്ന ജനങ്ങൾ കുക്കിംഗ് ഗ്യാസും മണ്ണെണ്ണയുമാണ് ഉപയോഗിച്ചുവരുന്നത്. ഇടക്കിടെയുണ്ടാകുന്ന കുക്കിംഗ് ഗ്യാസ് വിതരണത്തിലെ അപര്യാപ്തത ഈ പ്രദേശത്തെ ജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു.

പ്രശ്നങ്ങൾ:

a. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിത പവർകട്ടും പഞ്ചായത്തിലെ ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു.

b. മാടായി മേജർ സെക്ഷനിലെ ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന മാട്ടൂൽ പ്രദേശത്ത് ഇന്ന് നിലവിൽ ഒരു ഡിസ്ട്രിബ്യൂഷൻ ഓഫീസ് മാത്രമേ പ്രവർത്തിച്ചു വരുന്നുള്ളൂ. ഇവിടെ ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് വളരെയേറെ ദുരിതം അനുഭവിക്കേണ്ടി വരുന്നു. വിശേഷ ദിവസങ്ങളിൽപോലും വൈദ്യുതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഒരവസ്ഥ നിലവിലുണ്ട്.

c. കടലോര പ്രദേശമാകയാൽ വൈദ്യുതി ലൈനുകൾ ഉപ്പ് കാറ്റേറ്റ് ദ്രവിച്ചതുമൂലം കമ്പി പൊട്ടി വീഴുന്ന അവസ്ഥയുണ്ടാകാറുണ്ട്. ഇതു മൂലം ആളപായം പോലും സംഭവിക്കാറുണ്ട്.

d. തീരദേശ മേഖലയിൽ വൈദ്യുതി ലൈൻ വലിക്കാത്തതിനാൽ വർഷങ്ങളായി വീട് വൈദ്യുതീകരിച്ച് കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ധാരാളം കുടുംബങ്ങൾ ഇന്നും ഈ പഞ്ചായത്തിലുണ്ട്. വിശിഷ്യ VIII, IX വാർഡുകളിൽ O.T.P സ്കീമിൽ പണമടച്ച് എഗ്രിമെന്റ് വെച്ച് കാത്തിരിക്കുന്ന നൂറോളം കുടുംബങ്ങളുണ്ട്.

e. പാചകഗ്യാസിന് പണമടച്ച് കാത്തിരിക്കുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കൂടാതെ ഇവിടത്തേക്കാവശ്യമായ ഗ്യാസ് വിതരണം ചെയ്യുന്നത് പുതിയതെരു, തളിപ്പറമ്പ് ഏജൻസി വഴിയാണ്. ഇത് ഇവിടെത്ത ഉപഭോക്താവിന് കൂടുതൽ ട്രാൻസ്പോർട്ടിംഗ് ചാർജ് കൊടുക്കേണ്ടുന്ന അധിക ചെലവ് ഉണ്ടാകുന്നു.

പരിഹാര മാർഗങ്ങൾ:

a. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

വാർഡ്	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം.
I	മടക്കര ലക്ഷംവീട് കോളനിക്കു സമീപം
II	തെക്കുമ്പാട് വടക്കുഭാഗം
III	N.M.U.P സ്കൂളിന് സമീപം.
IV	പൊലുപ്പിൽ റോഡിൽ
V	ആറുതെങ്ങ് കടവ് റോഡിൽ
VI	11 K.V ലൈനിന് താഴെ
VII	വേ ബ്രിഡ്ജിനു സമീപം
X	ജാറം പള്ളിക്കു സമീപം
XI	കക്കാടൻ ചാലിലും മുട്ടോൻ ചാലിലും

മേൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കന്നതിനും പുറമെ നിർദിഷ്ട മാടായിപ്പാറയിലെ പഴയങ്ങാടി സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.

b. കൂടുതൽ വരുമാനവും മൂവായിരത്തോളം ഉപഭോക്താക്കളുമുള്ള (ഇതിൽ തന്നെ ഏറിയ പങ്കും 3 ഫേസ് കൺസ്യൂമർമാർ) മാട്ടൂലിൽ ഇന്നത്തെ ഡിസ്ട്രിബ്യൂഷൻ ഓഫീസിനെ സബ് സെക്ഷൻ ഓഫീസായി ഉയർത്തുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഉപഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി ലൈൻമാൻമാരെയും ഹെൽപർമാരെയും നിയമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

c. വളരെ പഴക്കം ചെന്നതും ദ്രവിച്ചതുമായ ലൈനുകൾ മാറ്റി സ്ഥാപിക്കാനും അപകടം ഒഴിവാക്കാനും അടിയന്തിര നടപടി വേണ്ടിയിരിക്കുന്നു.

d. കണക്ഷനുവേണ്ടി പണമടച്ച് കാത്തിരിക്കുന്ന തീരദേശ വാസികൾക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി അടിയന്തര സ്വഭാവത്തോടുകൂടി ആ പ്രദേശങ്ങളിലേക്ക് ലൈൻ വലിക്കുന്നതിനും O.T.P സ്കീമിൽ പണമടച്ച് കാത്തിരിക്കുന്നവർക്ക് അടിയന്തരമായും കണക്ഷൻ നല്കുന്നതിനും നടപടി ഉണ്ടാവുക.

കൂടാതെ താഴെ പറയുന്ന സ്ഥലത്തുകൂടി പുതുതായി ലൈൻ വലിക്കേണ്ടിയിരിക്കുന്നു.

വാർഡ്	ലൈൻ വലിക്കേണ്ട സ്ഥലം	ദൈർഘ്യം
I	ഇരിണാവ് ഡാമിന് തെക്കുഭാഗത്തേക്ക്	0.5 കി.മീ.
,,	മടക്കര ചിറക്കോട്ടേക്ക്	0.5 കി.മീ
XI	മുനീർ സ്കൂൾ മുതൽ മാട്ടുൽ അതൃത്തിവരെ ലൈൻവലിച്ച് ലിങ്ക്ചെയ്യൽ	0.30 കി.മീ.
,,	മാട്ടുൽ അതൃത്തി മുതൽ സൗത്ത് വരെ തീരദേശ ലൈൻ	7.5 കി.മീ.
VIII, IX	O.T.P. കണക്ഷനു വേണ്ടിയുള്ള ലൈൻ	1.5 K.M
IX	വളപട്ടണം ചാൽ റോഡ് പുതുതായി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിച്ച് സോഡിയംവേപ്പർ ലാമ്പ്സ്ഥാപിക്കൽ	0.850കി.മീ.

കൂടാതെ നിലവിലുള്ള സിംഗിൾ ഫൈസ് ലൈനുകൾ ത്രീഫെയിസ് ലൈനാക്കി മാറ്റേണ്ടിയിരിക്കുന്നു. ഇവയുടെ വിതരണം താഴെ

വാർഡ്	പ്രവൃത്തിലൈനിന്റെ പേര്	ദൈർഘ്യം
2	തെക്കുമ്പാട് പ്രദേശത്തെ മുഴുവൻ സിംഗിൾ ഫെയ്സ് ലൈനുകളും	
3	വാർഡിലെ മുഴുവൻ സിംഗിൾ ഫെയ്സ് ലൈസുകളും	0.500 കി.മീ
4.	CMLP സ്കൂളിന് വടക്കുഭാഗത്തുള്ള സിംഗിൾ ഫെയ്സ് ലൈനുകൾ	0.500 കി.മി.
7.	ഫിഷർമെൻ കോളനിയിലേക്കുള്ള സിംഗിൾഫെയ്സ് ലൈനുകൾ ഫോമിയോ ഡിസ്പൻസറിവഴി പോകുന്ന സിംഗിൾ	
11.	മുട്ടോൽ ചാലിലും കക്കാടൻ ചാലിലും നിലവിലുള്ള സിംഗിൾ ഫെയ്സ് ലൈനുകൾ	0.900 കി.മീ

മേൽ നിർദ്ദേശങ്ങൾക്കു പുറമെ പഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളിൽ സാധാരമ ബൾബുകൾ മാറ്റി സോഡിയം വേപ്പോലാംമ്പ് ബൾബുകൾ സ്ഥാപിക്കുക. നിർദിഷ്ഠ തീരദേശ ലൈനിലും പുതുതായി നിർമ്മിക്കുന്ന ലിങ്ക് റോഡുകളിലും സോഡിയം വെപ്പോറമ്പ് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഗ്യാസ് ഉപഭോക്താക്കളുടെ പ്രശ്നം പരിഹരിക്കുന്നതിനായി ഈ പഞ്ചായത്ത് പ്രദേശത്ത് ഏജൻസി സ്ഥാപിക്കുകയോ അല്ലെങ്കിൽ സമീപ പ്രദേശത്തുള്ള ഏജൻസിവഴി മുഴുവൻ ആളുകൾക്കും വിതരണം നടത്തുകയോ ചെയ്യേണ്ടിയിരിക്കുന്നു. ഇത് ഉപഭോക്താക്കളുടെ അധികചിലവ് ഒഴിവാക്കാനാവും.

മാർക്കറ്റ്:-

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഇതുവരെയും ഒരു പൊതുമാർക്കറ്റോ വിപണന കേന്ദ്രമോ നിലവിൽ വന്നിട്ടില്ല. പണ്ടുകാലം മുതൽ മത്സ്യം തലചുമടായി വീടുകളിൽ എത്തിക്കുന്ന പതിവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഇന്ന് ചില നാൽക്കവലകളിൽ ഇരുന്ന മത്സ്യം വിൽപ്പന നടത്തുന്ന അവസ്ഥ കൈവന്നിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പോയി മത്സ്യം ശേഖരിക്കുന്ന സമ്പ്രദായം ജനങ്ങളിൽ കൈവന്നിരിക്കുകയാണ്. അതിനാൽ ഇന്ന് ഈ സ്ഥലങ്ങളിൽ ഒരു മത്സ്യമാംസമാർക്കറ്റിന്റെ ആവശ്യകത ഉയർന്നുവരുന്നുണ്ട്. പ്രധാനമായും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളായ നോർത്ത് കാവിലെപറമ്പ്, ജസിന്ത ബിൽഡിങ്ങ്, സെൻട്രൽ കപ്പാലം, പഞ്ചായത്ത് ഓഫീസ്, തങ്ങളെപള്ളി, വില്ലേജ് ഓഫീസ് എന്നീ പ്രദേശങ്ങളിൽ മാർക്കറ്റുകൾ ഉയർന്നു വരേണ്ടിയിരിക്കുന്നു.

പച്ചക്കറി, പലവ്യജ്ഞനം എന്നിവ മൊത്തമായ് വില്പന നടത്തുന്ന കേന്ദ്രവും ഈ പ്രദേശത്ത് അന്യമാണ്. അ നിലയിലുള്ള വിപണന കേന്ദ്രങ്ങളും ഇവിടുത്തെ മുഖ്യോൽപാദനമായ തേങ്ങ, കൊപ്ര എന്നിവ വിറ്റഴിക്കുന്നതിനായി ഒരു കേന്ദ്രവും ഉയർന്നു വരിക എന്നുള്ളത് ഈ പ്രദേശത്തിന്റെ ഒരു പൊതു ആവശ്യമായി നിലനിൽക്കുന്നുണ്ട് ആ നിലക്കുള്ള ഒരു പ്രവർത്തനം ഇവിടെ നടത്തേണ്ടിയിരിക്കുന്നു.

സംസ്കാരം

അവലോകനം:-

കേട്ടറിവ് വച്ച് കടലോര ഗ്രാമമായ മാട്ടൂലിന് 500ൽപരം വർഷത്തെ ചരിത്രപാരമ്പര്യമുണ്ട്. ഇബിൻ ബത്തൂത്ത എന്ന അറേബ്യൻ ലോക സഞ്ചാരി 'മാത്തൂൽ' - ഹ എന്ത് നീളം - എന്ന് ഈ പ്രദേശത്തെ വിളിച്ചിരുന്നു. അതിൽനിന്നാണ് 'മാട്ടൂൽ' എന്ന പേര് ഈ പ്രദേശത്തിന് കിട്ടിയതെന്നാണ് ഐതിഹ്യം. ഇവിടെയുള്ള ജന വിഭാഗങ്ങൾ മറ്റ് പ്രദേശത്തുനിന്ന് കുടിയേറി പാർത്തവരാണെന്ന് പറയപ്പെടുന്നു. ഇവരിൽ മുസ്ലിം സമുദായമാണ് കൂടുതൽ.

ഗ്രന്ഥശാലാ പ്രസ്ഥാനം, ഖാദി പ്രചാരണം, ഹിന്ദി പ്രചാരണം തുടങ്ങിയവ രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ഉയിർക്കൊണ്ട സമകാലീന പ്രവർത്തനങ്ങളുമായി കണ്ണി ചേർക്കപ്പെട്ടുകൊണ്ട് ചില പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1928ൽ കേരളത്തിലുടനീളം രൂപംകൊണ്ട യംഗ്മെൻസ് മുസ്ലിം അസോസിയേഷന്റെ ഒരു യൂണിറ്റ് മാട്ടൂലിലും സ്ഥാപിക്കപ്പെട്ടു. വൈ.എം.എം.എ യുടെ നേതൃത്വം മാട്ടൂലിന്റെ വിദ്യാഭാസ-സാംസ്കാരിക രംഗത്ത് ഒരു പുത്തനുണർവ് നേടുന്നതിന് സഹായിച്ചിട്ടുണ്ട്. ഈ സംഘടനയുടെ നേതൃത്വത്തിൽ സ്ഥാപിച്ചതാണ് സെൻട്രൽ മുസ്ലിം എൽ.പി സ്കൂളും മാട്ടൂൽ നോർത്തിൽ പ്രവർത്തിച്ചുവരുന്ന മുഹമ്മദ് അബ്ദുൾ റഹിമാൻ സ്മാരക വായനശാലയും ഗ്രന്ഥാലയവും. ഈ കാലഘട്ടത്തിൽ തലയെടുപ്പുള്ള ഒരു യുവകവിയായിരുന്നു പി.പി. ഖാലിദ്മാസ്റ്റർ.

പഴയകാലത്ത് വെള്ളിരിനാടകങ്ങൾ തുടങ്ങി സ്റ്റേജ് നാടകങ്ങൾ വരെ അവതരിപ്പിക്കുന്ന നാടകസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ജയഭാരതം കലാനിലയം മാട്ടൂൽ സൗത്ത്, ജനതാ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്, ഗ്രാമീണവായനശാല, ഉദയ കലാസമിതി മാട്ടൂൽ അഴീക്കൽ, കൈരളി കലാനിലയം ബർണ്ണശേരി, പൊലുപ്പിൽ സാംസ്കാരിക സമിതി എന്നിവ ഈ രംഗത്ത് പ്രമുഖ സ്ഥാനം വഹിച്ചിരുന്നു.

നവോത്ഥാന കാലഘട്ടത്തിൽ തൊഴിലാളി കർഷകമുന്നേറ്റവുമായി ബന്ധപ്പെട്ടുനടന്ന പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജനങ്ങളിൽ ആഴമായി സ്വാധീനം ചെലുത്തിയ വിവിധ മതവിഭാഗങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ കൈവന്ന വിദ്യാഭ്യാസ പുരോഗതി എടുത്തു പറയേണ്ടതാണ്.

ക്ഷേത്രങ്ങളിലെയും ചർച്ചുകളിലെയും ഉത്സവത്തോടനുബന്ധിച്ചും മറ്റ് സാംസ്കാരിക സംഘങ്ങൾ നടത്തിവരുന്ന വാർഷികാഘോഷങ്ങളോടനുബന്ധിച്ചുമാണ് ഇപ്പോൾ സാംസ്കാരിക

പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ക്ഷേത്രകലയുമായി ബന്ധപ്പെട്ട് കെട്ടിയാടുന്ന ഏക സ്ത്രീ തെയ്യക്കോലമാണ് 'പെൺകൂത്ത്'. മലബാറിൽ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് ശ്രീ കുലോം ക്ഷേത്രത്തിൽ ധനു 5ന് ഇത് കെട്ടിയാടപ്പെടുന്നു. ഇതോടനുബന്ധിച്ച് മറ്റ് തെയ്യം-തിറ, പൊറാട്ട് തുടങ്ങിയ കലാരൂപങ്ങളും കെട്ടിയാടപ്പെടുന്നു.

തെയ്യവും തിറയും ദഫ്മുട്ടും പരിചമുട്ടും ഒപ്പനയും മുട്ടുംമുറിയും കോൽക്കളിയും പൂരക്കളിയും ചിമ്മാനക്കളിയും തുടിപ്പാട്ടും നാട്ടിപ്പാട്ടും കോദാമൂരിപ്പാട്ടും മാപ്പിളപ്പാട്ടുകളും തുടങ്ങിയ നാടൻകലകളുടെ എല്ലാ മേഖലകളും നമ്മുടെ ഈ കൊച്ചുഗ്രാമത്തിന് അന്യമല്ല. ശാസ്ത്രീയ നൃത്തങ്ങൾ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും ശാസ്ത്രീയ സംഗീതത്തിൽ അധ്യയനം നടത്തുന്ന ഒരു സ്ഥാപനമാണ് 'ത്യാഗരാജ സംഗീത വിദ്യാലയം'. റേഡിയോവിന്റെയും ടെലിവിഷന്റെയും അധീന കാലഘട്ടമായ ഇക്കാലത്ത് ഇവയെല്ലാം അന്യംനിന്ന് പോകാതെ കാത്ത് സൂക്ഷിക്കുന്ന ആളുകളുണ്ടെന്നത് ആശാവഹമാണ്. കേരള ലളിതകലാ അക്കാദമിയുടെ നാടൻ കലകൾക്കുള്ള അവാർഡ് ലഭിച്ച ശ്രീ കാഞ്ഞൻ പൂജാരി ഈ രംഗത്ത് മാട്ടൂലിന്റെ അഭിമാനമാണ്.

ഇന്ന് കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ മലയാള പത്രങ്ങളുടെയും മാസിക-വാരികകളുടെയും മറ്റു ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങളും നമ്മുടെ ഗ്രാമത്തിൽ പ്രചാരത്തിലുണ്ട്. റേഡിയോ - ടെലിവിഷൻ എന്നിവ സാർവത്രികമാണെങ്കിലും നമ്മുടെ സാംസ്കാരിക തനിമയുടെ നേർക്ക് കൊഞ്ഞനം കുത്തുന്ന കേബിൾ ടിവിയുടെ 'അതിപ്രസരം' ആരംഭിച്ചിട്ടുണ്ട്. നിലവിൽ നമ്മുടെ ഗ്രാമത്തിന്റെ എല്ലാ പ്രദേശങ്ങളിലും റജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ ധാരാളം സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. ഇവയിൽ വിരലിലെണ്ണാവുന്ന ചില സംഘടനകളെ ഒഴിച്ചുനിർത്തിയാൽ മറ്റുള്ളവയുടെ പ്രവർത്തനങ്ങൾ ആശാജനകമല്ല. സാംസ്കാരിക വകുപ്പിൽനിന്നും നൽകിയ ടെലിവിഷൻ സെറ്റുകളിൽ ഒന്ന് നമ്മുടെ പഞ്ചായത്തിലെ 'ഗാലക്സി യൂത്ത് സെന്റിന്' ലഭിച്ചിട്ടുണ്ട്.

സാധ്യതകൾ

A. നമ്മുടെ ഗ്രാമത്തിൽ കാലാകാലങ്ങളിൽ ഉദിച്ചസ്തമിക്കുന്ന ഒട്ടേറെ കലാ-കായിക-സാംസ്കാരിക സംഘടനകൾ ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു സാംസ്കാരിക സമിതി(കോ-ഓർഡിനേഷൻ കമ്മിറ്റി) രൂപീകരിക്കുകയും പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുകയും പ്രോത്സാഹനം നൽകുകയും വേണം. വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും നിലവിൽ പഞ്ചായത്ത് നൽകിവരുന്ന പത്രങ്ങൾ ഒരു സ്ഥാപനത്തിന് ഒരെണ്ണം രീതിയിലാണ് നൽകി വരുന്നത്. പത്രങ്ങളുടെയും മറ്റു പ്രസിദ്ധീകരണങ്ങളുടെയും വില വർധിച്ചതുമൂലം സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന പത്രങ്ങളുടെ എണ്ണം വർധിപ്പിക്കണം.

B. ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന കേരളോത്സവങ്ങളിലും മറ്റും പഞ്ചായത്തിലെ മുഴുവൻ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും എല്ലാ ഇനങ്ങളിലും മത്സരം സംഘടിപ്പിക്കുകയും വേണം. മാത്രവുമല്ല, പഞ്ചായത്ത് തല മത്സരവിജയികളെ ബ്ലോക്ക് തലത്തിലും മറ്റും പങ്കെടുപ്പിക്കുന്നുവേണ്ടിയുള്ള സാമ്പത്തിക സഹായവും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകണം. എങ്കിൽ മാത്രമേ കലാ- കായികരംഗത്ത് പ്രതിഭകൾ ഉയർന്നു വരാനുള്ള സാഹചര്യം ഉണ്ടാവുകയുള്ളൂ.

C. നിലവിൽ പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയമുണ്ട്. എന്നാൽ, അത് പ്രവർത്തനക്ഷമമല്ല. ആയതിനാൽ അവിടെ ഒരു പൊതു ലൈബ്രറിയും വായനശാലയും സ്ഥാപിക്കണം.

D. കായികരംഗത്ത് നമുക്ക് സ്വന്തമായി ഒരു മിനി സ്റ്റേഡിയമുണ്ട്. അവിടെ എല്ലാ കായിക ഇനങ്ങളിലും പരിശീലനം നേടുന്നതിന് വേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പരിശീലകരേയും മറ്റ് സൗകര്യങ്ങളും ചെയ്തുകൊടുക്കണം.

E. വിദ്യാഭ്യാസം, കലാ-കായിക വനിതാക്ഷേമം തുടങ്ങി എല്ലാ മേഖലകളിലും സമിതികൾ രൂപീകരിക്കണം.

F. ഒരു ഇന്റേൺ കോർട്ട് സ്ഥാപിച്ച് കായികപ്രേമികൾക്ക് പ്രോൽസാഹനം നൽകുക.

078

	ആരാധനാലയങ്ങൾ	വാർഡ്
1	മടക്കര ജുമാഅത്ത് പള്ളി മടക്കര	I
2.	മടക്കര തെക്കെപള്ളി	,,
3.	മടക്കര വടക്കെപള്ളി	,,
4.	ശാദുലി പള്ളി	,,
5.	സലഫി മസ്ജിദ് മടക്കര	,,
6.	C.S.I ചർച്ച് മടക്കര	,,
7.	ജുമാഅത്ത് പള്ളി തെക്കുമ്പാട്	II
8.	ബദർ പള്ളി തെക്കുമ്പാട്	,,
9.	ശാദുലി പള്ളി	,,
10.	മൊഹിയുദ്ദീൻ പള്ളി	"
11.	ശ്രീ കുർമ്പാക്കാവ് തെക്കുമ്പാട്	,,
12.	ശ്രീ പാലോട്ട് കാവ് തെക്കുമ്പാട്	,,
13.	തെക്കുമ്പാട് കൂലോംക്ഷേത്രം	,,
14.	തെക്കുമ്പാട് താഴേക്കാവ്	,,
15.	മൂസക്കാൻ പള്ളി മാട്ടൂൽ നോർത്ത്	III
16.	സിദ്ദീഖ് പള്ളി മാട്ടൂൽ കാവിലെപ്പറമ്പ്	,,
17.	ഹദ്ദാദ് പള്ളി മാട്ടൂൽ നോർത്ത്	,,
18.	മുഹയിദ്ദീൻ പള്ളി	,,
19.	പുതിയ പള്ളി	,,
20.	ശ്രീ കുർമ്പാക്കാവ്	,,
21.	തുളുവാടത്ത് പള്ളി	IV
22.	റിഫായിയ്യ പള്ളി മാട്ടൂൽ സെൻട്രൽ	,,
23.	സെൻട്രൽ ജുമാ മസ്ജിദ്	,,
24.	ബദ്റ് പള്ളി	,,
25.	ഹിദായത്ത് പള്ളി മാട്ടൂൽ സെൻട്രൽ	V
26.	ചെങ്ങളാൻ പള്ളി മാട്ടൂൽ സൗത്ത്	,,
27.	മാട്ടൂൽ പള്ളി	,,
28.	കടവത്ത് പള്ളി ,,	VI
29.	ഹദ്ദാദ് പള്ളി ,,	,,
30.	ഹംസത്ത് പള്ളി ,,	,,
31.	മുഹയിദ്ദീൻ പള്ളി ,,	,,
32.	മുഹ്ളാർ പള്ളി ,,	,,
33.	ശ്രീ പുമത്തിൽ കീഴിൽ ക്ഷേത്രം	,,
34.	ബദ്റ് പള്ളി മാട്ടൂൽ സൗത്ത്	VII
35.	സലഫി മസ്ജിദ് ,,	,,
36.	ഖിളർ പള്ളി ബീച്ച് റോഡ്	VIII
37.	യാസീൻ പള്ളി	,,
38.	തങ്ങളെ പള്ളി	,,
38.	C.S.I ചർച്ച് മാട്ടൂൽ സൗത്ത്	,,
39.	സെന്റ് തോമസ് കപ്പേള കറുത്തന്റെ ചാൽ	,,
40.	ഒളിയങ്കര പള്ളി	,,
41.	വ്യാകുലമാതാ ദേവാലയം	IX
42.	നൂരിയ മസ്ജിദ് മാട്ടൂൽ സെൻട്രൽ	,,
43.	ഹൈദ്രോസ് പള്ളി ,,	,,
44.	മൊഹ്യിദ്ദീൻ പള്ളി മാട്ടൂൽ സെൻട്രൽ	,,
45.	ഫാറൂഖ് പള്ളി ,,	,,
46.	ശ്രീ അയ്യപ്പ ക്ഷേത്രം ,,	,,
47.	ചാലിൽ സ്രാമ്പി ,,	X
48.	C.S.I ചർച്ച്	,,
49.	സിദ്ദീഖ് പള്ളി മാട്ടൂൽ സെൻട്രൽ	,,
50.	ജാറം ബദ്റ് പള്ളി ,,	,,
51.	സെന്റ് നിക്കാളാവോ ദേവാലയം മാട്ടൂൽ നോർത്ത്	,,
52.	നഗർ മസ്ജിദ് ,,	,,
53.	ബിലാൽ പള്ളി ,,	XI
54.	വേദാബർ പള്ളി ,,	,,
55.	തക്ക്വാ പള്ളി ,,	,,
56.	ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം	,,

കലാകായികസാംസ്കാരിക സംഘടനകൾ

ക്രമനമ്പർ	പേര്വിവരം	പ്രവർത്തനസ്വഭാവം	വാർഡ്
1.	റെഡ്സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്	കലാകായികരംഗം	I
2.	ബ്ലൂസ്റ്റാർ തെക്കുമ്പാട്	,,	II
3.	നവോദയ ആർട്സ്&സ്പോർട്സ്ക്ലബ്തെക്കുമ്പാട്	,,	,,
4.	ഗാലക്സി യൂത്ത് സെന്റർ മാട്ടൂൽ നോർത്ത്	കലാ-കായിക- സംസ്കാരികം	III
5.	പുരോഗമന കലാസമിതി കാവിലെപ്പറമ്പ്	കലാ-സംസ്കാരം	,,
6.	യവനിക കാവിലെപ്പറമ്പ്	കലാരംഗം	,,
7.	ഉരവം ആവിഷ്കാര സമിതി മാട്ടൂൽ നോർത്ത്	സാംസ്കാരികം	,,
8.	സഞ്ജയ് യൂത്ത്ക്ലബ് മാട്ടൂൽ നോർത്ത്	,,	IV
9.	വിവേകാനന്ദ സാംസ്കരിക സമിതി പൊലുപ്പിൽ	,,	,,
10.	സെന്റോർ യൂത്ത്സ് മാട്ടൂൽ സെന്റർ	,,	,,
11.	ഐഡിയിൽ യൂത്ത്സ് മാട്ടൂൽ സെന്റർ	കലാ-കായികം	V
12.	വിക്ടറി യൂത്ത് ക്ലബ് ,,	,,	,,
13.	എമ്യൂസിംഗ് സിറ്റി ,,	,,	,,
14.	സ്പെൽ ബൈന്റേഴ്സ് മാട്ടൂൽ സൗത്ത്	,,	VI
15.	ഒതയാർക്കം യൂത്ത് ക്ലബ് ,,	,,	,,
16.	ഗ്രീൻ & വൈറ്റ് സ്പോർട്സ് ക്ലബ് ,,	കായികം	VII
17.	ഭഗത്സിംഗ് സ്പോർട്സ് & ആർട്സ് ക്ലബ് ബീച്ച് റോഡ്	കലാ- കായിക്ം	,,
18.	യുവചേതന ബീച്ച് റോഡ്	,,	,,
19.	ചാച്ചാജി സ്പോർട്സ് & ആർട്സ് ക്ലബ് ബീച്ച് റോഡ്	,,	,,
20.	റെഡ്സ്റ്റാർ ആർട്സ്&സ്പോർട്സ്ക്ലബ് ഗ്രാമീണവായനശാല	,,	VIII
21.	ജയകേരള സ്പോർട്സ് ക്ലബ്	കായികം	,,
22.	സാൻഗ്യൂ യൂത്ത് ക്ലബ്	,,	,,
23.	ജോളി ബ്രദേഴ്സ് യൂത്ത് ക്ലബ്	കലാ-സാംസ്കാരികം	IX
24.	ബോസ്കോസ്	,,	,,
25.	രാജീവൻ മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മാട്ടൂൽ സെൻട്രൽ	കലാ-കായികം	,,
26.	അൽ-വഹദ സ്പോർട്സ് & ആർട്സ് ക്ലബ്	കലാ-കായികം	,,
27.	ഗുഡ്ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്	,,	,,
28.	പുരോഗമന കലാസമിതി (സെൻട്രൽ)	കലാ-സാംസ്കാരികം	X
29.	ചൈതന്യ കലാ സാംസ്കാരിക വേദി	,,	,,
30.	കാത്തലിക് യൂത്ത്ക്ലബ്	,,	,,
31.	ബ്രദേഴ്സ് യൂത്ത് ക്ലബ്	കായികം	,,
32.	അംബേദ്കർ മെമ്മോറിയൽ യൂത്ത് ക്ലബ്	കലാ-കായികം	,,
33.	'യുവധാര' കക്കാടൻചാൽ	,,	XI
34.	യൂത്ത് വിംഗ്സ് കക്കാടൻചാൽ	കലാ-കായിക-സംസ്കാരം	,,

ഗ്രന്ഥശാലകൾ/വായനശാലകൾ

ക്രമ നമ്പർ	പേര്	വായനശാല / ഗ്രന്ഥശാല	വാർഡ്
1.	മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല മാട്ടുൽ നോർത്ത്	വായനശാല/ഗ്രന്ഥാലയം	III
2.	V.P.K അബ്ദുൾ ഖാദർ സ്മാരക വായനശാല മാട്ടുൽ നോർത്ത്	വായനശാല	,,
3.	അഡ്വ. ഹബീബുറഹ്മാൻ സ്മാരക വായനശാല & ഗ്രന്ഥാലയം	വായനശാല	,,
4.	ഖായിദെമില്ലത്ത്മുഹമ്മദ്ഇസ്മായിൽസാഹിബ്സ്മാരവായനശാല&ഗ്രന്ഥാലയം	വായനശാല	,,
5.	സഞ്ജയ് യൂത്ത് ക്ലബ് ലൈബ്രറി	ഗ്രന്ഥാലയം	,,
6.	എ.വി. അബ്ദുറഹിമാൻ സ്മാരക വായനശാല ഗ്രന്ഥാലയം	വായനശാല ഗ്രന്ഥാലായം	V
7.	ഗ്രാമീണ വായനശാല മാട്ടുൽ സൗത്ത്	വായനശാല	,,
8.	ഒതയാർക്കം വായനശാല ,,	,,	VI
9.	S.S.F വായനശാല ,,	,,	VII
10.	വികാസ് ഭവൻ വായനശാല ,,	,,	VIII
11.	ചൈതന്യ വായനശാല മാട്ടുൽ നോർത്ത്	,,	X
12.	ബോസ്കോസ്	വായനശാല ഗ്രന്ഥാലയം	IX
13.	ഫാ. ജോൺ സെക്കേര മെമ്മോറിയൽ ലൈബ്രറി & വായനശാല	വായനശാല/ഗ്രന്ഥാലയം	Y
14.	എൻ.പി കുഞ്ഞിക്കോയ തങ്ങൾ സ്മാരക വായനശാല	വായനശാല	IX
15.	അംബേഡ്കർ മെമ്മോറിയൽ വായനശാല	,,	X
16.	C.M.K ഖാലിദ് സ്മാരക വായനശാല	,,	,,
17.	പ്രിയദർശിനി വായനശാല	,,	XI
18.	സീതി സാഹിബ് സ്മാരക വായനശാല	,,	,,
19.	ഹരിജൻ വായനശാല മടക്കര	,,	I
20.	പഞ്ചായത്ത് വായനശാല മടക്കര	,,	I
21.	റെഡ്സ്റ്റാർ സ്പോർട്സ് & ആർട്സ് ക്ലബ് വായനശാല മടക്കര	,,	I
22.	സി.എച്ച്. മുഹമ്മദ്കോയ സ്മാരക വായനശാല തെക്കുമ്പാട്	,,	II
23.	നവോദയ വായനശാല ,,	,,	II
24.	യുവചേതന ലൈബ്രറി മാട്ടുൽ സൗത്ത്	,,	VII

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

മാട്ടൂൽ, മടക്കര എന്നീ ഉപദ്വീപുകളും തെക്കുമ്പാട് എന്ന ദ്വീപും ചേർന്ന മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയിൽ പകുതിയിലധികവും ഗൾഫ് പണത്തിന്റെ സ്വാധീനത്തിലാണ്. സമ്പത്തിന്റെ ഭൂരിഭാഗവും പ്രത്യുല്പാദനപരമല്ലാത്ത നിർമ്മാണ രംഗങ്ങളിലാണ് ചെലവഴിക്കുന്നത്.

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 25 വർഷങ്ങൾക്കിപ്പുറം ഭവന നിർമാണ രംഗത്ത് സംഭവിച്ച മാറ്റം ശ്രദ്ധേയമാണ്. 1900മാണ്ടിന്റെ ആരംഭംവരെ മൺകട്ടയുപയോഗിച്ചുള്ള ചുമരും ഓല മേഞ്ഞ മേൽക്കൂരയുമുള്ള വീടുകൾ മാത്രമേ ഭൂരിപക്ഷത്തിനും നിർമിക്കാൻ സാധിച്ചിരുന്നുള്ളൂ. വിരലിലെണ്ണാവുന്ന ഭൂവുടമകൾ മാത്രമേ മേൽക്കൂര ഓടുകൊണ്ട് നിർമിച്ചിരുന്നുള്ളൂ. ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ കർമോത്സുകരായ തദ്ദേശീയർ ബർമ്മ, സിലോൺ, മലേഷ്യ, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്കും, 1960കളിൽ മധ്യപൂർവേഷ്യൻ രാജ്യങ്ങളിലും തൊഴിൽതേടി പോയതോടെ നാടിന്റെ സാമ്പത്തിക സ്ഥിതി അല്പാല്പമായി മെച്ചപ്പെടുകയും ഗൃഹനിർമ്മാണരംഗത്ത് അതിന്റെ സ്വാധീനം പ്രകടമാകുകയും ചെയ്തു. വെട്ടുകല്ലുകളും പലകകളും ഓടുകളും മറ്റ് ആധുനിക ഗൃഹനിർമാണ സാമഗ്രികളും വ്യാപകമായി ഉപയോഗിച്ചുള്ള കെട്ടിടനിർമാണരീതികളും പ്രയോഗത്തിൽ വരികയുണ്ടായി. മൺകട്ടകൾ തദ്ദേശീയമായി നിർമിച്ചിരുന്നതിനാലും തെങ്ങുകൃഷി വ്യാപകമായതിനാലും മേൽക്കൂരയ്ക്ക് ആവശ്യമായ തടികളും കെട്ടിമേയുന്നതിനുള്ള ഓലകളും സുലഭമായതിനാലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ അത്തരത്തിലുള്ള വീടുനിർമാണം തുടർന്നുപോന്നു.

തൊഴിൽ സാധ്യതകൾ മണത്തറിഞ്ഞ് തിരുവിതാംകൂറിൽ നിന്നും മറ്റും

വന്ന നിർമാണ തൊഴിലാളികൾ അറേബ്യൻ-കേരളീയ വാസ്തുവിദ്യകൾ സമന്വയിപ്പിച്ച് മസ്ജിദുകളും വീടുകളും നിർമിച്ചു തുടങ്ങിയതോടെ നിരവധി മുറികളും ഇരുനിലകളുള്ള വീടുകളുടെയുഗം ആരംഭിച്ചു. സ്വന്തമായി 1 സെന്റ് ഭൂമി പോലുമില്ലാത്ത പാവപ്പെട്ടവരും കർഷകതൊഴിലാളികളുമായ അനേകം പേർ ഭൂപരിഷ്കരണനിയമം നടപ്പിലായതോടെ ഭൂവുടമകൾ ആയിത്തീരുകയും പാർപ്പിട നിർമാണ ലഭ്യതയ്ക്കുള്ള വഴി തെളിയുകയും ചെയ്തു. ഗൾഫ് പണത്തിന്റെ സ്വാധീനം മൂലമുണ്ടായ സാമ്പത്തികരംഗത്തുള്ള വളർച്ച ആധുനികഗൃഹനിർമാണരംഗത്ത് പ്രതിഫലിക്കാൻ തുടങ്ങി. ഇന്നു പഞ്ചായത്തിലെ സമ്പന്നർക്കും ഇടത്തരക്കാർക്കും മെച്ചപ്പെട്ട പാർപ്പിട സൗകര്യ

മുണ്ട്. മാർബിളും, മൊസൈക്കും പതിച്ച ലക്ഷങ്ങൾ വിലമതിക്കുന്ന ഇരുനില വീടുകൾ ഗ്രാമത്തിന്റെ മുക്കിലും മൂലയിലും കാണാം. താഴ്ന്ന വരുമാനമുള്ള ജനവിഭാഗങ്ങൾക്ക് മാത്രമേ മെച്ചപ്പെട്ട പാർപ്പിട സൗകര്യമില്ലാതുള്ളൂ.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സർക്കാർ വിവിധ വകുപ്പുകൾവഴി പാർപ്പിട നിർമാണത്തിന് സഹായങ്ങൾ നൽകുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാമുദായിക സംഘടനകളും സ്വസമുദായക്കാരായ ദരിദ്രർക്ക് ഭവനനിർമാണത്തിന് സഹായം നൽകുന്നുണ്ട്. മുസ്ലിം മഹല്ല് ജമാഅത്തുകൾ വിദേശത്ത് ജോലി ചെയ്യുന്നവരുടെ സഹായത്തോടെ സ്വസമുദായത്തിലെ പാവപ്പെട്ടവർക്ക് ഇപ്പോഴും വീട് നിർമിക്കുന്നതിന് സഹായം നല്കി വരുന്നുണ്ട്. വീടോ, സ്ഥലമോ ഇല്ലാത്ത ക്രൈസ്തവ- നവക്രൈസ്തവ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും നൽകുന്നതിൽ കൃസ്ത്യൻ മിഷനറിമാരുടെ സേവനവും എടുത്തു പറയത്തക്കതാണ്. എന്നിരുന്നാലും പാവപ്പെട്ടവർക്ക് യഥാർഥത്തിൽ ആവശ്യമായ വിടുകളിൽ ചെറിയ ശതമാനം മാത്രമേ ഈ രീതിയിൽ ലഭിക്കുന്നുള്ളൂ. നിർമാണ തൊഴിൽ രംഗത്തെ ഉയർന്ന കൂലിനിരക്കും നിർമാണ സാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റവും സാധാരണക്കാരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കൃതമാകുന്നില്ല. സ്വന്തമായി വീട് നിർമിക്കാൻ സാധിക്കാത്തതിനാൽ പഴയ കൂട്ടുകുടുംബം പോലെ ഒരു വീട്ടിൽ നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന

വീടുകളുടെ തരംതിരിച്ച് പട്ടിക1(1)

വാർഡ്നമ്പർ	വീടുകൾ	കോൺക്രീറ്റ്	ഓട്/മണ്ണ്	മൺകട്ട/ഓട്മേഞ്ഞത്	മറ്റുകെട്ടിടങ്ങൾ
1	395	182	181	32	283
2	248	73	174	1	122
3	315	134	163	18	180
4	242	102	139	1	186
5	250	150	88	12	233
6	268	104	120	44	237
7	282	102	88	92	213
8	354	64	284	36	217
9	320	105	180	35	128
10	283	81	196	6	307
11	329	136	162	31	179
ആകെ	**3316**	**1233**	**1775**	**308**	**2026**

സ്ഥിതിയും പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കണ്ടുവരുന്നു.

കൂടിയ ഗൃഹസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ കൃഷിസ്ഥലങ്ങൾ നികത്തിയാണ് വ്യാപകമായി വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും നിർമാണം നടക്കുന്നത്. 7.35 കിലോമീറ്റർ നീളവും 850 മീറ്റർ വീതിയുമുള്ള മാട്ടൂലിൽമാത്രം ലഭ്യമായ കണക്കുകൾ അനുസരിച്ച് 2673 വീടുകളും 1621 മറ്റു കെട്ടിടങ്ങളുമുണ്ട്. 1233 കോൺക്രീറ്റ് കെട്ടിടങ്ങളും

ചെങ്കല്ലും, സിമന്റും ഉപയോഗിച്ചുള്ള ചുമരും ഓടുകൊണ്ടുള്ള മേൽക്കൂരയുമുള്ള 1775 വീടുകളും മൺകട്ട കൊണ്ട് നിർമിച്ച ചുമരുള്ളതും ഓലമേഞ്ഞതുമായി ആകെ 308 വീടുകളും ആണ് ഉള്ളത്. ഗ്രാമപഞ്ചായത്തിന്റെ ആകെ നിലത്തിന്റെ 90% വും പുരയിടങ്ങളാണ്. സ്ഥലസൗകര്യമില്ലാതെ പൊറുതിമുട്ടുന്ന പഞ്ചായത്തിൽ കുനിന്മേൽ കുരുവെന്നപോലെ നടപ്പായ തീരദേശ സംരക്ഷണ നിയമം ഉപദ്വീപായ മാട്ടൂലിന്റെയും അർദ്ധദ്വീപായ മടക്കരയുടെയും പകുതിയിലധികം ഭാഗത്തും ദ്വീപായ തെക്കുമ്പാട് പ്രദേശത്ത് ഏകദേശം പൂർണമായും നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നു. പട്ടിക 1(1)

സർക്കാർ ഏജൻസികൾ വഴി പൂർത്തികരിച്ച വീടുകൾ

ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കും, സ്വന്തമായി ഭൂമിയുള്ള ഒ സി എച്ച് കോളനികളിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്കും, ബ്ലോക്ക് ഡവലപ്മെന്റ് ആഫീസ്, പഞ്ചായത്ത് ആഫീസ് മുഖേന 1989 മുതലുള്ള കണക്കുകൾ അനുസരിച്ച് വിവിധ പദ്ധതികളിലായി 102 വീടുകൾ പണിത് നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് വായ്പ പദ്ധതികൾ വഴിയും ഗൃഹനിർമാണം നടത്തിയ കുടുബങ്ങളുമുണ്ട്. പട്ടികയിൽ കാണുന്ന കണക്കുകളനുസരിച്ച് വളരെ കുറച്ച് കുടുംബങ്ങൾക്കുമാത്രമേ സഹായം അനുവദിക്കാൻ സാധിച്ചിട്ടുള്ളുവെന്ന് വ്യക്തമാണ്. JRY പോലുള്ള സർക്കാർ പദ്ധതികൾ അർഹരായ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുന്നവിധം അനുവദിക്കേണ്ടതുണ്ട്. സർക്കാർ ഏജൻസികളിൽനിന്നുള്ള സഹായങ്ങളെക്കുറിച്ചുള്ള അജ്ഞതയും, അനുവദിക്കുന്ന തുക ഗൃഹനിർമാണത്തിന് തീരെ അപര്യാപ്തമാകുന്ന സ്ഥിതിയുമാണ് ഇപ്പോൾ നിലവിലുള്ളത്. ലഭ്യമാകുന്ന കണക്കുകൾ അനുസരിച്ച് ദുർബല വിഭാഗങ്ങളിൽ ഏകദേശം 365ലധികം കുടുംബങ്ങൾക്ക് ഗൃഹനിർമാണത്തിന്റെ ആനുകൂല്യം വിവിധ വാർഡുകളിലായി ലഭിക്കേണ്ടതുണ്ട്. പട്ടിക 1(2)

പട്ടിക 1 (2)

വാർഡ്	അനുവദിച്ച വീടുകൾ ബ്ലോക്ക് മുഖേന	പഞ്ചായത്ത് മുഖേന	വർഷം	പദ്ധതി
1	6	13	1989-90 മുതൽ 1996-97 വരെ	NREP, JRY, IAY, MWS മുതലായവ
2	1	3		
3	1	-		
4	-	-		
5	-	2		
6	-	-		
7	3	4		
8	7	3		
9	10	1		
10	23	7		
11	14	2		
ആകെ	67	35	—	—

പ്രശ്നങ്ങൾ

1. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമാണത്തിന് സ്ഥലം അനുവദിക്കുന്നതിന് കുറഞ്ഞ വിലക്ക് ഭൂമി ലഭ്യമാകാത്തതിനുള്ള പ്രയാസം നേരിടുന്നു.

2. നിർമാണ തൊഴിലാളികളുടെ വർധിച്ച കൂലി നിരക്കും അസംസ്കൃത സാധനങ്ങളുടെ അടിക്കടിയുള്ള വിലവർധനവും പ്രയാസമുണ്ടാക്കുന്നു.

3. ഭവനനിർമാണ വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതും ഉയർന്ന പലിശനിരക്കും പ്രശ്നമാണ്.

4. ഗൃഹനിർമാണത്തിന് താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിക്കേണ്ട രീതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.

5. ഗൃഹനിർമാണരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘത്തിന്റെ അഭാവം.

6. തീരദേശ സംരക്ഷണ നിയമം മൂലം സാധാരണക്കാർ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നിവർക്ക് പുതുതായി വീടുവയ്ക്കുന്നതിന് പ്രയാസമുണ്ടാകുന്നു.

7. സർക്കാർ വകുപ്പുകൾ വഴി അനുവദിക്കുന്ന സഹായധനം ഗൃഹനിർമാണം ശരിയായ രീതിയിൽ പൂർത്തിയാക്കാൻ അപര്യാപ്തമാണ്.

നിർദേശങ്ങൾ

1. ഗൃഹനിർമാണത്തിന് സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 5 സെന്റ് എന്ന തോതിലെങ്കിലും സ്ഥലം നിലവിലുള്ള മാർക്കറ്റ് വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിന് മുൻകൈയെടുക്കണം.

2. ഗൃഹനിർമാണത്തിന് വാണിജ്യ സ്ഥാപനങ്ങൾവഴി വായ്പയും സർക്കാർ സഹായധനവും അനുവദിക്കുക. വായ്പ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ നിയമനിർമാണം നടത്തുക. ഗുണഭോക്താക്കളെ മുൻഗണനാക്രമം അനുസരിച്ച് ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കുക.

3. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമാണ തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിച്ച് ചെലവുകുറഞ്ഞ സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ കൂലി ഏകീകരിക്കുകയും ആയത് സംഘം വഴി വിതരണം നടത്തുകയും ചെയ്യുക.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും അടിസ്ഥാനവർഗക്കാരുടെയും ഗൃഹനിർമാണം, പഴയ വീടുകൾ റിപ്പയറിംഗ് എന്നിവയ്ക്കായി ഒരു ഗൃഹനിർമാണ സഹകരണ സംഘം ആരംഭിക്കുക. വിവിധ ഏജൻസി വഴി നൽകുന്ന ഗൃഹനിർമാണ പദ്ധതികൾ സംഘംവഴി ഏറ്റെടുത്ത് നടത്തിപ്പിക്കുകയും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണം പ്രസ്തുത സംഘത്തിലുണ്ടാവുകയും ചെയ്യുക.

5. തീരദേശ സംരക്ഷണ നിയമം ലഘൂകരിച്ച് ഗൃഹനിർമാണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുക.

6. സർക്കാർ വകുപ്പുകൾ വഴി നൽകുന്ന ഗ്രാന്റ് ഏറ്റവും കുറഞ്ഞത് 50,000 രൂപ എന്നാക്കി വർധിപ്പിക്കുക. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്വന്തമായി വീടില്ലാത്തവർക്ക് മുഴുവനായും പദ്ധതി വ്യാപിപ്പിക്കുക.

7. സമ്പന്നരുടെ ആർഭാടമായ ഗൃഹനിർമാണം നിയന്ത്രിക്കുക.

8. ചെലവ് കുറഞ്ഞ ഗൃഹനിർമാണ രീതികൾ പ്രചരിപ്പിക്കുന്നതിനും മറ്റുമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമിതി കേന്ദ്രങ്ങൾ ആരംഭിക്കുക.

9. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയും പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയും കാലോചിതമായി പരിഷ്കരിച്ച് തുക വർധിപ്പിച്ച് പഞ്ചായത്തിൽ നടപ്പാക്കുക.

10. ഭവന നിർമാണത്തിന് നൽകുന്ന ആനുകൂല്യങ്ങൾ വരുമാനപരിധി അനുസരിച്ച് എല്ലാവിധ പിന്നോക്ക വിഭാഗങ്ങൾക്കും ലഭിക്കത്തക്കവിധം നടപ്പാക്കുക.

സാമൂഹ്യക്ഷേമം

ദാരിദ്ര്യനിർമാർജന പരിപാടികളും സമൂഹത്തിലെ അശരണരും പ്രത്യേകിച്ച് വികലാംഗർ, വിധവകൾ, കുട്ടികൾ ഇവരുടെ ഉന്നമനം ലക്ഷ്യമാക്കി ക്ഷേമപ്രവർത്തനങ്ങൾ ഗ്രാമവികസനവകുപ്പ്, സ്വയംഭരണസ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമവകുപ്പ്, പട്ടികജാതി വികസന വകുപ്പ് മുതലായ

സർക്കാർ ഏജൻസികൾ വഴിയാണ് പ്രധാനമായും സാമൂഹ്യക്ഷേമ പദ്ധതികൾ ഏറ്റെടുത്ത് നടത്തിപ്പോരുന്നത്.

സാമൂഹ്യരംഗത്തുണ്ടായിരുന്ന ജാതി-ജന്മി വ്യവസ്ഥകൾ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണമാവുകയും കഴഞ്ഞകാലങ്ങളിൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാതിരുന്നതും ആയതിനുള്ള സൗകര്യങ്ങളുടെ അഭാവവും ഈ രംഗത്ത് ഉണ്ടായിരുന്നു. അയിത്താചരണം, അന്ധമായ ജാതിചിന്ത മുതലായ സാമൂഹ്യതിന്മകൾ വിവിധ മിഷനറി പ്രവർത്തനങ്ങളിലൂടെയുള്ള വർഷങ്ങളായുള്ള ബോധവൽക്കരണം മൂലം നാട്ടിൽ നിന്നും നിശ്ശേഷം തുടച്ചുമാറ്റിയെന്ന് പറയാവുന്നതാണ്. ഇസ്ലാമിക സംസ്കാരത്തിന്റെ സ്വാധീനഫലമായി ഭൂരിഭാഗം വരുന്ന മുസ്ലിംകൾ തൊട്ടുകൂടായ്മയെ നിരുത്സാഹപ്പെടുത്തിയതിനാൽ പ്രത്യക്ഷമായ അയിത്താചരണത്തിന്റെ ശക്തി ക്രമേണ കുറഞ്ഞുവന്നു. 1940കളിൽ ക്രിസ്ത്യൻ മിഷിനറി പ്രവർത്തനങ്ങൾ പിന്നോക്ക വർഗ്ഗങ്ങളുടെയിടയിൽ മതപരിവർത്തനത്തിന് കാരണമാവുകയും മിഷനനറിമാരുടെ സഹായങ്ങൾ ദളിത് ക്രൈസ്തവരുടെ സാമൂഹ്യസാമ്പത്തിക മേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾക്ക് കാരണമാവുകയും ചെയ്തു.

സാമൂഹ്യക്ഷേമത്തിനായുള്ള സർക്കാർ പദ്ധതികൾ

ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടിയും തൊഴിലില്ലാത്ത യുവതീ-യുവാക്കളുടെ സ്വയംതൊഴിൽ പരിപോഷിപ്പിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള പയ്യന്നൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് നിയന്ത്രണത്തിലുള്ള മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രവർത്തന പരിധിയായി വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്

പട്ടിക 2(1)

വാർഡ് നമ്പർ	സർവ്വേ പ്രകാരം ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ
1	85	2	43	3	12	75
2	66	1	18	1	-	62
3	67	-	7	1	-	65
4	58	-	16	2	7	50
5	24	-	4	1	-	24
6	50	-	10	5	-	48
7	149	1	28	11	-	140
8	136	1	24	34	-	135
9	178	2	49	24	7	171
10	134	10	45	19	14	120
11	36	4	29		2	34
ആകെ	983	21	273		42	924

മുഖേനയാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഗ്രാമപഞ്ചായത്തുകൾ വഴിയും അംഗൻവാടികൾ വഴിയും മറ്റ് സർക്കാർ ഏജൻസികൾ വഴിയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

സംയോജിത ഗ്രാമവികസന പദ്ധതി(IRDP)

1992ലെ IRDP സർവ്വേയും 1995-96ലെ പുതുതായി ചേർത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബാംഗങ്ങളുടെ കണക്കുകൾ പ്രകാരം മാട്ടൂർ ഗ്രാമപഞ്ചായത്തിൽ 983 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ആയതിൽ നാളിതുവരെയായി 142 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുണ്ട്. പട്ടിക 2(1)

1989-90 മുതൽ 1995-96 വരെ സഹായം ലഭിച്ച എണ്ണം 273 ൽ 121 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണ്. പട്ടികജാതിയിൽപ്പെടുന്ന കുടുംബാംഗങ്ങളിൽ വിരലിലെണ്ണാവുന്നവർക്ക് (പുതിയ കുടുംബങ്ങൾ) മാത്രമേ സഹായം ലഭ്യമാകാനുള്ളൂ. മറ്റ് വിഭാഗത്തിൽ നാളിത് വരെയും 152 കുടുംബാംഗങ്ങളെ മാത്രമേ സഹായിച്ചിട്ടുള്ളൂ.

ട്രൈസം

തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്ന പദ്ധതിയിൽ 1995-96 വരെ 32 പേർ കമ്പോസിംഗ്, ബുക്ക് ബൈൻഡിംഗ്, പ്ലംമ്പിംഗ്, റേഡിയോ ആൻഡ് ടിവി റിപ്പേർ, ഗൃഹോപകരണങ്ങളുടെ റിപ്പേർ, കയർനിർമാണം എന്നിവയിൽ പരിശീലനം നൽകുകയും 27 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നവർ ഇതര തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് പരിശീലനം നേടിയവരുടെ വിവരങ്ങൾ സൂചിപ്പിക്കുന്നു. പട്ടിക 2(2)

DWCRA പദ്ധതിപ്രകാരം 1993-94 വർഷത്തിൽ

പട്ടിക 2 (2)

വർഷം	പരിശീലന വിഷയങ്ങൾ	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
86–87	കമ്പോസിംഗ്, ബുക്ക് ബൈൻഡിംഗ് പ്ലമ്പിംഗ്	4	4	-	-
87–88	കമ്പോസിംഗ്, പ്രിന്റിംഗ് പ്രൂഫ് റീഡിംഗ്	3	3	-	-
88–89	കമ്പോസിംഗ്, ബുക്ക് ബൈൻഡിംഗ്, ഓട്ടോമോബൈൽ ഇഞ്ചിനീറിംഗ്	4	4	-	-
89–90	പ്ലമ്പിംഗ്	1	1	-	-
91–92	ടൈപ്പ് റൈറ്റിംഗ്, റേഡിയോ, ടിവി റിപ്പേർ	4	2	-	2
92–93	കമ്പോസിംഗ് & പ്രിന്റിംഗ്,	3	2	-	1
93–94	കയർ നിർമാണം, റേഡിയോ, ടിവി റിപ്പേർ	11	10	1	-
94–95	ഗൃഹോപകരണങ്ങളുടെ റിപ്പേർ	2	1	1	-
	ആകെ	**32**	**27**	**2**	**3**

ആരംഭിച്ച കയർ നിർമാണ യൂണിറ്റിൽ 10 പേർ അംഗങ്ങളാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്നു. 10 പേരുടെ ഗ്രൂപ്പിൽ 4 പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ്. ഷെഡ് നിർമാണത്തിനും മറ്റ് പ്രശ്നങ്ങൾക്കും സ്വന്തമായി സ്ഥലമില്ലാത്തതിനാലുള്ള വിഷമതകൾ യൂണിറ്റിനുണ്ട്.

ടൂൾകിറ്റ്(റൂറൽആർട്ടിസാൻസ്പ്രോഗ്രാം)

ഗ്രാമീണ കരകൗശല തൊഴിലാളികളായ ആശാരി, മൂശാരി, കൊല്ലപ്പണിക്കാർ, സ്വർണപ്പണിക്കാർ, കൽപ്പണിക്കാർ എന്നിവർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ 92ലെ IRDP സർവേ പ്രകാരം 114 കൈത്തൊഴിലുകാർ ഉള്ളതിൽ വിവിധ വാർഡുകളിലായി 51 പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്. വിവിധ ഗ്രാമീണ കരകൗശല തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന 63 ഗുണഭോക്താക്കൾക്ക് ഇനിയും തൊഴിൽ ഉപകരണങ്ങൾ വിതരണം നടത്തേണ്ടതായിട്ടുണ്ട്. പട്ടിക 2(3).

പട്ടിക 2(3)

വാർഡ്	ഉപകരണങ്ങൾ വിതരണം ചെയ്തത്	ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം
1	3	8
2	4	8
3	2	5
4	2	7
5	-	2
6	-	2
7	1	5
8	1	5
9	9	24
10	20	32
11	9	18
ആകെ	**51**	**114**

ഗ്രാമീണശുചിത്വപരിപാടി (സി.ആർ.എസ്.പി)

1992ലെ IRDP സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്തിലെ 787 കുടുംബങ്ങൾക്ക് മെച്ചപ്പെട്ട കക്കൂസ് സൗകര്യം ഇല്ല. ആകെയുള്ള 3316 വീടുകളിൽ 1485 എണ്ണം സാനിട്ടറി കക്കൂസ് ഉപയോഗിക്കുമ്പോൾ 958 കുടുംബങ്ങൾ മറ്റു വിധത്തിലുള്ള സൗകര്യങ്ങളെയാണ് ആശ്രയിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസുകൾ നിർമിച്ചു കൊടുക്കുന്ന RSP, SCP പദ്ധതി പ്രകാരവും JRY വീടുകളോടനുബന്ധിച്ചുള്ള ഇരുകുഴി കക്കൂസുകളും നിർമിച്ചതിൽ പയ്യന്നൂർ വികസന ബ്ലോക്ക് വഴി 51 കുടുംബങ്ങൾക്കും ഗ്രാമപഞ്ചായത്ത് വഴി 35 കുടുംബങ്ങൾക്കും വിവിധ വാർഡുകളിലായി സഹായം ലഭ്യമായതായി പട്ടിക കാണിക്കുന്നു. എന്നിരുന്നാലും യഥാർഥ ആവശ്യക്കാരുടെ എണ്ണവും അനുവദിച്ചവരുടെ എണ്ണവും നോക്കിയാൽ സാനിട്ടറി സൗകര്യങ്ങളുടെ ആവശ്യകത മനസിലാക്കാവുന്നതാണ്. പട്ടിക 2 (4)

പട്ടിക 2(4)

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിൽ ഇതുവരെ അനുവദിച്ചത്		പൂർത്തിയാക്കിയത്	ഇനി കക്കൂസുകൾ ആവശ്യമുള്ള കുടുംബങ്ങൾ	പദ്ധതികൾ
		ബ്ലോക്ക്	ഗ്രാമപഞ്ചായത്ത്			
1	200	3	13	15	69	SCP CRSP JQY
2	150	-	3	3	56	
3	100	5	-	4	38	
4	125	1	-	-	29	
5	100	-	2	2	17	
6	125	1	-	-	43	
7	200	3	4	5	142	
8	250	3	3	5	121	
9	150	9	1	9	137	
10	150	14	7	20	108	
11	145	12	2	18	27	
ആകെ	1745	51	35	81	787	

പ്രശ്നങ്ങൾ

1. IRDP പദ്ധതി പ്രകാരം സഹായം ശരിയായ രീതിയിൽ ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്. IRDP ആനുകൂല്യം ലഭിച്ച പട്ടികജാതിക്കാരല്ലാത്ത കുടുംബാംഗങ്ങളുടെ എണ്ണം വളരെ കുറവാണ്.

2. ട്രൈസം പരിശീലന പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം IRDP സഹായിക്കേണ്ടവരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവാണ്.

3. DWCRA യൂണിറ്റ് പഞ്ചായത്തിൽ ഒന്ന് മാത്രമേയുള്ളൂ. പുതുതായി രൂപീകരിക്കാനുള്ള ശ്രമങ്ങൾ വേണ്ടതുണ്ട്. യൂനിറ്റുകൾക്ക് സർക്കാർ സഹായം പരിമിതമാണ്.

4. ഗ്രാമീണ കരകൗശല തൊഴിലുകാർക്ക് മുഴുവനായും ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി വലിയ പുരോഗതി കാണുന്നില്ല.

5. CRSP ഇരുകഴി കക്കൂസ് മുഴുവൻ അർഹരായവർക്കും അനുവദിക്കുകയും, ആയതിന്റെ ധനസഹായം രണ്ടായിരം രൂപയെന്നത് വർധിപ്പിക്കുകയും ചെയ്യുക. കക്കൂസ് നിർമാണത്തിനുള്ള ബോധവൽക്കരണമില്ലായ്മ ഈ രംഗത്തുള്ള പ്രശ്നമാണ്.

പെൻഷനുകൾ

1996ലെ ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ 106 പേർ വിധവാ പെൻഷനും 7 പേർ വികലാംഗ പെൻഷനും 21 പേർ വാർധക്യകാല പെൻഷനും വാങ്ങുന്നുണ്ട്. 2 പേർക്ക് ക്ഷയരോഗ പെൻഷൻ ലഭിക്കുന്നുണ്ട്. പെൻഷൻ മാസം തോറും വിതരണം നടത്താത്തത് പാവപ്പെട്ടവർക്ക് വലിയ പ്രശ്നമായി നിലനിൽക്കുന്നു. കർഷക തൊഴിലാളി പെൻഷനും 50ലധികം ആൾക്കാർക്ക് ലഭിക്കുന്നുണ്ട്. പെൻഷൻ തുകകളെല്ലാം കാര്യമായി വർധിപ്പിക്കേണ്ടതുണ്ട്. പെൻഷൻ പദ്ധതികളെപ്പറ്റി അർഹരായവർക്ക് ബോധവൽക്കരണ ക്ലാസുകളുടെ അഭാവം ഈ രംഗത്ത് കാണുന്നു.

അംഗൻവാടികൾ

ഗ്രാമപഞ്ചായത്തിൽ 1993വരെ നിലവിലുണ്ടായിരുന്ന 3 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ, അംഗൻവാടികളുടെ പ്രവർത്തനം ആരംഭിച്ചതോടെ ഇല്ലാതായി. പയ്യന്നൂർ ശിശുക്ഷേമ വിക

സന പ്രോജക്ടിന് കീഴിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 22 അംഗൻവാടികൾ, ആയിരം ജനസംഖ്യക്ക് ഒന്ന എന്ന തോതിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്നു. മാതൃശിശുക്ഷേമ പ്രവർത്തനരംഗങ്ങളിൽ കാര്യമായ പ്രവർത്തനം അംഗൻവാടികൾ വഴി നടപ്പിലാക്കണമെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് മതിയായ സൗകര്യങ്ങൾകൂടി ആവശ്യമാണ്. അംഗൻവാടികൾക്കൊന്നിനും സ്വന്തമായി കെട്ടിടങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. തീരെ അപര്യാപ്തമായ വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളോടെയാമ് ഇവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 25 രൂപ എന്ന മാസ വാടക നാമമാത്രമാണ്. പൊതുജനങ്ങളുടെ പ്രത്യേകിച്ചും മഹിളകളുടെ സജീവ പങ്കാളിത്തം എല്ലാ അംഗൻവാടികളുടെ പ്രവർത്തനത്തിലും കാണുന്നു. അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങളിൽ മഹിളകളെ കൂടുതൽ സജീവമാക്കുന്നതിന് അംഗൻ വാടികൾ സഹായകരമാണ്.

അനാഥാലയങ്ങൾ

പഞ്ചായത്തിൽ രണ്ട് അനാഥാലയങ്ങൾ പ്രവർത്തിക്കുന്നു മാട്ടുൽ സെൻട്രലിൽ 1945 മുതൽ പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ ഓർഫനേജിൽ 103 കുട്ടികൾ അന്തേവാസികളാണ്. നാമമാത്രമായ സർക്കാർ ഗ്രാന്റ് മാത്രമേ ഈ അനാഥാലയത്തിന് ലഭിക്കുന്നുള്ളു. 1986 മുതൽ മാട്ടുൽ നോർത്തിൽ മാട്ടുൽ യതീംഖാന പ്രവർത്തിക്കുന്നു. ഈ അനാഥാലയത്തിൽ 95 കുട്ടികൾ അന്തേവാസികളായുണ്ട്.

പ്രശ്നങ്ങൾ

1. അംഗൻവാടികൾക്ക് കെട്ടിടം ഫർണിച്ചറുകൾ, കളിക്കോപ്പുകൾ എന്നീ സൗകര്യങ്ങളില്ല.

2. അനാഥാലയങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ സർക്കാരിൽ നിന്നും ലഭിക്കുന്നില്ല.

3. പെൻഷൻ പദ്ധതികൾ മുഴുവനായും പൊതുജനങ്ങൾ അറിയുന്നില്ല. അവശ ജനവിഭാഗങ്ങൾക്ക് മുഴുവൻ പെൻഷനുകൾ അനുവദിക്കേണ്ടതുണ്ട്.

4. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനാ പ്രവർത്തനം വളരെ മോശമായാണ് കാണുന്നത്.

5. അവശ ജനവിഭാഗങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

6. അംഗൻവാടികളിലെ പോഷകാഹാര വിതരണം നന്നായി നടക്കുന്നില്ല.

നിർദേശങ്ങൾ

1. IRDP ആനുകൂല്യം അർഹരായ മുഴുവൻ കുടുംബാംഗങ്ങൾക്കും അനുവദിക്കുക, ആനുകൂല്യം ലഭ്യമാകുമ്പോൾ ആയതിന് തന്നെ ഉപയോഗിക്കുന്നുവെന്നതും ഉറപ്പു വരുത്തണം. അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.

2. ട്രൈസം പരിശീലനം ലഭിച്ചവർക്ക് മുഴുവനായും സ്വയം തൊഴിൽ സഹായം ലഭ്യമാക്കുക. മറ്റ് തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചവർക്ക് മുൻഗണന നൽകുക.

3. DWCRA യൂണിറ്റംഗങ്ങളുടെ എണ്ണം 5 ആക്കി കുറക്കുക. മതിയായ സാമ്പത്തിക സഹായങ്ങൾ ഗ്രാന്റായി അനുവദിക്കുക.

4. ഗ്രാമീണ കരകൗശല തൊഴിലുകാർക്ക് മുഴുവനായും പണിയായുധങ്ങൾ വിതരണം ചെയ്യുക.

5. CRSP ഇരുകുഴി കക്കൂസ് മുഴുവൻ അർഹരായവർക്കും അനുവദിക്കുക. നിർമാണ സംഖ്യ 2000 രൂപയെന്നത് വർധിപ്പിക്കുക.

6. അംഗൻവാടിക്ക് കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, കളിസ്ഥലം, കളിക്കോപ്പുകൾ എന്നിവ വിതരണം ചെയ്യുക.

7. പഞ്ചായത്തിന്റെ സഹായത്തോടെ അനാഥാലയങ്ങൾ അനുവദിക്കുകയും ജാതി-മത ഭേദമന്യേ കുട്ടികളെ അധിവസിപ്പിക്കുകയും ചെയ്യുക.

8. പെൻഷൻ തുകകൾ വർധിപ്പിക്കുക. സന്നദ്ധ സംഘടനാ പ്രവർത്തകർ പെൻഷൻ പദ്ധതികൾ, മറ്റ് ക്ഷേമപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുകയും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

9. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഒറ്റപ്പെട്ടു കഴിയുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കോളനി സ്ഥാപിക്കുകയും ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.

10. വൈദ്യുതിയില്ലാത്ത പാവപ്പെട്ടവരുടെ വീടുകൾക്ക് മിനിമം വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള സഹായങ്ങൾ നൽകുക.

11. ശിശുക്കളുടെ ആരോഗ്യപ്രശ്നം പരിഗണിച്ച് സർക്കാർ ആശുപത്രിയോടനുബന്ധിച്ച് കുട്ടികളുടെ പ്രത്യേക വാർഡും ആവശ്യമായ മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക.

14. പഞ്ചായത്ത് തലത്തിൽ അഗതിമന്ദിരം സ്ഥാപിക്കുകയും പാവപ്പെട്ട വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്യുക. സ്ഥാപനം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുക.

15. മാട്ടൂൽ ഗ്രാമപഞ്ചായത്ത് ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുക. സാധാരണക്കാരുടെ ഉപഭോക്തൃ പ്രശ്നങ്ങൾക്ക് തീർപ്പ് കൽപ്പിക്കാൻ സഹായിക്കുക.

16. പുകയില്ലാത്ത അടുപ്പിന്റെ പ്രചാരവും ഗ്രാമീണ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനായി അനർട്ടിന്റെ കേന്ദ്രം സ്ഥാപിക്കുക. സന്നദ്ധ സംഘടനകൾക്ക് ആയതിനുള്ള പരിശീലനം നൽകുക.

പൊതുവിതരണ കേന്ദ്രങ്ങൾ

പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം മാട്ടൂൽ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 8 പൊതുവിതരണ കേന്ദ്രങ്ങൾ, മൂന്ന് കൺസ്യൂമർ സ്റ്റോറുകൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ആഴ്ചയിൽ ഒരു ദിവസം മൊബൈൽ മാവേലി സ്റ്റോറും പ്രവർത്തക്കുന്നുണ്ട്. ഇതിന്റെ നടത്തിപ്പിൽ വേണ്ടത്ര കാര്യക്ഷമതയില്ല. പഞ്ചായത്തിന്റെ മധ്യഭാഗത്തായി പ്രവർത്തിക്കുന്ന പ്രസ്തുത കേന്ദ്രത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ ജനങ്ങൽക്കും പ്രയോജനം ലഭിക്കുന്നതിനുമായി ഒരു മാവേലി സ്റ്റോർ സ്ഥിരമായി ആരംഭിക്കേണ്ടതുണ്ട്. കൂടുതൽ സഹകരണ മാവേലി സ്റ്റോറുകളും പൊതുവിതരണ കേന്ദ്രങ്ങളും പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കുകൂടി അനുവദിച്ചാൽ പൊതുവിതരണ നടത്തിപ്പിലെ അപാകതകൾ പരിഹരിക്കാനും വിലവർധനവ് ഒരു പരിധിവരെ പിടിച്ചു നിർത്താനും സാധിക്കുന്നതാണ്. ചാരായനിരോധനം പഞ്ചായത്തിൽ വിജയപ്രദമായിട്ടുണ്ടെങ്കിലും അങ്ങിങ്ങായി വ്യാജമദ്യവും കള്ളുഷാപ്പും പ്രവർത്തിക്കുന്നു. ആയത് നിയന്ത്രിക്കുന്നതിനായി മദ്യനിരോധനം സംബന്ധിച്ച അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

031

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി ലിസ റ്റിൽപ്പെട്ടവരായി പുലയൻ, മലയൻ, വണ്ണാൻ, പുള്ളുവൻ, എന്നീ സമുദായങ്ങളാണ് ഉള്ളത്. (പുള്ളുവൻ സമുദായത്തെക്കുറിച്ചുള്ള കേസ് സുപ്രിം കോടതിയിൽ നിലനിൽക്കുന്നതിനാൽ പുള്ളുവൻ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു.) മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർ OEC ലിസ്റ്റിൽ ഉൾപ്പെടുന്നു.

പുള്ളുവൻ:– മാട്ടൂൽ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളായ അരീക്കോട്നിന്നും ചെറുകുന്നിൽനിന്നും ഏകദേശം 150 വർഷങ്ങൾക്ക് മുമ്പ് ഇവിടെ കുടിയേറി പാർത്തവരാണ് ഈ വിഭാഗം. പുള്ളുവൻ സമുദായത്തിൽ 4 ഇല്ലങ്ങളുണ്ട്. കല്ല്യാട്ട് കരിയം, പാലാം കരിയം, ചേനി കരിയം കോണിൽകുടി (കോൽ കുടി എന്നും, കോട്ടി കുടി എന്നു വിളിക്കാറുണ്ട്) ഇവയാണ് പ്രമുഖ മായ ഇല്ലങ്ങൾ. ആയുർവ്വേദ ചികിത്സയാണ് ഈ വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിൽ. കൊയ്ത്തുകാരെ പ്രോത്സാഹിപ്പക്കുന്നതിനുവേണ്ടി വയലുകളിൽ പോയി പാട്ടുപാടിയിരുന്നു. അതിന് പാരിതോഷികമായി ഉടമസ്ഥർ കറ്റ നൽകി വന്നിരുന്നു.

ഒരേ ഇല്ലക്കാർ തമ്മിലുള്ള വിവാഹബന്ധം നിഷിദ്ധമായിരുന്നു. മാട്ടൂൽ പഞ്ചായത്തിൽ ആകെ പുള്ളുവൻ സമുദായത്തിൽപ്പെട്ട 9 കുടുംബങ്ങൾ വസിക്കുന്നു. മാട്ടൂൽ സൗത്തിൽ ഈ സമുദായക്കാർക്കായി ഒരു ശ്മശാനം ഉണ്ട്.

പുലയൻ:– പഞ്ചായത്തിലെ പട്ടിക ജാതിക്കാരിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾ പുലയൻ സമുദായക്കാരുടേതാണ്. ഈ സമുദായം ഈ ഗ്രാമത്തിൽതന്നെ ജനിച്ച് വളർന്നവരാണ്. പണ്ടു കാലത്ത് ഇവിടുത്തെ ഭൂരിപക്ഷ സമുദായമായ മുസ്ലിംങ്ങൾ കഴിച്ചാൽ ഏറ്റവും കൂടുതൽ ആൾക്കാർ പുലയൻ സമുദായത്തിൽ പെട്ടവരാണ്. ക്രിസ്തുമത ദേവാലയങ്ങൾ 1935–38 കാലഘട്ടങ്ങളിൽ സ്ഥാപിതമായതോടുകൂടി പുലയൻ സമു

ദായത്തിൽപെട്ട ധാരാളം ആൾക്കാർ ആ മത ത്തിൽ ചേർന്നു.

പുലയൻ സമുദായം പണ്ട് കാലത്ത് മറ്റു ഹിന്ദു സമുദായങ്ങളുടെ ഐത്താചരണത്തിന് വിധേയ രായിരുന്നു. അതിന്റെ പേരിലുണ്ടായിരുന്ന പീഢ നങ്ങളിൽനിന്ന് പലപ്പോഴും മുസ്ലിം സമുദായമാ യിരുന്നു അവരുടെ രക്ഷക്കെത്തിയിരുന്നത്.

പുലയരുടെ വീടിനെ 'ചാള' എന്നും പുലയ സ്ത്രീകളെ 'അടിയാറ്' എന്നുമാണ് പണ്ടുകാലത്ത് വിളിച്ചിരുന്നത്. പുലയരുടെ ഉൽഭവം ശ്രീപാർവ്വതി പരമേശ്വരൻ മാരിൽനിന്നാണെന്നാണ് ഐതിഹ്യം.

പുലയൻ ഓരോ ജന്മിമാരെ ചുറ്റിപ്പറ്റിയാണ് ജീവിച്ചുവന്നിരുന്നത്. സ്വന്തമായി വീടുകൾ ഉണ്ടാ യിരുന്നില്ല. ജന്മിമാരുടെ സ്ഥലങ്ങളിൽ അവർ തന്നെ സൗകര്യപ്പെടുത്തുന്ന ചാളകളിൽ താമ സിച്ച് അവരുടെ വയലുകളിൽ പണിയെടുത്ത് അവർ നൽകുന്ന കൂലി കൈപ്പറ്റി ജീവിച്ചു പോകു കയാണ് ചെയ്തിരുന്നത്.

ജന്മിമാരുടെ അനുവാദം കൂടാതെ മറ്റ് ജന്മിമാ രുടെ കൂടെപോലും ജോലിക്ക് പോകാൻ അനുവ ദിച്ചിരുന്നില്ല. ജന്മിമാർ അടമികളെ പോലെയാണ് ഇവരോട് പെരുമാറിയിരുന്നത്. ജന്മിമാരെ മുസ്ലിം സമുദായത്തിൽപ്പെട്ടവരാണെങ്കിൽ അവരെ 'കൊയില' എന്നും മറ്റു ഹിന്ദു സമുദായത്തിലെ ഉയർന്ന ജാതിയിൽപ്പെട്ടവരെ 'ഇളങ്ങീൽ' എന്നും തീയ്യ സമുദായത്തിൽപ്പെട്ടവരെ 'തണ്ടേടൻ' എന്നും വിളിച്ചിരുന്നു.

ഒരു കുട്ടി ജനിച്ച് കഴിഞ്ഞാൽ ആൺകുട്ടിയാ ണെങ്കിൽ 'അരങ്ങേറ്റ്' എന്ന സാമുദായ ചടങ്ങ് നടത്തിയിരുന്നു. 'അരങ്ങാറ്റ്' എന്ന ചടങ്ങ് തെയ്യം കെട്ടാനുള്ള പരിശീലിക്കലിന്റെ ഒരു ബാലപാഠം കൂടിയായിരുന്നു. 'അരങ്ങേറ്റ്' കഴിയുന്നതോടു കൂടി കുട്ടി അരപുലയനായി വയലിൽ അച്ഛനമ്മ മാരുടെ കൂടി ജോലിക്ക് പോകാൻ തുടങ്ങുക യായി.

പെൺകുട്ടി ഋതുമതിയാകുന്നതോടുകൂടി 'തെരട്ട് മംഗലം' എന്ന ചടങ്ങ് നടത്തിയിരുന്നു.

ആണ്ണുങ്ങൾ 'അരങ്ങാറ്റ്' എന്ന ചടങ്ങിനു ശേഷം 22 വയസ്സ് തികഞ്ഞാൽ മാത്രമേ കല്ല്യാണം നടത്തിയിരുന്നുള്ളൂ. സ്ത്രീകൾ 'തിരട് മംഗലം' കഴിഞ്ഞതിനുശേഷം വിവാഹിതരാകുമായിരുന്നു.

സ്ത്രീധനമായി ആൺവീട്ടുകാർ പെൺവീട്ടു കാർക്ക് 'കാണപണം' (സാധാരണയായി 9 രൂപ) 5 സേർ അരി, 250 അടക്ക, 22 കെട്ട് വെറ്റില 1/4 കുറ്റി വെളിച്ചെണ്ണ ഇവ നൽകണമായിരുന്നു. പുല യർക്ക് ഇല്ലങ്ങൾ (തറവാട്) ഉണ്ടായിരുന്നു.

ഉദാ:- വെള്ളകുടിയൻ, അരങ്ങളേൻ, തച്ചൻ, മാടൻ, തല്ലിരിയൻ എന്നിവ ഒരേ ഇല്ലത്തിൽപ്പെട്ട വർ തമ്മിലുള്ള കല്ല്യാണം നിഷിദ്ധമായിരുന്നു.

പുലയരുടെ കുലദൈവം ധർമ്മദൈവവും പൊട്ടൻ ദൈവവുമായിരുന്നു. ഇത് കൂടാതെ ഒന്നൂറ് നാല്പത് (39 എണ്ണം) ദൈവങ്ങളെ കൊട്ടിയാടിച്ച് ആരാധിച്ചു വന്നിരുന്നു.

മലയൻ:- മാട്ടൂലിലെ മലയൻ സമുദായക്കാർ അയൽപ്രദേശമായ ചെറുകുന്നിൽനിന്നും വന്ന വരാണ്. കേളുപണിക്കരുടെയും കണ്ണൻ പെരുമ ലയന്റെയും കുടുംബാംഗങ്ങൾ ഏകദേശം 80 വർഷങ്ങൾക്കുമുമ്പ് ക്ഷേത്ര സംബന്ധമായ കർമ്മ ങ്ങൾ നടത്തുന്നതിനുവേണ്ടി ക്ഷണിക്കപ്പെട്ട് മാട്ടൂൽ ദേശത്ത് കുടിയേറി പാർത്തതാണ്.

മലയൻ സമുദായക്കാർ പറയിപെറ്റ് പന്തിരകു ലത്തിൽപ്പെട്ടവരല്ല. ശ്രീപരമശിവന്റെ 'കണ്ണേറ് ദോഷം' തീർക്കാനായി മന്ത്രമഹാഋഷിയാണ് മല യന് ജന്മംനൽകിയത് എന്നാണ് ഐതിഹ്യം. മല യരുടെ കുലദൈവം പൊട്ടൻ ദൈവവും വിഷ്ണു മൂർത്തിയുമാണ്.

ഈ സമുദായത്തിന്റെ കുലതൊഴിൽ തെയ്യം തിറകെട്ടിൽ മന്ത്രവാദം, കണ്ണേറ് ദോഷം, തീർക്കൽ (പിണിഒഴിക്കൽ), ഗോതാമൂരി പാട്ട് (നാട്ടിനും വീട്ടിനും ഐശ്വര്യത്തിനുവേണ്ടി) മലയ സമുദാ യക്കാരെകൊണ്ടുമാത്രം ചെയ്യിക്കുന്ന കർമ്മ, മയൻകെട്ട് (സ്ത്രീകളുടെ ഗർഭരക്ഷക്കായി നട ത്തുന്ന ചടങ്ങ്) മതലായവയും ഈ വിഭാഗത്തിന്റെ കുലതൊഴിലാണ്. മലയൻ സ്ത്രീകൾ പ്രസവശു ശ്രൂഷ നടത്തിവന്നിരുന്നു.

മലയൻ സമുദായക്കാർ കെട്ടിയാടുന്ന പ്രധാന തെയ്യക്കോലങ്ങൾ വിഷ്ണമൂർത്തി, ചാമുണ്ഡി, പൊട്ടൻദൈവം, ഗുളികൻ, ഉച്ചിട്ട, ഭൈരവൻ, കുട്ടി ച്ചാത്തൻ കണ്ടകർണ്ണൻ വസൂരിമല മുതലായവ യാണ്.

ഈ സമുദായകാർക്ക് ഒൻപത് ഇല്ലങ്ങളാണ് ഉള്ളത്. ഉദാ: കല്ല്യാട്ട് ഇല്ലം, കോട്ടുകുടി ഇല്ലം, പാലാങ്കീരി ഇല്ലം, വെളുപ്പാങ്കീരി ഇല്ലം മുതലായ വയാണ്. ഇല്ലങ്ങൾ കണക്കാക്കുന്നത്. അതുകൊ ണ്ടാണ് പണ്ടും ഇന്നും ഒരേ ഇല്ലക്കാർ തമ്മിൽ കല്യാണം നടത്താത്തത്.

കുട്ടികൾ ജനിച്ച ഉടനെ കലശമാടൽ (ഇളനീർ വെള്ളത്തിൽ സ്വർണ്ണം മുക്കി തെളിക്കുക) എന്ന കർമ്മം നടത്തിയിരുന്നു. അഞ്ചാംവയസ്സിൽ അരി യിൽ എഴുതുന്നു. വീട്ടിൽവച്ച് തന്നെയാണ് സാമു ദായികമായ ചടങ്ങുകളും അനുഷ്ഠാനങ്ങളും കുട്ടി കളെ പഠിപ്പച്ചിരുന്നത്.

കല്യാണചടങ്ങ്: പെണ്ണുകാണാൻ ചെല്ലു മ്പോൾ പെണ്ണിന് സാമുദായിക അനുഷ്ഠാനങ്ങൾ വശമുണ്ടോയെന്ന് നിർബന്ധമായും നോക്കിയി രുന്നു. കല്ല്യാണദിവസം പെണ്ണിന്റെ വീട്ടുകാർക്ക് 'അർദ്ധക്കാണം' കൊടുക്കൽ (പെണ്ണിന്റെ അച്ഛന് 13 1/4 രൂപ കൊടുക്കൽ) അമ്മപുടവകൊടുക്കൽ (പെണ്ണിന്റെ അമ്മക്ക് പുടവകൊടുക്കൽ) കിണ്ടി യിലിടൽ (വരന്റെ കാലിൽ വെള്ളം ഒഴിച്ച് കൊടു ക്കുന്ന കിണ്ടിയിൽ നിശ്ചിതപണം നിക്ഷേപിക്കൽ) മുതലായ ചടങ്ങുകൾ നടന്നിരുന്നു.

ഈ സമുദായത്തിന് പ്രത്യേകിച്ച് ശ്മശാന മില്ല. ഏത് സമുദായത്തിന്റെ നാട്ടുനടപ്പ് കാര്യ മാണോ പ്രധാനമായും നടത്തുന്നത് ആ സമുദാ യക്കാരാണ് മലയസമുദായത്തിന് ശ്മശാനം നൽകിവരുന്നത്. മാട്ടൂലിൽ തീയ്യ സമുദായക്കാ രുടെ ശ്മശാനത്തിന്റെ ഒരു ഭാഗം ഇവർക്ക് വേണ്ടി അനുവദിച്ചിരിക്കുന്നു.

ഈ സമുദായത്തിന് പ്രത്യേക ക്ഷേത്രം ഒന്നും തന്നെ ഇല്ല. വിദ്യാഭ്യാസമായും സാമ്പത്തികമായും സാമൂഹികമായും സമുദായം പുരോഗതി നേടി യിട്ടുണ്ട്.

വണ്ണാൻ സമുദായം:- വണ്ണാൻ സമുദായം അയൽപ്രദേശമായ മാടായിയിൽനിന്ന് മാട്ടൂലി ലേക്ക് വന്നവരാണ്. ഇന്നുള്ള വണ്ണാൻസമുദായ ത്തിൽപ്പെട്ടവരും പുറംനാടുകളിൽനിന്ന് വന്നുതാ മസിക്കുന്നവരാണ്. കുലത്തൊഴിൽ പുരുഷ ന്മാർക്ക് തെയ്യം കെട്ടും സ്ത്രീകൾക്ക് അലക്കു ജോലിയും തിയ്യസമുദായം മുതൽ മേൽപോട്ടുള്ള ജാതിക്കാർക്ക് മാത്രമേ ഈ സേവനം ചെയ്തിരു ന്നുള്ളൂ. ഉപതൊഴിലായി വൈദ്യവും തുന്നൽപ്പ ണിയുമാണ് പണ്ടുമുതൽ ചെയ്തുപോന്നത് ഗന്ധർവ്വൻപാട്ട്. കുടുന്തിരിപ്പാട്ട് മുതലായവ രണ്ടാ ചാരങ്ങൾ പണ്ടുകാലത്തുണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇല്ല. ഈ സമുദായക്കാർ ഉയർന്ന സമു ദായക്കാരുടെ ക്ഷേത്രങ്ങളിൽ തെയ്യം കെട്ടാറു ണ്ടെങ്കിലും അയിത്തജാതിക്കാരായിട്ടാണ് പരിഗ ണിക്കപ്പെട്ടത്. തുച്ഛമായ നിശ്ചിത കൂലിയേ പണ്ടുകാലത്തുണ്ടായിരുന്നുള്ളൂ. വണ്ണാൻ സമു ദായക്കാർ പ്രധാനമായും ഒന്നൂറ് നാൽപത്. അതാ യത് 39 തെയ്യക്കോലങ്ങളാമ് കെട്ടിയാടാറുണ്ടായി രുന്നത്. പ്രധാനപ്പെട്ട പുതിയ ഭഗവതി, വയനാട്ട് കുലവൻ, വലിയതമ്പുരാട്ടി, കതിവന്നൂർ വീരൻ (മന്തപ്പൻ), വീരൻ വീരാളി, മുച്ചിലോട്ട് ഭഗവതി സമുദായക്കാർ കെട്ടാറുണ്ടായിരുന്നില്ല. നല്ല തൃപ്തികരമായ തെയ്യങ്ങൾ കെട്ടിയാടുന്ന വണ്ണാൻമാർക്ക് ക്ഷേത്രഭാരവാഹികൾ നാടുവാഴി തമ്പുരാൻമാരെക്കൊണ്ട് പട്ടും വളയും കൊടു പ്പിച്ച് നൽകുന്ന സ്ഥാനപ്പേരാണ് 'പെരുവണ്ണാൻ' ഈ സ്ഥാനപ്പേരിന് പ്രാദേശികമായ മറ്റു പേരു കളും (ഉദാ:- മണക്കാടൻ, നേണിക്കം, കരുണ മൂർത്തി) ഉണ്ടായിരുന്നു.

വിണ്ണാൻ സമുദായക്കാർ 8 ഇല്ലക്കാരാണ്.

1. തളിയിൽ ഇല്ലം 2. നെല്ലിയോടൻ ഇല്ലം 3. കണ്ടൻചിറ ഇല്ലം 4. മമ്പുറൻ ഇല്ലം. 5. മുലങ്ങാടൻ 6. ആറാംകോടൻ 7. അടുക്കാടൻ 8. മണക്കാടൻ ഇല്ലം.

പണ്ട് കാലത്ത് ഇല്ലത്തിൽനിന്ന് കല്ല്യാണം കഴിക്കാറില്ലായിരുന്നു. ഒരു ഇല്ലക്കാർ ഒരു കുടും ബത്തിൽപ്പെട്ടവരായാണ് കണക്കാക്കിപ്പോന്നത്.

പണ്ടൊക്കെ ഓരോ പ്രദേശത്തും ഒന്നോ രണ്ടോ വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ഈ സമുദായത്തിന് സാമൂഹ്യബലമോ സംഘടനാ ബലമോ ഉണ്ടായിരുന്നില്ല.

വണ്ണാൻ സമുദായത്തിന്റെ കുലദൈവം ശ്രീമു ത്തപ്പൻ ആണ്. ഈ സമുദായത്തിന് പ്രത്യേക ക്ഷേത്രങ്ങൾ ഇല്ല. എന്നാൽ ചില തറവാടുകളിൽ ശ്രീമുത്തപ്പന്റെ പൊടിക്കളം എന്ന സ്ഥാനമുണ്ടാ യിരുന്നു. സമുദായത്തിന്റെ കുലത്തൊഴിലിന് പറ യത്തക്ക മാറ്റമൊന്നും വന്നിട്ടില്ല.

മാട്ടൂൽ സൗത്തിലുള്ള തിയ്യ സമുദായക്കാരുടെ ശ്മശാനത്തിന്റെ ഒരു ചെറിയ ഭാഗം വണ്ണാൻ സമുദായക്കാർ ശ്മശാനമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇപ്പോൾ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ വണ്ണാൻ സമുദായക്കാരുടെ തെക്കുമ്പാട്1, മടക്കര1, മാട്ടൂൽ 9) കുടുംബങ്ങൾ ഉണ്ട്.

ഇന്ന്

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 162 (ലഭ്യമായകണക്ക് അനുസരിച്ച്) പട്ടികജാതി കുടുംബങ്ങളാണ് ഇന്നുള്ളത്. വാർഡ് തിരിച്ചുള്ള വിഭജനം താഴെ പറയും പ്രകാരമാണ്.

വാർഡ്	കുടുംബങ്ങൾ
1	22
2	02
3.	01
4.	ഇല്ല
5.	2
6.	1
7.	8
8.	15
9	22
10	45
11	44
ആകെ	162

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ അയൽ പഞ്ചായത്തുകളായ മാടായി ചെറുകുന്ന്, അഴീക്കോട്, മുതലായ പഞ്ചായത്തുകളിലെ പട്ടികജാതി കുടുംബങ്ങളെ അപേക്ഷിച്ച് സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പുറകിലാണ്. ഈ പഞ്ചായത്തിലെ വിരലിലെണ്ണാവുന്ന പട്ടികജാതി യുവതി യുവാക്കൾക്ക് മാത്രമേ സർക്കാർ അർദ്ധസർക്കാർ പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലിയുള്ളു.

നിരക്ഷരർ ധാരാളമുണ്ട്. വിദ്യാഭ്യാസം നേടിയവരിൽ ഭൂരിഭാഗവും ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ താഴെ ഉള്ളവരാണ്. കോളജ് വിദ്യാഭ്യാസം സിദ്ധിച്ച വളരെചുരുക്കം പേരിൽ തന്നെ യാതൊരു ജോലിയും ഇല്ലാത്തവരുണ്ട്. യു.പി. ലെവൽ മുതൽ ഉയർന്ന വിദ്യാഭ്യാസമുള്ള യുവതി യുവാക്കളിൽ ഭൂരിപക്ഷത്തിനും യാതൊരു സ്ഥിരംതൊഴിലുമില്ല.

പട്ടിജാതി കുടുംബങ്ങളിൽ അപൂർവമായെങ്കിലും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരുണ്ട്. സ്വന്തമായി വീടും സ്ഥലവും ഉള്ള കുടുംബങ്ങളിൽ തന്നെ 95%വും 10 സെന്റിന് താഴെ ഭൂമിയുള്ളവരാണ്. അവരിൽ അധികം പേരും കുടുംബമായി തമാസിച്ചുവരുന്നവരാണ്.

സാമ്പത്തികമായ പിന്നോക്കാവസ്ഥ സമൂഹത്തിന്റ മുഖ്യധാരയിലേക്ക് വരുന്നതിനും പട്ടികജാതി സമുദായങ്ങളെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ് കുടുംബത്തിന്റെ സാമ്പത്തികമായ അടിത്തറയില്ലായ്മ ധാരാളം കുട്ടികളെ ഇടയ്ക്കുവെച്ച് വിദ്യാഭ്യാസം നിർത്താൻ പ്രേരിതരാക്കുന്നു.

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അവ നൽകുക, പട്ടികജാതി കോളനികളിലും പട്ടികജാതി കുടുംബങ്ങൾ കൂട്ടായി താമസിക്കുന്ന സ്ഥലങ്ങളിലും അടിസ്ഥാന ജീവിത സൗകര്യങ്ങളായ കുടിവെള്ളം, വെളിച്ചം, ഗതാഗത സൗകര്യങ്ങൾ എന്നിവ നൽക്കുക, പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിന് തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമായ പരിശീലനങ്ങൾ നൽകി അതിനുവേണ്ട സാമ്പത്തിക സഹായങ്ങൾ അനുവദിക്കുക തുടങ്ങിയ പരിപാടികൾക്ക് ഊന്നൽ നൽകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിക്കപ്പെടേണ്ടത്.

കൈവശമൂഭിക്ക് പട്ടയം ലഭിക്കാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾ പട്ടയം അനുവദിക്കുന്നതിനുവേണ്ട നടപടികളും അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത്തല ഭവനരഹിതരായ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കു ന്നതിന് ഭൂമിയും ധനസഹായവും നൽകുക.

2. പട്ടികജാതി /പട്ടികവർഗ്ഗ വൈദ്യുതീകരി ക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കു ന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

3. കക്കൂസ്, കിണർ എന്നിവ നിർമ്മിച്ച് നൽകുക.

4. വീട് റിപ്പയറിംഗിന് ആവശ്യമായ സാമ്പ ത്തിക സഹായം നൽകുക.

5. ആറ് വീടുകളിൽ കൂടുതലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങളേയും കൂട്ടി ചേർത്തുകൊണ്ട് സെറ്റിൽമെന്റ് കോളനിയായി അംഗീകരിക്കുക.

6. ഹരിജൻ ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

7. പട്ടയം നൽകാത്ത ശ്മശാനത്തിന് പട്ടയം നൽകുക.

8. എട്ടാം വാർഡിലെ പട്ടികജാതി കോളനി യിൽ ഒരു പൊതുകിണർ സ്ഥാപിക്കുക.

9. ഒന്നാം വാർഡിൽ നിലവിലുള്ള പൈപ്പ് ലൈൻ പട്ടികജാതി/പട്ടികവർഗ്ഗക്കാർ താമസി ക്കുന്ന ചിറാകോട്ട് പ്രദേശങ്ങളിലേക്ക് നീട്ടുക.

10. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ആവശ്യ മായ ഒരു സ്ഥാപനം സ്ഥാപിക്കുക.

11. നിലവിലുള്ള ശുദ്ധജല പദ്ധതിയിൽനിന്നും 5-ാം വാർഡിലെ മുഴുവൻ വീടുകൾക്കും ശുദ്ധ ജലം കിട്ടാനുള്ള നടപടി സ്വീകരിക്കുക.

12. ശ്മശാനത്തിന് ശവപ്പെട്ടി സൂക്ഷിക്കുന്നതി നുള്ള ഒരു കെട്ടിടം അനുവധിക്കുക.

13. ആട്, കോഴി, പശു മുതലായവ വളർത്തു ന്നതിനുവേണ്ടി സാമ്പത്തിക സഹായം അനുവദി ക്കുക.

14. 60 വയസ്സ് പൂർത്തിയായ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾക്കും പെൻഷൻ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

15. എല്ലാപട്ടികജാതി/വർഗ്ഗ കോളനികളിലും സ്ട്രച്ചറുകളും വീൽ ചെയറും അനുവദിക്കുക.

16. അംബേദ്കർ കമ്മ്യൂണിറ്റിഹാളിലേക്ക് ആവ ശ്യമായ ഫർണീച്ചറുകളും ഒരു ടോക്കൺ ടെലി ഫോണും അനുവദിക്കുക.

17. എല്ലാ പട്ടികജാതി/വർഗ്ഗങ്ങൾക്കും ക്ഷേമ നിധിയും ഗ്രൂപ്പ് ഇൻഷൂറൻസും ഏർപ്പെടുത്തുക

18. 11-ാം വാർഡിൽ ഒരു കമ്യൂണിറ്റി ഹാൾ അനുവദിക്കുക.

19. നിലവിലുണ്ടായിരുന്ന ഹരിജൻ തറയെ കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി യഥാസ്ഥാനത്ത് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

വിഭവസമാഹരണം



മാട്ടൂൽ പഞ്ചായത്ത് ഒരു സെക്കന്റ് ഗ്രേഡ് പഞ്ചായത്താണ്. വൻകിട വ്യവസായ സ്ഥാപനങ്ങളോ സിനിമാ തിയേറ്ററുകളോ ഒന്നുംതന്നെ നിലവിലില്ലാത്ത ഒരു ഗ്രാമം. പഞ്ചായത്തിലെ പ്രധാന വരുമാനം കൃഷിയെ ആശ്രയിച്ചുള്ളതാണ്. ഈ പ്രദേശത്തിലെ വയലേലകളിൽ ഭൂരിഭാഗവും ഒരുപ്പൂകൃഷിയുള്ളവയാണ് അപൂർവം ചിലയിടങ്ങളിൽ ഇരുപ്പൂകൃഷിയും നടത്തിവരുന്നു. നെല്ലിന്റെ ഉല്പാദനവും അതിന് വേണ്ടിവരുന്ന കൂലിയും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ കൃഷി നഷ്ടത്തിലാണെന്ന കാരണത്താൽ അധികം കർഷകരും നെൽകൃഷി ചെയ്യാൻ മടിക്കുന്നു. അടുത്ത പ്രധാന വിള തെങ്ങാണ്. അശാസ്ത്രീയമായി തെങ്ങുകൾ വെച്ച് പിടിപ്പിക്കുന്നതുകാരണം ആദായം തെങ്ങിന്റെ എണ്ണവുമായി തുലനം ചെയ്യുമ്പോൾ തുലോം കുറവാണ്. അസംസ്കൃത പദാർത്ഥമായ ചകിരി ഉപയോഗിച്ചുള്ള വ്യവസായത്തിന് സാദ്ധ്യതകളുള്ള ഒരു പ്രദേശമാണ് മാട്ടൂൽ. എങ്കിലും ഈ വ്യവസായവും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിടനികുതിയാണ്. സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽനിന്നും കച്ചവടക്കാരിൽനിന്നും നാമമാത്രമായ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ലഭിക്കുന്നു. സിനിമാ ടാക്കീസുകളോ പൊതുപ്രദർശനശാലകളോ ഒന്നും ഇല്ലാത്തതിനാൽ വിനോദനികുതിയും പ്രദർശന നികുതിയും ഈ പഞ്ചായത്തിലില്ല. ആയം വ്യയവുമായി നോക്കുമ്പോൾ പഞ്ചായത്ത് പലപ്പോഴും കമ്മിയിലാണ്.

വരവ് 1991-92 മുതൽ 1995-96വരെ

	91-92	92-93	93-94	94-95	95-96
1. കെട്ടിടനികുതി	1,87520	2,00,636	2,13,316	3,07,990	2,31,558
2. തൊഴിൽ നികുതി	46,850	54,395	59,946	81,861	87,385
3. D&O ലൈസൻസ് ഫീസ്	7,345	8,090	7,452	7,907	7,316
4. കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ്	26,877	29,178	39,369	36,685	35,215
5. കടവ് ലേലം	43,645	43,249	33,752	56,556	58,055
6. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	18,940				
7. ഷോപ്പിംഗ് കോംപ്ലക്സ് ലേലം			1,800	2,380	6,000
8. അൺഎയ്ഡഡ് ഫണ്ട്	2,21,000	2,35,600	2,37,000	31,90,000	3,73,414
9. ജെ.ആർ.വൈ. ഫണ്ട്	4,94,910	92,418	3,18,115	2,12,885	3,09,623
10. മറ്റു ഗ്രാന്റുകൾ	2,93.572	4,137	4,07,608	2,08,096	2,40,720
11. മറ്റു വരവുകൾ	21,742	72,721	25555	18,866	16,431

ചെലവ് 1991-92 മുതൽ 1995-96 വരെ

	91-92	92-93	93-94	94-95	95-96
1. ഭരണചെലവ്	2,85,190	2,62,652	3,23,016	3,68,910	3,47,641
2. പൊതുമരാമത്ത് അറ്റകുറ്റപ്പണികൾ അടക്കം	3,23,561	5,94,147	4,56,764	3,57,525	10,05,460
3. തെരുവ് വിളക്ക് സ്ഥാപിക്കലും കറണ്ട് ചാർജ്ജും	23,862	23,862	1,70,927	80,857	43,723
					3,23,260
4. J.R.Y	4,42,428	1,42,941	3,93,649	1,73,032	40,437
5. വിദ്യാഭ്യാസം	7,916	27,579	24,928	22,527	5,993
6. സാമൂഹ്യക്ഷേമം	6,587	4,057	4,438	20,739	15,754
മറ്റു ചെലവുകൾ	20,614	38,407	18,121	1,096	

പട്ടികയിൽ നിന്നും കെട്ടിടനികുതി തൊഴിൽ നികുതി എന്നീയിനങ്ങളിൽ വരുമാനം വർദ്ധിച്ചിട്ടുണ്ടെങ്കിലും മറ്റ് ഇനങ്ങളിൽ വരുമാന വർദ്ധനവ് കഴിഞ്ഞ അഞ്ചുകൊല്ലം കൊണ്ട് ഇല്ലെന്നും കാണാം. ഭരണചെലവ് വർദ്ധിച്ചിട്ടുണ്ട്. എങ്കിലും സാദ്ധ്യതയ്ക്കനുസരിച്ച് എല്ലാ മേഖലകളിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് കാണാം.

പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെയുള്ള വരുമാനത്തിൽ മുഖ്യപങ്കും പൊതുമരാമത്ത് ജോലികൾക്കാണ് ചെലവഴിക്കുന്നത്. എന്നാൽ ഗ്രാന്റിനത്തിൽ കാര്യമായ വർദ്ധനവില്ല. വരവിനങ്ങളും ചെലവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ പഞ്ചായത്തിന്റെ സ്ഥിതി മെച്ചപ്പെടണമെങ്കിൽ വരുമാന സാദ്ധ്യതകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. കെട്ടിടനികുതി നിശ്ചയിച്ചുവരുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിച്ച് കെട്ടിടനികുതി സമ്പ്രദായം ശാസ്ത്രീയമായി (ആഢംബരവും വിലകൂടുതലുള്ള വസ്തുക്കളുടെ ഉപയോഗവും മാനദണ്ഡമാക്കി) പരിഷ്ക്കരിക്കേണ്ടതുണ്ട്.

2. ഇപ്പോൾ പഞ്ചായത്തിനുള്ളിൽ ജോലിചെയ്യുന്ന മാസശമ്പളക്കാരിൽനിന്നും കച്ചവടക്കാരിൽനിന്നും മാത്രമേ തൊഴിൽ നികുതി പിരിക്കുന്നുള്ളൂ. ഇതരമേഖലകളിൽ ജോലി ചെയ്യുന്നവർക്കും വാഹന ഉടമകൾക്കും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

3. ഈ പഞ്ചായത്തിൽ ഇൻഡസ്ട്രിയിൽ എസ്റ്റേറ്റുകൾ ഒന്നും തന്നെയില്ല.

4. വിനോദശാലകളൊന്നും നിലവിലില്ല.

5. വസ്തുകൈമാറ്റത്തിൽ സ്റ്റാബ് ഡ്യൂട്ടിയിൽ നടക്കുന്ന അഴിമതി.

6. പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം

7. പൂഴി വാരുന്നതിനുള്ള നിയന്ത്രണം.

നിർദേശങ്ങൾ

1. പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴകളിൽ കുറ്റിവലകൾ കെട്ടി മത്സ്യബന്ധനം നടത്തുന്നതിന് ലേലം ചെയ്തുകൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2. പഞ്ചായത്ത് അതൃത്തിയിലുള്ള പുഴകളിൽനിന്നും കക്കവാരുന്നതിനും ഇത്തൾ (ഉച്ചൂളി) സംഭരിക്കുന്നതിനും ലൈസൻസ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാം.

3. പഞ്ചായത്ത് അതിർത്തിയിലുള്ള പുഴകളിൽനിന്നും പൂഴിവാരുന്നത് ലേലം ചെയ്തുകൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4. പ്രധാനകേന്ദ്രങ്ങളിൽ ടാക്സിസ്റ്റാന്റുകൾ നിർമ്മിച്ച് ലേലം ചെയ്ത് നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5. പഞ്ചായത്തിനുളളിൽ നിന്നും ശേഖരിക്കുന്ന ഉണക്ക മത്സ്യങ്ങളും മത്സ്യവളങ്ങളും കയറ്റികൊണ്ടുപോകുന്നതിന് കടത്തുനികുതിയും ലൈസൻസും ഏർപ്പെടുത്തുക.

6. പഞ്ചായത്തിന്റെ സൗത്ത് കടൽത്തീരം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വളർത്തി വിശ്രമവിനോദകേന്ദ്രങ്ങൾ സ്ഥാപിക്കുക.

7. പഞ്ചായത്ത് അധീനതയിലുള്ള പുഴ പുറംപോക്കുകളിൽ തെങ്ങും മറ്റ് ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക.

8. ക്രയവിക്രയ വിലയുടെ അടിസ്ഥാനത്തിൽതന്നെ ഭൂരജിസ്ട്രേഷൻ നടക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ജനകീയ സംവിധാനങ്ങൾ ഏർപ്പെടുത്തി സ്റ്റാബ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടഞ്ഞ് പഞ്ചായത്തിന് ലഭിക്കാവുന്ന വിഹിതം വർദ്ധിപ്പിക്കുക.

9. ഇന്ദിരാവികാസ് പത്ര സമാഹരണങ്ങളിൽ സാദ്ധ്യമായത്ര പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിന് ലഭിക്കാവുന്ന വിഹിതം വർദ്ധിപ്പിക്കുക.

10. ആഴ്ചചന്തകളും ഉത്സവചന്തകളും എക്സിബിഷനുകളും നടത്തി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഉപസംഹാരം

കണ്ണൂർ ജില്ലയിൽ ഏറ്റവും ജനസാന്ദ്രതയുള്ള പഞ്ചായത്തുകളിലൊന്നാണ് മാട്ടൂൽ. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ തുച്ഛമായി ലഭിക്കുന്ന കെട്ടിനികുതിയും തൊഴിൽ നികുതിയുമാണ് പ്രധാന വരുമാനങ്ങൾ. സാമ്പത്തിക പരാധീനതകളെ മറികടന്ന് ജനങ്ങൾക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഭരണസമിതികൾ നടപ്പിലാക്കിയിട്ടുള്ളതും ഇപ്പോഴുള്ള ഭരണസമിതി വിഭാവനം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. പൊതുജന പങ്കാളിത്തത്തോടുകൂടി നിർമ്മിച്ച ഗവ. ആയുർവേദ ആശുപത്രി, മാട്ടൂൽ സൗത്തിൽ നിർമിച്ചുവരുന്ന ഹോമിയോ ആശുപത്രിയുടെയും ശിശുവിഹാറിന്റെയും നിർമ്മാണം എന്നിവയും ഒന്നാംവാർഡായ മടക്കരയിലും രണ്ടാംവാർഡായ തെക്കുംമ്പാടും ഗ്രാമീണ റോഡുകളും നടപ്പാതകളും നിർമിച്ചതും ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

മുൻ ഭരണസമിതി തുടങ്ങിവച്ച വികസന പദ്ധതികളുമായും ജനഹിതമായ പുതിയ പദ്ധതികൾ നടപ്പിലാക്കുമെന്ന് ദൃഢപ്രതിജ്ഞയെടുത്തും 1995 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ ദൈവത്തിന്റെ നാമധേയത്തിൽ സത്യപ്രതിജ്ഞ ചെയ്ത് ഭരണം ഏറ്റെടുത്ത സമിതി വികസനത്തിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. 1995-96 സാമ്പത്തിക വർഷത്തിൽ തന്നെ മാട്ടൂൽ പഞ്ചായത്തിൽ 55 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാൻ ഈ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി മാട്ടൂൽ നോർത്തിൽ സ്ഥാപിച്ച ജലസംഭരണിയിൽ നിന്നും 1996 ജൂൺ മാസത്തിൽ തന്നെ ജനങ്ങൾക്ക് ശുദ്ധജലവിതരണം നടത്താനും കഴിഞ്ഞുവെന്നത് അഭിമാനത്തിന് വക നൽകുന്നതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഈ സമിതി നേതൃത്വം കൊടുത്തുവരുന്നു.

വികസനത്തിന് ഒരു ഉപസംഹാരമില്ല. വികസന തുടർന്നുകൊണ്ടേയിരിക്കും. ഈ ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ട് തയാറാക്കുന്നതിൽ സഹായിച്ച ഉദ്യോഗസ്ഥർ, ഡി.ആർ.പി മാർ, പൊതുപ്രവർത്തകർ, നാട്ടുകാർ, പ്രായംചെന്ന കാരണവൻമാർ പഞ്ചായത്തിലെ ഉദ്യോഗസ്ഥർ എന്നിവരെ ഈ അവസരത്തിൽ വീണ്ടും ഓർക്കുന്നു. ഈ നാടിന്റെ നാനാമുഖമായ വികസന പ്രവർത്തനത്തിൽ എന്നുമെന്നും പങ്കാളികളാകാൻ ഓരോരുത്തരെയും ക്ഷണിക്കുന്നതോടൊപ്പം ഇതിന്റെ പ്രകാശനത്തിനുവേണ്ടി സഹകരിച്ച ഓരോരുത്തർക്കും വിശിഷ്യ തിരക്കിനിടയിലും അച്ചടി പൂർത്തീകരിച്ചു തന്ന രാഷ്ട്രദീപിക പ്രസ്, കണ്ണൂർ, ക്രസന്റ് പ്രിന്റേഴ്സ് കണ്ണൂർ, ജയൻസ് സ്ക്രീൻ പ്രിന്റ് വെങ്ങര എന്നിവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് നിറുത്തട്ടെ.

സസ്നേഹം

(ഒപ്പ്)

പി.പി.കെ. മുഹമ്മദ്,

പ്രസിഡന്റ്, മാട്ടൂൽ ഗ്രാമപഞ്ചായത്ത്.


കണ്ണൂർ ജില്ല
കാസറഗോഡ്
കർണാടക
മാഹി
അറബിക്കടൽ
വയനാട്
കോഴിക്കോട്



1996 നവംബർ 16ാം തീയതി ചേർന്ന മാട്ടൂൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ
114/96 തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്.